بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാല്യം 5

ലക്കം 41

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 ഒക്ടോബർ 08/ഹി.ശം. 1399 അഖാഅ് 08/1442 സ്വഫർ 20


## അല്ലാഹുവിന്റെ വചനം

يٰۤاَيُّهَا الَّذِيۡنَ اٰمَنُوۡا
خُذُوۡا حِذۡرَكُمۡ
فَانۡفِرُوۡا ثُبَاتٍ
اَوِ انۡفِرُوۡا جَمِيۡعًا○

'വിശ്വസിച്ചവരേ! നിങ്ങളുടെ (രക്ഷയ്ക്കുവേണ്ടി എപ്പോഴും) മുൻകരുതലുകൾ എടുത്തു കൊള്ളുക. എന്നിട്ട് (ആവശ്യം നേരിടുമ്പോൾ)വിവിധ സംഘങ്ങളായോ എല്ലാവരും ഒത്തുചേർന്നോ (ശത്രുക്കെതിരിൽ സമരത്തിന്) പുറപ്പെടുക.'(4:72)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

### നബി(സ)തിരുമേനി ളുഹ്റിലും അസ്വ്റിലുമുള്ള ഖിർഅത്തിലും ചിലപ്പോൾ ഏതെങ്കിലും ആയത്ത് ഞങ്ങളെ കേൾപ്പിച്ചിരുന്നു.

☼ ഹദ്റത്ത് അബൂ മഅ്മർ(റ) നിവേദനം. ഞാൻ ഹദ്റത്ത് ഖബ്ബാബ് ബിൻ അർത്തിനോടു ചോദിച്ചു: നബി(സ)തിരുമേനി ളുഹ്ർ, അസ്വ്ർ നമസ്കാരങ്ങളിൽ വിശുദ്ധ ഖുർആൻ പാരായാണം ചെയ്യാറുണ്ടായിരുന്നുവോ? ഉണ്ടായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ഹുദൂർ(സ) ഓതാറുണ്ടായിരുന്നുവെന്ന് താങ്കൾക്കെങ്ങനെയാണ് മനസ്സിലായത്? അദ്ദേഹം പറഞ്ഞു, നബി(സ)തിരുമേനിയുടെ അനുഗൃഹീത താടി ഇളകുന്നതിൽനിന്ന്. (സ്വഹീഹ് ബുഖാരി, ബാബു അൽഖിർഅത്തി ഫിള്ളുഹ്രി, ഉർദു തർജമ, വാല്യം 1 പേജ് 335, ഹദീഥ്നമ്പർ 721)

☼ അബൂഖത്താദ(റ) നിവേദനം. നബി(സ)തിരുമേനി ളുഹ്ർ, അസ്വ്ർ ന്റെ രണ്ടു റക്അത്തുകളിൽ സൂറ ഫാത്തിഹയും മറ്റേതെങ്കിലും സൂറത്തും ഓതാറുണ്ടായിരുന്നു. ചിലപ്പോൾ ഞങ്ങളേയും ഏതെങ്കിലും ആയത്ത് കേൾപിക്കുമായിരുന്നു.(Ibid പേജ് 336 ഹദീഥ് നമ്പർ 772)

☼ ഹദ്റത്ത് ബറാഅ്(റ) നിവേദനം. നബി(സ) തിരുമേനി ഇശാ നമസ്കാരത്തിൽ വത്തീനി വ സയ്ത്തൂൻ ഓതി. നബിയെക്കാൾ നന്നായിട്ടു അല്ലെങ്കിൽ സ്വരമാധുര്യത്തോടെ ഒരാളും ഓതുന്നത് ഞാൻ കേട്ടിട്ടില്ല. (ബുഖാരി, കിതാബുൽ അദാൻ ഹദീഥ് 766)

☼ ഹദ്റത്ത്ജാബിർബിൻസംറയിൽനിന്ന്നിവേദനം. ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് സഅ്ദ് (ബിൻ അബീ വഖ്വാസിനോടു)പറഞ്ഞു: 'താങ്കളുടെ ഓരോ കാര്യത്തിലും ആളുകൾ പരാതിപ്പെടുന്നു, നമസ്കാരത്തിൽപോലും.' ഹദ്റത്ത് സഅ്ദ്(റ)പറഞ്ഞു: 'അല്ലാഹുവാണ! നബി(സ)തിരുമേനി നമസ്കരിച്ചിരുന്ന അതേ രൂപത്തിൽ തന്നെയാണ് ഞാൻ അവരുടെ മുമ്പിൽ ഇമാമായി നിന്നുകൊണ്ട് നമസ്കരിക്കാറുള്ളത്. അതിൽ ഒരു കുറവും ഞാൻ വരുത്താറില്ല. ഞാൻ ഇശാ നമസ്കരിക്കുമ്പോൾ ആദ്യത്തെ രണ്ടു റക്അത്ത് കുറെ ദീർഘിപ്പിക്കും. അവസാനത്തെ രണ്ടു റക്അത്ത് അല്പം ചുരുക്കുകയും ചെയ്യും.' അന്നേരം ഖലീഫ ഉമർ(റ) പറഞ്ഞു: 'അബൂ ഇസ്ഹാഖേ! നിങ്ങളെക്കുറിച്ച് ഞങ്ങൾക്കുള്ള പ്രതീക്ഷയും ഇതുതന്നെയാണ്.'(സ്വഹീഹ് ബുഖാരി, കിതാബുൽ അദാൻ ഹദീഥ് 752)

## ഈ ലക്കത്തിൽ


ഖുത്വ്ബ ജുമുഅ 2020 സെപ്റ്റംബർ 4 (സമ്പൂർണ തർജമ)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

പര്യടന റിപ്പോർട്ട് ഹുദൂർ അയ്യദഹുല്ലാഹ്


**സ്വഭാവങ്ങൾ പരിഷ്കരിക്കുക. അതിലൂടെ അല്ലാഹുവിന്റെ കരുണയുണ്ടാകുന്നു. മാനുഷികമായ ശീലങ്ങൾ സഭ്യമായതാക്കുക. കോപം പാടില്ല. തൽസ്ഥാനത്ത് വിനയവും എളിമയും കൊണ്ടുവരിക. ദുആയോടും തൗബയോടുംകൂടി പണിയെടുക്കുക. അല്ലാഹു തന്റെ കൃപയോടും കാരുണ്യത്തോടുംകൂടി നിങ്ങളോടു പെരുമാറാൻ ദാനധർമങ്ങൾ കൊടുത്തുകൊണ്ടിരിക്കുക.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

സർക്കാറിന്റെ നിയമങ്ങളെ ലംഘിക്കുക എന്നത് എന്റെ അഭിപ്രായത്തിൽ രാജ്യദ്രോഹമാണ്;അതു ഭയാനകമായ കുറ്റകൃത്യമാണ്. സൽസ്വഭാവിയും ധർമനിഷ്ഠനും നാട്ടിലെ സമ്പ്രദായങ്ങളും വഴക്കങ്ങളും മതപരമായ കാര്യങ്ങളും അറിയുന്നവരുമായ ഓഫീസർമാരെ നിയമിക്കുക എന്നത് സർക്കാറിന്റെ നിർബന്ധ കടമയാണ്. സ്വയം നിയമങ്ങൾ പാലിക്കുകയും തന്റെ സുഹൃത്തുക്കൾക്കും അയൽവാസികൾക്കും നിയമങ്ങൾ പാലിക്കുന്നതിന്റെ നേട്ടങ്ങൾ പറഞ്ഞുകൊടുക്കുകയും ചെയ്യുക. ഞാൻ ആവർത്തിച്ച് പറയുകയാണ്, ദുആകൾ ചെയ്യേണ്ട സമയമാണിത്. ഈ മഹാമാരി(പ്ലേഗ്)പഞ്ചാബിലേക്ക് തിരിഞ്ഞിരിക്കുന്നതായി മനസ്സിലാകുന്നു. അതുകൊണ്ട് ഓരോരുത്തരും ജാഗരൂകരായി ദുആ ചെയ്യുക;തൗബ ചെയ്യുക. ശിക്ഷ തലയ്ക്കുമേൽ വന്നുപതിച്ചാൽ പിന്നെ ശിക്ഷയിൽനിന്ന് വിടുതൽ നല്കാൻ തൗബയ്ക്ക് കഴിയുകയില്ല. വിശുദ്ധ ഖുർആനിന്റെ ആശയമതാണ്.

അതുകൊണ്ട് ദൈവശിക്ഷ വന്ന് തൗബയുടെ കവാടം അടയ്ക്കുന്നതിനുമുമ്പേ തൗബ ചെയ്യുക. ഭൗതികനിയമങ്ങളെ വല്ലാതെ ഭയപ്പെടുമ്പോൾ അല്ലാഹുവിന്റെ നിയമത്തെ ഭയപ്പെടാതിരിക്കാൻ എന്തു കാരണമാണുള്ളത്. നാശം തലയ്ക്കുമേൽ പതിച്ചാൽപ്പിന്നെ അത് രുചിക്കേണ്ടതായിത്തന്നെ വരും. ഓരോരുത്തരം തഹജ്ജുദിൽ എഴുന്നേല്ക്കാൻ ശ്രമിക്കുക. അഞ്ചുനേര നമസ്കാരങ്ങളിലും ഖുനൂത്ത് ഉൾപ്പെടുത്തുക. അല്ലാഹുവിനെ വെറുപ്പിക്കുന്ന എല്ലാ കാര്യങ്ങളിൽനിന്നും തൗബ ചെയ്യുക. തൗബകൊണ്ടുള്ള ഉദ്ദേശ്യം എല്ലാ ദുഷ്കർമങ്ങളും ദൈവത്തിന് അനിഷ്ടകരമായ കാര്യങ്ങളും വിട്ട് സത്യമായൊരു മാറ്റമുണ്ടാക്കുകയും മുന്നോട്ടു ചുവടു വെക്കുകയും തഖ്വാ കൈക്കൊള്ളുകയും ചെയ്യുക എന്നതാണ്. സ്വഭാവങ്ങൾ പരിഷ്കരിക്കുക. അതിലൂടെ അല്ലാഹുവിന്റെ കരുണയുണ്ടാകുന്നു. മാനുഷികമായ ശീലങ്ങൾ സഭ്യമായതാക്കുക. കോപം പാടില്ല. തൽസ്ഥാനത്ത് വിനയവും എളിമയും കൊണ്ടുവരിക. സ്വഭാവം നല്ലതായിരിക്കുന്നതോടൊപ്പം കഴിവനുസരിച്ച് ദാനധർമങ്ങൾ കോടുക്കുകയും ചെയ്യുക. **യുത്വ്യിമൂനത്ത്വആമ അലാ ഹുബ്ബിഹീ മിസ്കീനൻ വ്വ യത്തീമൻ വ്വ അസീറാ**(76:9) അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി അഗതികൾക്കും അനാഥർക്കും തടവുകാർക്കും ആഹാരം നല്കുകയും അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി മാത്രമാണ് കൊടുക്കുന്നതെന്നും ഭയാനകമായ നാളിനെ ഭയക്കുന്നുവെന്നും പറയുകയും ചെയ്യുക. ദുആയോടും തൗബയോടുംകൂടി പണിയെടുക്കുക. അല്ലാഹു നിങ്ങളോടു തന്റെ കൃപയോടും കാരുണ്യത്തോടുംകൂടി പെരുമാറാൻ ദാനധർമങ്ങൾ കൊടുത്തുകൊണ്ടിരിക്കുക.**(മൽഫൂദാത്ത് വാല്യം 1, പേജ് 192, ഖാദിയാൻ 2018)**

## അല്ലാഹുവിന്റെ എല്ലാ നബിമാരേയും വിശ്വസിക്കുന്നവനാണ് മുസ്ലിം

**ഞാൻ മുസ്ലിമീങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്, ജാഗരൂകരാകുകയും അശ്രദ്ധയോടെ മസീഹ് മൗഊദിന്റെ വാദത്തെ കാണാതിരിക്കുകയും ചെയ്യുക, അതുമുഖേന ഇസ്ലിമനെപ്പോലുള്ള വിലപിടിച്ച വസ്തു കൈയിൽനിന്ന് പൊയ്പ്പോകുമോ എന്ന് ആശങ്കയുണ്ട്.**

قُوۡلُوۡۤا اٰمَنَّا بِاللّٰهِ وَمَاۤ اُنۡزِلَ اِلَيۡنَا وَمَاۤ اُنۡزِلَ اِلٰٓى اِبۡرٰهٖمَ وَاِسۡمٰعِيۡلَ وَاِسۡحٰقَ وَيَعۡقُوۡبَ وَالۡاَسۡبَاطِ وَمَاۤ اُوۡتِىَ مُوۡسٰى وَعِيۡسٰى وَمَاۤ اُوۡتِىَ النَّبِيُّوۡنَ مِنۡ رَّبِّهِمۡۚ لَا نُفَرِّقُ بَيۡنَ اَحَدٍ مِّنۡهُمۡ وَنَحۡنُ لَهٗ مُسۡلِمُوۡنَ

(2:137) ഈ ആയത്തിന്റെ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്വ്ലിഹ് മൗഊദ്(റ)പറയുന്നു: അല്ലാഹുവിന്റെ സകല നബിമാരിലും വിശ്വസിക്കുകയും നുബുവ്വത്തിന്റെ യഥാർഥ തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ അവർക്കിടയിൽ വ്യത്യാസം കല്പിക്കാതിരിക്കുകയും അറിയുന്ന നബിമാരുടെ നുബുവവ്വത്തിന്റെ പേരെടുത്തു പറഞ്ഞു പ്രതിജ്ഞ ചെയ്തും അറിയാത്ത നബിമാരുടെ നുബുവ്വത്തിൽ മൊത്തത്തിൽ വിശ്വസിക്കുകയും ചെയ്യുക. അതായത് എല്ലാ ജനതയിലും അല്ലാഹുവിന്റെ ഏതെങ്കിലുമൊക്കെ നബി തീർച്ചയായും വന്നിട്ടുണ്ടെന്നും അവരെല്ലാം സത്യവാന്മാരായിരുന്നുവെന്നും അവർ സമർപിച്ച അധ്യാപനങ്ങൾ അല്ലാഹുവിൽനിന്നുളളതായിരുന്നുവെന്നും വിശ്വസിക്കുക. ആരാണോ തന്റെ കാലഘട്ടത്തിലേയോ അതിനുമുമ്പേയുള്ള കാലഘട്ടത്തിലേയോ നബിമാരുടെ നുബുവ്വത്തിനെ അംഗീകരിക്കുന്നതും ഒരു നബിയേയും നിഷേധിക്കാതിരിക്കുകയും ചെയ്യുന്നത് അവൻ മുസ്ലിമാണ്. കാരണം എല്ലാ നബിമാരുടേയും നുബുവ്വത്തിനെ അംഗീകരിപ്പിച്ചതിനുശേഷമാണ് നഹ്നു ലഹൂ മുസ്ലിമൂൻ എന്ന് 'ഞങ്ങൾ അവരെ പിൻപറ്റുന്നവരാണ്' എന്ന വാക്യം അല്ലാഹു പറഞ്ഞിട്ടുള്ളത്. ഇതിൽനിന്ന് മനസ്സിലാകുന്നത് ഈ സമ്മതത്തിനുശേഷമേ മനുഷ്യൻ മുസ്ലിമാകൂവെന്നാണ്. ലോകത്തുവന്ന സകല നബിമാരുടേയും സത്യത്തെ അവർ സ്വീകരിക്കുന്നുവെന്നത് ഇസ്ലാമിന്റെ മാത്രം പ്രത്യേകതയാണ്. എല്ലാ മതാനുയായികളും അവരവരുടെ മതത്തിലെ നബിമാരുടെ സത്യമാണ് വിശ്വസിപ്പിക്കുന്നത്. മറ്റു ജനതകളിലെ നബിമാരുടെ സത്യം വിശ്വസിപ്പിക്കുന്നതിലേക്ക് ഒരു ശ്രദ്ധയും കൊടുക്കുന്നില്ല. ഇസ്ലാം എല്ലാ നബിമാരുടേയും സത്യത്തെ അംഗീകരിക്കുന്നു; അവർ ബനീഇസ്റാഈലിൽവന്നവരാകട്ടെ, ഇന്ത്യയിലോ ഇറാനിലോ നിയോഗിതരായവരാകട്ടെ അല്ലെങ്കിൽ മറ്റേതെങ്കിലും രാജ്യങ്ങളിൽ എഴുന്നേല്പിക്കപ്പെട്ടവരാകട്ടെ. എന്നാൽ, ഇതുകൊണ്ട് വിശദമായ ഈമാനല്ല പ്രത്യുത പരിമിതമായ ഈമാനാണ് ഉദ്ദേശ്യം. വിശദമായ ഈമാനാണ് ഉദ്ദേശ്യമായിരുന്നതെങ്കിൽ വമാ ഊത്തിയന്നബി

(ശേഷം പേജ് 12ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

لَا إِلٰهَ إِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

മുമ്പിൽവരാൻ എതിരാളികളെല്ലാവരേയും നാം വിളിച്ചു.

**ഇന്നസ്സുമൂമ ലശർറു മാഫിൽ ആലമി – ശർറസ്സുമൂമി അദാവത്തുസ്സുലഹാഇ**

## സുർമ ചശ്മയെ ആര്യ എന്ന ഗ്രന്ഥത്തിന് ഖണ്ഡനമെഴുതുന്നവർക്ക് 500 രൂപ ഇനാം

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) സുർമ ചശ്മയെ ആര്യാ എന്ന തന്റെ ഗ്രന്ഥത്തിലെ 321 –ാം പേജിൽ, ഈ ഗ്രന്ഥത്തെ ഖണ്ഡിക്കുന്നവർക്ക് 500 രൂപ പാരിതോഷികം പ്രഖ്യാപിച്ചുകൊണ്ട് വിജ്ഞാപനം പ്രസിദ്ധീകരിച്ചു. അദ്ദേഹം പറഞ്ഞു: "ഈ ഗ്രന്ഥം അതായത് സുർമ ചശ്മയെ ആര്യാ ഹോശിയാർപൂരിലെ ഡ്രോയിംഗ് മാസ്റ്ററായ ലാല മുരളീധരുമായുള്ള സംവാദത്തിലെ വേദങ്ങളുടെ നിരർഥമായ വിശ്വാസങ്ങളെ പൊളിച്ചടുക്കുന്നതാണ്. ഒരു ആര്യമതക്കാരനും ഇതിനെ ഖണ്ഡിക്കാൻ സാധിക്കുകയില്ലെന്ന വാദത്തോടും ദൃഢഗാഢമായ വിശ്വാസത്തോടുംകൂടിയാണ് ഇത് എഴുതപ്പെട്ടിട്ടുള്ളത്. കാരണം സത്യത്തിന്നെതിരിൽ കളവിന്റേതായതൊന്നും വിലപ്പോകുകയില്ല. ഏതെങ്കിലും ആര്യസമാജക്കാരൻ ഈ ഗ്രന്ഥത്തിൽ ഖണ്ഡിച്ചിരിക്കുന്ന വേദങ്ങളുടെ എല്ലാ അടിസ്ഥാനപരമായ നിയമങ്ങളേയും വിശ്വാസങ്ങളേയും സത്യമായി മനസ്സിലാക്കുന്നെങ്കിൽ ഇപ്പോഴും വേദങ്ങളേയും അതിലെ നിയമങ്ങളേയും ഈശ്വരകൃതമെന്ന് വിചാരിക്കുന്നെങ്കിൽ ആ ഈശ്വരനെക്കൊണ്ടു സത്യം അയാൾ ഈ ഗ്രന്ഥത്തിന് ഖണ്ഡനമെഴുതി കാണിക്കുകയും 500 രൂപ ഇനാം കരസ്ഥമാക്കുകയും ചെയ്യേണ്ടതാണ്. സാക്ഷ്യപ്പെടുത്തിയതിനുശേഷം ഈ 500 രൂപ പാതിരിയോ ബ്രഹ്മസമാജക്കാരനോ ആയ ഏതെങ്കിലും മധ്യസ്ഥനെ ഏല്പിക്കുന്നതായിരിക്കും. മുൻശീ ജീവൻദാസ് സാഹിബ് സെക്രട്ടറി ആര്യസമാജ് ലാഹോർ, –അദ്ദേഹം ആ ചുറ്റുവട്ടത്തുള്ള പ്രദേശങ്ങളിലെ സാഹിബുമാരെ അപേക്ഷിച്ച് സൽസ്വഭാവിയും ആദരണീയനും മാന്യനുമാണ്–ഖണ്ഡനമെഴുതിക്കഴിഞ്ഞതിനുശേഷം മുസ്ലിം ഉലമായും ആര്യമതക്കാരും ആദരണീയരായ ക്രിസ്ത്യാനികളും മറ്റുമടങ്ങുന്ന പൊതുവേദിയിൽ തന്റെ സുഹൃത്തുക്കളോടൊപ്പം പങ്കെടുക്കേണ്ടതാണ്. എന്നിട്ട് എഴുന്നേറ്റുനിന്ന് സുർമ ചശ്മയെ ആര്യായിലെ എല്ലാ ആക്ഷേപങ്ങളും താൻ ആദ്യംമുതൽ അവസാനംവരെ സൂക്ഷ്മതയോടെ വായിച്ചുവെന്നും പൂർണമായും മനസ്സിലാക്കിയെന്നും ഇതിലെ ആക്ഷേപങ്ങളെല്ലാം ഖണ്ഡിക്കപ്പെട്ടിട്ടുണ്ടെന്ന് തന്റെ മനസ്സ് പൂർണമായ വിശ്വാസത്തോടെ സ്വീകരിക്കുന്നുവെന്നും ഇനി താൻ മനഃസാക്ഷിയോടും പൂർണമായ സത്യസന്ധതയോടുമല്ല ഇക്കാര്യം പറയുന്നതെങ്കിൽ അതിന്റെ ദുഷ്യവും നാശവും ഈ ലോകത്തു തന്നെ തന്റേയും തന്റെമക്കളുടേയുംമേൽ പതിയുമാറാകട്ടെ എന്ന് സത്യം ചെയ്ത് പറയുകയും ചെയ്യട്ടെ. ഇത്തരം സാക്ഷ്യം ചെയ്തതിനുശേഷം മുൻശീ സാഹിബിന്റെ സാക്ഷ്യം ഒന്നുകൊണ്ടു മാത്രം 500 രൂപ രൊക്കം ഇതിലെ തെളിവുകൾ ഖണ്ഡിക്കുന്ന ആൾക്ക് അതേ യോഗത്തിൽവച്ച് സമ്മാനമായി നല്കുന്നതായിരിക്കും. മുൻശീ സാഹിബ് ഒരു വർഷംവരെ അത്തരത്തിലുള്ള ദോഷബാധയിൽനിന്ന് സുരക്ഷിതനായിരുന്നാൽ അത് ആര്യസമാജക്കാർക്ക് നിസംശയം ഒരു ന്യായപൂർത്തിയായിരിക്കും; അതായത് പ്രസ്തുതവ്യക്തി തന്റെ ഹൃദയംഗമമായ സത്യസാക്ഷ്യത്താൽ തന്റെ ജ്ഞാനവും വിവേകവും ബുദ്ധിയും അനുസരിച്ച് സത്യം ചെയ്തിരുന്നുവെന്നതിൽ! *വസ്സലാമു അലാ മനിത്തബഅൽ ഹുദാ."*

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ വെല്ലുവിളി പരസ്യപ്പെടുത്തുകയും ഏതെങ്കിലും ആര്യ അല്ലെങ്കിൽ ഹിന്ദു ഇതിന് ഖണ്ഡനമെഴുതി കാണിക്കാൻ പറയുകയും ചെയ്തു. പക്ഷേ, ലാലമുരളീധർ സാഹിബായിരുന്നു ഏറ്റവുമാദ്യം ഈ വെല്ലുവിളിക്ക് മറുപടി പറയേണ്ടിയിരുന്നത്. കാരണം ആ സാഹിബുതന്നെയായിരുന്നു സംവാദത്തിന് താല്പര്യമെടുത്ത് സ്വയം നടന്ന് സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുത്തു വന്നത്. പക്ഷേ, പിന്നീട് സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ആക്ഷേപത്തിനുപോലും മറുപടി പറയാൻ കഴിയാത്ത അദ്ദേഹം എങ്ങനെയാണ് മുഴുവൻ ഗ്രന്ഥത്തിനും മറുപടി പറയുക. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ഗ്രന്ഥത്തിൽ പലവെല്ലുവിളികളും ലാലാസാഹിബിന് നല്കിയിട്ടുണ്ട്. അതിനെ നേരിടാൻ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. അടയാളം കാണിക്കാമെന്ന വാഗ്ദാനവും നല്കിയിരുന്നു. അങ്ങനെയെങ്കിലും ലാലസാഹിബ് സംതൃപ്തനായി വരാനും അദ്ദേഹത്തിന് ഇസ്‌ലാമിന്റെ സത്യസാക്ഷ്യം കാണിച്ചുകൊടുക്കാനും! പക്ഷേ, ലാല സാഹിബ് വെല്ലുവിളി സ്വീകരിച്ചില്ലെന്ന് മാത്രമല്ല അടയാളം കാണാൻ ഇഷ്ടപ്പെട്ടതുമില്ല. അപ്പോൾ ഏതൊരാളാണോ നിസാരവും ചെറുതുമായ വെല്ലുവിളി സ്വീകരിക്കാൻ തയ്യാറാകാത്തത് അയാൾ ഇത്രമാത്രം കനപ്പെട്ടതും ഗംഭീരവുമായ വെല്ലുവിളി സ്വീകരിക്കുന്നതെങ്ങനെ? യഥാർഥത്തിൽ ലാലസാഹിബിന്റെ ഉദ്ദേശ്യംതന്നെ സത്യം സ്വീകരിക്കുക എന്നതായിരുന്നില്ല. അദ്ദേഹം ഇസ്‌ലാമിനുമേൽ വെറും ആക്ഷേപം ഉന്നയിക്കാൻ വന്നതായിരുന്നു. ലാലസാഹിബോ മറ്റാരെങ്കിലുമോ സുർമചശ്മയെ ആര്യ എന്ന ഗ്രന്ഥത്തിന് മറുപടി എഴുതാൻ ധൈര്യം കാണിച്ചില്ല. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) 500 രൂപ ഇനാം പ്രഖ്യാപിച്ചുകൊണ്ട് ഖണ്ഡനമെഴുതുക എന്നു പറഞ്ഞ് നല്കിയ തെളിവുകൾ താഴെ രേഖപ്പെടുത്തുകയാണ്.

### ആര്യമതക്കാർ പ്രകൃതിനിയമത്തിന്റെ പേരുപോലും പറയരുത്:

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അല്ലയോ ആര്യസമാജക്കാരേ!ലോകം മുഴുവൻ പ്രകൃതി നിയമത്തെ വിശ്വസിക്കുന്നവരായിത്തീർന്നാലും നിങ്ങൾക്ക് വിശ്വസിക്കാൻ ഒരു വഴിയുമില്ല. കാരണം......നിങ്ങളുടെ പുനർജന്മസിദ്ധാന്തം ദൈവത്തിന്റെ പ്രകൃതിനിയമത്തിന് വിരുദ്ധമായാണ് വീണുകിടക്കുന്നത്. ഈ വിരുദ്ധത എങ്ങനെയുള്ളതാണെന്നാൽ ഒന്നിനെ വിശ്വസിക്കുമ്പോൾ മറ്റൊന്ന് നിലനില്ക്കുകയില്ല. കാരണം അല്ലാഹുവിന്റെ സർവശക്തിപരമായ നിയന്ത്രണം അംഗീകരിക്കുകയും അവൻ എല്ലാ വാനഗോളങ്ങളേയും താഴ്ന്ന തരത്തിലുള്ള ഖരപദാർഥങ്ങളേയും തന്റെ പരിപാലന ശക്തികൊണ്ട് സൃഷ്ടിച്ച് പ്രപഞ്ചത്തിന്റെ ഭാഗങ്ങൾക്ക് പരസ്പരബന്ധം പ്രദാനം ചെയ്തിരിക്കുകയും തന്റെ തികവുറ്റ ശക്തികൊണ്ടും തന്റെ പ്രത്യേകമായ തീരുമാനംകൊണ്ടും ഇച്ഛകൊണ്ടും പദാർഥവും പദാർഥമല്ലാത്തതുമായ എല്ലാ വസ്തുക്കളേയും ഒരു യുക്തിനിർഭരമായ ക്രമത്തിൽ കോർത്തിണക്കുകയും തന്റെ യുക്തിപരമായ ഉദ്ദേശ്യത്തോടു കൂടി ചേർത്തുവച്ചിരിക്കുന്നുവെന്നുവരുകയും ചെയ്യുമ്പോൾ ഇതു വിശ്വസിക്കുക എന്നതുതന്നെ–ഇതിന്റെ പേര് മറ്റുവാക്കുകളിൽ പ്രകൃതിനിയമം എന്നാണ്–നിങ്ങളുടെ പുനർജന്മ സിദ്ധാന്തത്തെ തകർക്കുന്നതാണ്. കാരണം നിങ്ങളുടെ പുനർജന്മസിദ്ധാന്തം നിലനിറുത്തിയിരിക്കുന്നതുതന്നെ നിലവിലുള്ള പ്രപഞ്ച ക്രമീകരണം പരമേശ്വരന്റെ തീരുമാനത്താലോ ശക്തിയാലോ അല്ലെന്നും അവന്റെ യുക്തി ദീക്ഷയോടും ഉദ്ദേശ്യത്തോടുമല്ലെന്നും പ്രത്യുത പാപികളുടെ പാപമാണ് ഈ വിവിധതരത്തിലുള്ള വസ്തുക്കൾ ഉണ്ടാക്കിയതെന്നിലുമാണ്. അതിൽ പരമേശ്വരന് തെല്ലും പങ്കില്ല.'(സുർമ ചശ്മയെ ആര്യ, റൂഹാനീ ഖസാഇൻ, വാല്യം 2, പേജ് 132–133)

### പുനർജന്മസിദ്ധാന്തംകൊണ്ട് അനുവദനീയവും അല്ലാത്തതിലും തകരാറുകൾ:

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: പുനർജന്മ സിദ്ധാന്തം ശരിയാണെങ്കിൽ അപ്പോൾ അതിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും വ്യക്തിയുടെ മാതാവോ മകളോ നേരെ സഹോദരിയോ പിതാമഹിയോ അല്ലെങ്കിൽ മാതാമഹിയോ മരിച്ചതിനുശേഷം ഏതെങ്കിലും സ്ത്രീയുടെ രൂപത്തിൽ ജന്മംകൊണ്ട് വീണ്ടും പ്രസ്തുത വ്യക്തിയുടെ ഭാര്യയായി വരുന്നതായിരിക്കും. അപ്പോൾ അന്ധകാരത്തിന്റേയും മര്യാദയില്ലായ്മയുടേയും സ്ഥലമായ ഈ ലോകത്ത്, നീ വിവാഹം കഴിക്കാൻപോകുന്നത് നിന്റെ മാതാവിനേയോ നിന്റെ മകളേയോ നിന്റെ നേരെസഹോദരിയായോ നിന്റെ പിതാമഹിയേയോ അല്ലെങ്കിൽ നിന്റെ മാതാമഹിയേയോയാണെന്ന് അയാൾക്ക് പറഞ്ഞുകൊടുക്കാൻ ആരാണുള്ളത്? നിങ്ങൾ ചിന്തിക്കേണ്ടതാണ്. പുനർജന്മ സിദ്ധാന്തം നിങ്ങളുടെ പരമേശ്വരന്റെ അഭിമാനത്തിൽമാത്രമല്ല കൈവെച്ചത് പ്രത്യുത ഇത്തരത്തിലുള്ള ദൂഷ്യങ്ങളും അതിലുണ്ട്.'(Ibid പേജ് 137)

### കൂട്ടി യോജിപ്പിക്കുകയും വേർപെടുത്തുകയും ചെയ്യുന്നത് സൃഷ്ടിക്കുന്നതിനെ അപേക്ഷിച്ച് ഒരു പാഴ്‌വേലയാണ്.

ദൈവം ആത്മാക്കളുടേയും ശരീരങ്ങളുടേയും സ്രഷ്ടാവല്ലെന്നതാണ് ആര്യമതക്കാരുടെ വിശ്വസം. ദൈവം ആത്മാക്കളേയും ശരീരങ്ങളേയും തമ്മിൽ കൂട്ടിയോജിപ്പിക്കുക മാത്രമാണ് ചെയ്യുന്നത്. ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:'സൃഷ്ടിക്കുന്നതാണോ കൂട്ടിയോജിപ്പിക്കുന്നതാണോ ഭാരിച്ച ജോലി എന്ന് ഞാൻ നിങ്ങളോടു ചോദിക്കുകയാണ്. സൃഷ്ടിക്കുന്നതുതന്നെയാണ് ഭാരിച്ചജോലി എന്നത് പ്രകടമാണ്. അതിനാൽ സകല ആത്മാക്കളും ബീജങ്ങളും എല്ലാ പ്രത്യേകതകളോടും അത്ഭുതങ്ങളോടുംകൂടി ആരും സൃഷ്ടിക്കാതെ പണ്ടുമുതലേ സ്വയംഭൂവാണെന്ന കാര്യം നിങ്ങളുടെ വിസ്മയകരമായ ബുദ്ധി അംഗീകരക്കുന്നുവെങ്കിൽ നിങ്ങൾ ചിലവസ്തുക്കളെ മറ്റു ചില വസ്തുക്കളുമായി സ്വയം കൂട്ടിച്ചേർക്കുന്നതും അംഗീകരിക്കേണ്ടത് നിങ്ങൾക്ക് നിർബന്ധമായിത്തീരുന്നു. എന്തുകൊണ്ടെന്നാൽ, കൂട്ടിയോജിപ്പിക്കുകയും വേർപ്പെടുത്തുകയും ചെയ്യുക എന്നത് യഥാർഥമായ ഒരു വസ്തു ഉണ്ടാക്കുന്നതിനെ അപേക്ഷിച്ച് ഒരു പാഴ്‌വേലയാണ്; അതിനാൽ അത് ആദ്യത്തേതായ കാരണത്താൽ സ്വയമേവ ഉണ്ടാകേണ്ടതാണ്. (Ibid പേജ് 204)

### ഉത്തമവും ഉന്നതവുമായ ജോലി സ്വയംഭൂവും ചെറുതും നിസാരവുമായ ജോലി പരമേശ്വരന്റെ കൈയാലും!

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ആത്മാക്കളിൽ എത്രത്തോളം പ്രത്യേകങ്ങളായ അത്ഭുതങ്ങളും അസാധാരണങ്ങളും നിറഞ്ഞിരിക്കുന്നുവോ അതു കേവലം കൂട്ടിയോജിപ്പിക്കുന്ന

(ശേഷം പേജ് 9ൽ)

## ഖുത്ബ ജുമുഅ

# ത്വൽഹയും സുബയ്റും സ്വർഗത്തിൽ എന്റെ അയൽവാസികളായിരിക്കും

## ഹദ്റത്ത് സുബയ്ർ ദീനിന്റെ സ്തംഭങ്ങളിൽ ഒരു സ്തംഭമാകുന്നു.(ഹദ്റത്ത് ഉമർ)

**വഹ്യ് എഴുത്തുകാരനും നബി(സ)തിരുമേനിയുടെ ഹവാരിയും ഉന്നതസ്ഥാനീയനായ ബദ്രി സ്വഹാബിയുമായ ഹദ്റത്ത് സുബയ്ർ ബിൻ അവ്വാമിന്റെ സവിശേഷ ഗുണങ്ങളുടെ ചർച്ച**

ഗാംബിയയിലെ നാഇബ് അമീർ അൽഹാജ് ഇബ്റാഹീം മുബാഇ സാഹിബ്, അബ്ദുൽ ജലീൽ സാഹിബിന്റെ മകൻ കറാച്ചി നാഇബ് അമീർ ജനാബ് നഈം അഹ്മദ് ഖാൻ സാഹിബ്, മർഹൂം ടേക്കേദാർ വലി മുഹമ്മദ് സാഹിബിന്റെ ഭാര്യ ബുശ്റാ ബേഗം സാഹിബ (ജർമനി) എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.

**ഖുത്ബ ജുമുഅ 2020 സെപ്റ്റംബർ 04/1399 തബൂക് 04**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ - اَلْحَمْدُ لِلّٰهِ رَبِّ
الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ - اِهْدِنَا الصِّرَاطَ
الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:
*അല്ലദീനസ്തജാബൂ ലില്ലാഹി വർറസൂലി മിൻ ബഅ്ദി മാ അസ്വാബഹുമുൽ ഖർഹു ലില്ല ദീന അഹ്സനൂ മിൻഹും വത്തഖൗ അജ്റുൻ അളീം*(3:173)

തങ്ങൾക്ക് പരിക്കേറ്റശേഷം അല്ലാഹുവിന്റേയും ദൂതന്റേയും വിളിക്കുത്തരം നൽകിയവർ– അവരിൽ നിന്ന് സുകൃതം ചെയ്യുകയും സൂക്ഷ്മത പാലിക്കുകയും ചെയ്തവർക്ക് മഹത്തായ പ്രതിഫലമുണ്ട്.

സ്വഹാബാക്കളുടെ സ്മരണയാണ് നടന്നുവന്നിരുന്നത്. ഹദ്റത്ത് സുബയ്ർ(റ)ന്റെ സ്മരണ കുറച്ച് ബാക്കിയുണ്ടായിരുന്നു. അത് എനിക്ക് വിവരിക്കാനുണ്ട്. ഇന്ന് അതുതന്നെയാണ് വിവരിക്കുന്നത്.

ഞാൻ ഇപ്പോൾ പാരായണംചെയ്ത ആയത്തിനെ സംബന്ധിച്ച് വിവരിച്ചുകൊണ്ട് ഹദ്റത്ത് ആഇശ(റ) തന്റെ സഹോദരി പുത്രൻ ഉർവയോട് പറഞ്ഞു:'അല്ലയോ എന്റെ സഹോദരീ പുത്രാ, നിങ്ങളുടെ പിതാമഹന്മാരായ സുബയ്റും അബൂബക്കറും ഈ ആയത്തിൽ പരാമർശിക്കപ്പെട്ട സ്വഹാബാക്കളിൽ പെട്ടവരായിരുന്നു. ഉഹുദ് യുദ്ധത്തിൽ നബി(സ)തിരുമേനിയ്ക്ക് പരിക്കുപറ്റി. ബഹുദൈവവിശ്വാസികൾ തിരിച്ചുപോയപ്പോൾ നബി(സ)തിരുമേനിക്ക് അവരെങ്ങാനും തിരിച്ചടിക്കുമോ എന്ന ആശങ്ക തോന്നിയിരുന്നു. അതുകൊണ്ട് നബി(സ)തിരുമേനി പറഞ്ഞു: ആരൊക്കെയാണ് അവരെ പിന്തുടരുക? അപ്പോൾ തന്നെ 70 സ്വഹാബിമാർ അതിന് തയ്യാറായി. നിവേദകൻ പറയുന്നു: ഹദ്റത്ത് അബൂബക്കറും ഹദ്റത്ത് സുബയ്റും അവരിലുണ്ടായിരുന്നു. ഇത് സ്വഹീഹ് ബുഖാരിയിലെ നിവേദനമാണ്. അവർ രണ്ടുപേർക്കും അതായത് അബൂബക്കറിനും സുബയ്റിനും പരിക്കേറ്റിരുന്നു.'(സ്വഹീഹുൽ ബുഖാരി, കിതാബുൽമഗാസി, ഹദീഥ് 4077)

സ്വഹീഹ് മുസ്ലിമിലുള്ള നിവേദനത്തിൽ ഇങ്ങനെ വിവരിക്കുന്നു: ഹിശാം തന്റെ പിതാവിൽ നിന്ന് നിവേദനം. അദ്ദേഹം പറയുന്നു: ഹദ്റത്ത് ആഇശ(റ) എന്നോട് പറഞ്ഞു: നിന്റെ പിതൃവ്യന്മാർ പരിക്കേറ്റ അവസ്ഥയിലും അല്ലാഹുവിന്റെയും റസൂലിന്റെയും വിളിക്ക് ഉത്തരം നൽകിയ സ്വഹാബാക്കളിൽപെട്ടവരായിരുന്നു. (സ്വഹീഹ് മുസ്ലിം, കിതാബു ഫളാഇലുസ്സ്വഹാബ, ഹദീഥ് 2418)

ഹദ്റത്ത് അലി(റ)വിവരിക്കുന്നു: 'ത്വൽഹയും സുബയ്റും സ്വർഗത്തിൽ തന്റെ രണ്ട് അയൽവാസികളായിരിക്കുമെന്ന് നബി(സ)തിരുമേനി പറയുന്നത് ഞാൻ എന്റെ കാതുകൊണ്ട് കേട്ടതാണ്.'(സുനനുത്തിർമുദി, അബ്വാബുൽമനാഖിബ്, ഹദീഥ് 3740)

ഹദ്റത്ത് സയീദ് ബിൻ ജുബയ്ർ(റ) വിവരിക്കുന്നു: ഹദ്റത്ത് അബൂബക്കർ(റ), ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് ഉഥ്മാൻ(റ), ഹദ്റത്ത് അലി(റ), ഹദ്റത്ത് അബ്ദുർറഹ്മാൻ(റ), ഹദ്റത്ത് സയീദ് ബിൻ സയ്ദ്(റ) എന്നിവരുടെ സ്ഥാനം എന്തായിരുന്നുവെന്നാൽ, അവർ രണാങ്കണത്തിൽ നബി(സ)തിരുമേനിയുടെ മുന്നിൽനിന്ന് യുദ്ധം ചെയ്യുകയും നമസ്കാരത്തിൽ നബി(സ) തിരുമേനിയുടെ പിന്നിൽ നിൽക്കുകയും ചെയ്തിരുന്നു. (ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, വാല്യം 2, പേജ് 478, സയീദ് ബിൻ സയ്ദ്(റ)ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)

ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ അഖ്നസ്(റ) നിവേദനം. അദ്ദേഹം മസ്ജിദിലായിരുന്നു. ആരോ ഹദ്റത്ത് അലിയെ പരാമർശിച്ചുകൊണ്ട് അദ്ദേഹത്തിന്റെ മഹത്ത്വത്തെ ഇകഴ്ത്തി പറഞ്ഞു. അപ്പോൾ ഹദ്റത്ത് സയീദ് ബിൻ സയ്ദ്(റ) എഴുന്നേറ്റ് നിന്ന് പറഞ്ഞു: 'ഞാൻ നബി(സ)തിരുമേനിയുടെ സാക്ഷ്യം നൽകുകയാണ്. ഞാൻ തീർച്ചയായും നബി(സ)തിരുമേനിയിൽ നിന്ന് കേട്ടിരുന്നു, നബി(സ)തിരുമേനി പറഞ്ഞു: പത്തുപേർ സ്വർഗത്തിൽ പോകുന്നതായിരിക്കും. നബി(സ)തിരുമേനി സ്വർഗത്തിലായിരിക്കും, ഹദ്റത്ത് അബൂബക്കർ സ്വർഗത്തിലായിരിക്കും, ഹദ്റത്ത് ഉമർ സ്വർഗത്തിലായിരിക്കും, ഹദ്റത്ത് ഉഥ്മാൻ സ്വർഗത്തിലായിരിക്കും, ഹദ്റത്ത് അലി സ്വർഗത്തിലായിരിക്കും, ഹദ്റത്ത് ത്വൽഹ സ്വർഗത്തിലായിരിക്കും, ഹദ്റത്ത് സുബയ്ർ ബിൻ അവ്വാം, ഹദ്റത്ത് സഅദ് ബിൻ മാലിക്, ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ് എന്നിവരും സ്വർഗത്തിലായിരിക്കും. ഞാൻ ഇച്ഛിക്കുകയാണെങ്കിൽ പത്താമത്തെ ആളുടെ പേരും എനിക്ക് പറയാൻ കഴിയും. നിവേദകൻ പറയുന്നു: ആരാണ് പത്താമത്തെ ആളെന്ന് ജനങ്ങൾ ചോദിച്ചു. ഹദ്റത്ത് സയീദ് ബിൻ സയ്ദ് കുറച്ചുനേരം നിശബ്ദനായി നിന്നു. നിവേദകൻ പറയുന്നു, ആരാണ് പത്താമത്തെ ആളെന്ന് ചില ആളുകൾ വീണ്ടുംചോദിച്ചു. അദ്ദേഹം പറഞ്ഞു: സയീദ് ബിൻ സയ്ദ് അതായത് ഞാൻ തന്നെ.(സുനൻ അബീദാവൂദ്, ഹദീഥ് 4649)

ഈ നിവേദനം ഹദ്റത്ത് ത്വൽഹയെ സംബന്ധിച്ച് പറഞ്ഞപ്പോഴും വിവരിച്ചിരുന്നുവെന്നാണ് എനിക്ക് തോന്നുന്നത്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ), വഹ്യ് എഴുത്തുകാരുടെ പേരുകൾ വിവരിച്ചുകൊണ്ട് പറയുന്നു: നബി(സ)തിരുമേനിക്ക് ഇറങ്ങുന്ന വഹ്യുകൾ അപ്പപ്പോൾത്തന്നെ എഴുതിപ്പിച്ചിരുന്നു. നബി(സ)തിരുമേനി വിശുദ്ധ ഖുർആൻ എഴുതിപ്പിച്ചിരുന്നവരിൽ ഇനി പറയുന്ന 15 പേരുടെ പേരുകൾ ചരിത്രത്തിൽനിന്ന് വ്യക്തമാകുന്നുണ്ട്.

സയ്ദ് ബിൻ ഥാബിത്ത്(റ), ഉബയ്യ് ബിൻ കഅബ്(റ), അബ്ദുല്ലാഹ് ബിൻ സഅ്ദ് ബിൻ അബീ സർഹ്(റ), സുബയ്ർ ബിൻ അൽഅവ്വാം(റ), ഖാലിദ് ബിൻ സയീദ് ബിൻ അൽ ആസ്(റ), അബ്വാൻ ബിൻ സയീദ് അൽ ആസ്(റ), ഹൻളല ബിൻ അർറബീഉ അൽഅസ്ദി(റ), മുഅയ്ഖീബ് ബിൻ അബീ ഫാതിമ(റ), അബ്ദുല്ലാഹ് ബിൻ അർഖം അസ്സുഹ്രി(റ), ശുറഹ്ബീൽ ബിൻ ഹസ്ന(റ), അബ്ദുല്ലാഹ് ബിൻ റവാഹ്(റ), ഹദ്റത്ത് അബൂബക്കർ(റ), ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് ഉഥ്മാൻ(റ), ഹദ്റത്ത് അലി(റ). നബി(സ)തിരുമേനിക്ക് വിശുദ്ധ ഖുർആൻ ഇറങ്ങുമ്പോൾ, നബി(സ)തിരുമേനി ഇവരിൽ ആരെയെങ്കിലുംവിളിച്ച് വഹ്യ് എഴുതിക്കുമായിരുന്നു.(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽ ഉലൂം വാല്യം 20, പേജ് 425–426)

ഹദ്റത്ത് അനസ് ബിൻ മാലിക് നിവേദനം. നബി(സ)തിരുമേനി ഹദ്റത്ത് സുബയ്ർ ബിൻ അൽഅവ്വാമിന് ഒരു യുദ്ധാവസരത്തിൽ (ശരീരത്തിൽ) ചൊറിച്ചലുണ്ടായ കാരണത്താൽ പട്ട് വസ്ത്രം ധരിക്കാൻ അനുമതി നൽകിയിരുന്നു. (സ്വഹീഹുൽ ബുഖാരി, കിതാബുൽജിഹാദ് വസ്സയ്ർ, ഹദീഥ് 2919)

നബി(സ)തിരുമേനി മദീനയിൽ വീടുകളുടെ അതിരുകൾ നിർണയിച്ചപ്പോൾ ഹദ്റത്ത് സുബയ്റിനുവേണ്ടി ഭൂമിയുടെ വലിയൊരു കഷണം

നിശ്ചയിക്കുകയുണ്ടായി. നബി(സ)തിരുമേനി ഹദ്റത്ത് സുബയ്റിന് ഈന്തപ്പനയുടെ ഒരു തോട്ടവും നൽകിയിരുന്നു.(അത്ത്വബഖാത്തുൽ കുബ്റാ, വല്യം 3, പേജ് 76, സുബയ്ർ ബിൻ അൽഅവ്വാം, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റൂത്ത്1990)

ഹദ്റത്ത് സുബയ്ർ ബിൻ അൽഅവ്വാമിന് നബി(സ)തിരുമേനി സ്ഥലം ഉപഹാരമായി നൽകിയത് വിവരിച്ചുകൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ) പറയുന്നു:

"നബി(സ)തിരുമേനി ഹദ്റത്ത് സുബയ്ർ(റ)ന് നൽകിയ സർക്കാറിന്റെ സ്ഥലം എത്രമാത്രം വലുതായിരുന്നുവെന്നാൽ അതിൽ ഹദ്റത്ത് സുബയ്റിന്റെ കുതിരക്ക് അവസാനശ്വാസംവരെ ഓടാൻ കഴിയുമായിരുന്നു. അതായത് അതിന് ഓടാൻ കഴിയുന്നത്രയും ഓടാമായിരുന്നു. ഹദ്റത്ത് സുബയ്റിന്റെ കുതിര ഓടിയെത്തിയസ്ഥലത്ത് അദ്ദേഹം തന്റെ ചാട്ടവാർ വളരെശക്തമായി മേൽപോട്ട് എറിഞ്ഞു. നബി(സ)തിരുമേനി തീരുമാനം കല്പിച്ചുകൊണ്ട് പറഞ്ഞു: 'അദ്ദേഹത്തിന്റെ കുതിര ചെന്നുനിന്ന സ്ഥലംവരെയല്ല, മറിച്ച് അദ്ദേഹത്തിന്റെ ചാട്ടവാർചെന്നു വീണ അത്രയും സ്ഥലം അദ്ദേഹത്തിന് നൽകുക.'

അദ്ദേഹം (ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ)) എഴുതുന്നു: 'നമ്മുടെ നാട്ടിലെ കുതിരകൾക്കും മൈലുകളോളം ഓടാൻ കഴിയും. അറേബ്യയിലെ കുതിരകൾ വളരെയേറെ വേഗമുള്ളവയാണ്. നാലഞ്ച് മൈലുകൾപോലും കുതിരകൾ ഓടുമെന്ന് കരുതിയാൽത്തന്നെ ഇരുപതിനായിരം ഏക്കറോളം സ്ഥലം വരുന്നതാണ്. അതാണ് അദ്ദേഹത്തിന് നല്കിയത്.

ഇമാം അബൂയൂസുഫ്, കിത്താബ് അൽഖറാജിലെഴുതുന്നു: നബി(സ)തിരുമേനി സുബയ്റിന് നൽകിയ സ്ഥലത്ത് ഈന്തപ്പന വൃക്ഷങ്ങളുമുണ്ടായിരുന്നു. അത് ഒരു കാലത്ത് യഹൂദി ഗോത്രമായ ബനൂ നളീറിന്റെ ഉടമസ്ഥതയിലായിരുന്നു. അത് 'ജുർഫ്' എന്ന് പറയപ്പെടുന്നു. മദീനയിൽനിന്ന് സിറിയയിലേക്കുള്ള ഭാഗത്ത് മൂന്നുമൈൽ ദൂരെയുള്ള സ്ഥലമാണ് ജുർഫ്. അതായത് അതൊരു സ്ഥായിയായ ഗ്രാമമായിരുന്നു. നേരത്തെയുള്ള ഹദീഥുകളെ, ഈ ഹദീഥുമായി ചേർക്കുകയാണെങ്കിൽ അതിൽനിന്ന് ഉരുത്തിരിയുന്ന കാര്യം ഇതാണ്, നബി(സ) തിരുമേനി, ഹദ്റത്ത് സുബയ്റിന് മുകൾഭാഗത്തുള്ള സ്ഥലമാണ് നൽകിയത്, അദ്ദേഹത്തിന്റെകുതിര ഓടുന്നത് പരാമർശിച്ച സമയത്തായിരുന്നു. ഏറെക്കുറെ ഇരുപതിനായിരമോ പതിനഞ്ചായിരമോ ഏക്കർ ഭൂമിയാണത്. അദ്ദേഹം നേരത്തെതന്നെ ഒരു ഗ്രാമത്തിന്റെ ഉടമസ്ഥനായിരുന്നപ്പോഴാണ് ആ ഭൂമി നൽകപ്പെട്ടത്. അതിൽ ഈന്തപ്പനയുടെ തോട്ടവും ഉണ്ടായിരുന്നു.(ഇസ്ലാം ഔർ മിൽക്കിയത്തെ സമീൻ, അൻവാറുൽഉലൂം വാല്യം 21, പേജ് 429)(മുഅ്ജമുൽബുൽദാൻ, വാല്യം 2, പേജ് 149, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)

ഉർവ ബിൻ സുബയ്റിൽ(റ) നിന്നുള്ള നിവേദനം. മർവാൻ ബിൻ ഹകം പറയുന്നു: മൂക്കിൽനിന്ന് രക്തസ്രാവമുണ്ടാകുന്ന രോഗം പടർന്ന വർഷം ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാനു ഈ രോഗം വന്നു. എത്രത്തോളമെന്നാൽ, അദ്ദേഹത്തെ ഹജ്ജിൽനിന്ന് വിലക്കി. അദ്ദേഹം ഒസിയ്യത്ത് എഴുതുകപോലുമുണ്ടായി. അപ്പോൾ ഖുറയ്ശികളിൽനിന്ന് ഒരാൾ വന്ന് പറഞ്ഞു: 'താങ്കൾ ആരെയെങ്കിലും ഖലീഫയാക്കിയാക്കിയാലും.' അതായത് അത്രമേൽ മോശം അവസ്ഥ ആയിരുന്നു. അദ്ദേഹം ചോദിച്ചു: 'ജനങ്ങൾ ഇക്കാര്യം പറയുന്നുണ്ടോ?' ആഗതൻ പറഞ്ഞു: 'അതേ.' ഹദ്റത്ത് ഉഥ്മാൻ ചോദിച്ചു: 'ആരെ ഖലീഫയാക്കാനാണ് ആഗ്രഹിക്കുന്നത്.' ആഗതൻ നിശബ്ദനായിരുന്നു. അതിനിടയ്ക്ക് മറ്റൊരാൾ അദ്ദേഹത്തിന്റെ അടുക്കലെത്തി. നിവേദകൻ പറയുന്നു, ഞാൻ മനസിലാക്കുന്നത് അത് ഹാരിഥ് ആയിരുന്നുവെന്നാണ്. അയാൾ പറഞ്ഞു: 'ഖലീഫയെ നിശ്ചയിച്ചാലും.' ഹദ്റത്ത് ഉഥ്മാൻ ചോദിച്ചു, 'ജനങ്ങൾ പറയുന്നുണ്ടോ?' ആഗതൻ പറഞ്ഞു: 'അതേ.' ഹദ്റത്ത് ഉഥ്മാൻ ചോദിച്ചു: 'എനിക്ക് ശേഷം ആരെയാണ് ഖലീഫ ആക്കേണ്ടത്?' ഹദ്റത്ത് ഉഥ്മാൻ ചോദിച്ചു: 'ആരാണ് ഖലീഫയാകുക?' ആഗതൻ നിശബ്ദത പാലിച്ചു. ഹദ്റത്ത് ഉഥ്മാൻ അയാളോട് പറഞ്ഞു: 'ഒരു പക്ഷേ, ഹദ്റത്ത് സുബയ്റിനെ തിരഞ്ഞെടുക്കാൻ പറയും. ആഗതൻ പറഞ്ഞു: 'അതേ.' ഹദ്റത്ത് ഉഥ്മാൻ പറഞ്ഞു: 'ആരുടെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത്, അവനാണ! എന്റെ അറിവിൽപെട്ടിടത്തോളം അദ്ദേഹം തീർച്ചയായും ഉത്തമന്മാരിൽപ്പെട്ട ആളാകുന്നു.' അതായത് ഹദ്റത്ത് സുബയ്ർ. നബി(സ)തിരുമേനിയ്ക്കും ഏറ്റവും പ്രിയപ്പെട്ടവനായിരുന്നു.(സ്വഹീഹുൽബുഖാരി, കിതാബു ഫളാഇലു അസ്ഹാബുന്നബി(സ), ബാബു മനാഖിബു അസ്സുബയ്ർ ബിൻ അൽ അവ്വാം ഹദീഥ് 3717)

ഹദ്റത്ത് സുബയ്ർ(റ) പറയുന്നു: 'ഒരിക്കൽ അദ്ദേഹത്തിന് ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്ന ഒരു അൻസ്വാരി സ്വഹാബിയുമായി, നബി(സ)തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ കനാൽവെള്ളം സംബന്ധിച്ച് അഭിപ്രായവ്യത്യാസമുണ്ടായി. അതിലെ വെള്ളംകൊണ്ടാണ് അവർ രണ്ടുപേരും തങ്ങളുടെ വയലുകൾ നനച്ചിരുന്നത്. നബി(സ)തിരുമേനി കാര്യം തീർപ്പാക്കികൊണ്ട് പറഞ്ഞു, 'സുബയ്ർ, നിങ്ങൾ നിങ്ങളുടെ വയൽ നനച്ചശേഷം അയൽവാസിക്കുവേണ്ടി വെള്ളംവിട്ടുകൊടുക്കുക.' അൻസ്വാരിക്ക് ഇതിൽ പ്രയാസം തോന്നി. അദ്ദേഹം പറഞ്ഞു: 'യാ റസൂലല്ലാഹ്! ഇദ്ദേഹം അങ്ങയുടെ പിതൃസഹോദരിയുടെ മകനാണല്ലോ? അതുകൊണ്ടാണ് അങ്ങ് അങ്ങനെ തീർപ്പു കൽപ്പിച്ചത്.' അപ്പോൾ നബി(സ)തിരുമേനിയുടെ പരിശുദ്ധ മുഖത്തിന്റെ നിറംമാറി. നബി(സ)തിരുമേനി, സുബയ്ർ(റ)നോട് പറഞ്ഞു:'നീ വെള്ളം വരമ്പിന്റെ മുകൾഭാഗം എത്തുന്നതുവരേയും നനക്കേണ്ട, അതുവരേയും വെള്ളം തടഞ്ഞുവെക്കുക.' അതായത് നബി(സ)തിരുമേനി ഇപ്പോൾ സുബയ്റിന് അദ്ദേഹത്തിന്റെ അവകാശം പൂർണമായും അനുവദിക്കുകയുണ്ടായി. അതിനു മുമ്പേ നബി(സ)തിരുമേനി, ഹദ്റത്ത് സുബയ്റിനോട് അഭിപ്രായം പറഞ്ഞതായിരുന്നു. അതിൽ അദ്ദേഹത്തിനും അൻസ്വാരിക്കും അവസരവും വിശാലതയും ഉണ്ടായിരുന്നു. എന്നാൽ, അൻസ്വാരി, നബി(സ)തിരുമേനിയുടെ തീരുമാനത്തിൽ നീരസം പ്രകടിപ്പിച്ചപ്പോൾ നബി(സ) തിരുമേനി ശരിയായ കല്പനയിലൂടെ ഹദ്റത്ത് സുബയ്റിന് അദ്ദേഹത്തിനുള്ള പൂർണമായ അവകാശം അനുവദിക്കുകയുണ്ടായി. ഹദ്റത്ത് സുബയ്ർ പറയുന്നു:

*ഫലാ വ റബ്ബിക്ക ലാ യുഅ്മിനൂന ഹത്താ യുഹക്കിമൂക്ക ഫീമാ ശജറ ബയ്നിഹിം ഥുമ്മ ലാ യജിദൂ ഫീ അൻഫുസിഹിം ഹറജൻമ്മിമ്മാ ഖളയ്ത്ത വ യുസല്ലിമൂ തസ്ലീമൻ*(4:66)

'അങ്ങനെയല്ല, നിന്റെ നാഥനാണ! അവർക്കിടയിൽ ഭിന്നിപ്പുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവായി സ്വീകരിക്കുകയും എന്നിട്ട് നീ വിധിച്ച കാര്യത്തെ സംബന്ധിച്ച് അവരുടെ ഹൃദയത്തിൽ ഒരുവിധ പ്രയാസവും ഉണ്ടാകാതിരിക്കുകയും അവർ പൂർണമായ അനുസരണം പുലർത്തുകയും ചെയ്യുന്നതുവരെ അവർ(യഥാർഥ) വിശ്വാസികളാകുകയില്ല' എന്ന ആയത്ത് ഈ സംഭവത്തെ കുറിച്ചാണ് അവതരിച്ചതെന്ന് ഞാൻ മനസ്സിലാക്കുന്നു. (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാല്യം 1, പേജ് 453, മുസ്നദ് സുബയ്ർ ബിൻ അൽഅവ്വാം, ഹദീഥ് 1419, ആലമുൽകുതുബ്, ബെയ്റുത്ത് 1998)

ഹദ്റത്ത് സുബയ്ർ(റ) നിവേദനം. *ഥുമ്മ ഇന്നക്കും യൗമൽ ഖിയാമത്തി യിൻദ റബ്ബിക്കും തഖ്ത്തസിമൂന*(39:32) അതായത് 'പിന്നെ നിങ്ങൾ പുനരുഥാന നാളിൽ നിങ്ങളുടെ നാഥന്റെ മുമ്പിൽ തർക്കിക്കുന്നതായിരിക്കും' എന്ന ആയത്ത് അവതരിച്ചപ്പോൾ അദ്ദേഹം ചോദിച്ചു: 'യാ റസൂലല്ലാഹ്! ഞങ്ങളുടെ ഭൗതിക വഴക്കുകളാണോ ഉദ്ദേശിക്കുന്നത്?' നബി(സ)തിരുമേനി പറഞ്ഞു: 'അതേ!' *ഥുമ്മ ലതുസ്അലുന്ന യൗമഇദിൻ അനിന്നയീം*(102:9) അതായത്, അന്ന് നിങ്ങൾ അനുഗ്രഹങ്ങളെ സംബന്ധിച്ച് ചോദിക്കപ്പെടും എന്ന ആയത്ത് അവതരിച്ചപ്പോൾ ഹദ്റത്ത് സുബയ്ർ(റ) ചോദിച്ചു: യാ റസൂലല്ലാഹ്! ഞങ്ങളോട് ഏത് അനുഗ്രഹങ്ങളെ സംബന്ധിച്ചാണ് ചോദിക്കുക, ഞങ്ങളുടെ പക്കൽ ഈന്തപ്പഴങ്ങളും വെള്ളവും മാത്രമാണുള്ളത്. നബി(സ)തിരുമേനി പറഞ്ഞു: ഓർക്കുക, അനുഗ്രഹങ്ങളുടെ കാലവും ഉടനെ വന്നെത്തുന്നതാണ്.(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാല്യം 1, പേജ് 449, മുസ്നദ് സുബയ്ർ ബിൻ അൽഅവ്വാം, ഹദീഥ് 1405, ആലമുൽകുതുബ്, ബെയ്റുത്ത്1998). ഇന്ന് ഈ പ്രയാസങ്ങളുണ്ട്. ഇൻശാഅല്ലാഹ് സമൃദ്ധിയും വരാനിരിക്കുന്നു.

ഹഫ്സ് ബിൻ ഖാലിദ് പറയുന്നു: 'മൂസിൽ' എന്ന സ്ഥലത്തുനിന്ന് വന്ന മഹാത്മാവ്, 'മൂസിൽ' സിറിയയിലെ സുപ്രധാന നഗരമാകുന്നു. അത് ജനസാന്ദ്രതകൊണ്ടും വലിയ ഭൂപ്രദേശമെന്ന നിലയിലും അന്ന് ഇസ്ലാമിക രാജ്യങ്ങളിൽ വളരെ പ്രധാനപ്പെട്ടതായിരുന്നു. എല്ലാ പട്ടണങ്ങളിൽനിന്നും ജനങ്ങൾ അവിടെ വന്നിരുന്നു. ഇത് 'നയ്നവാ'യുടെ സമീപം ദജ്ലയുടെതീരത്ത്, ബഗ്ദാദിൽ നിന്ന് 222 മൈൽദൂരത്ത് സ്ഥിതിചെയ്യുന്നു. ഈ പട്ടണത്തെപറ്റി നിഘണ്ടുവിൽ എഴുതിയിരിക്കുന്ന വിവരണമാണിത്. ഏതായിരുന്നാലും അദ്ദേഹം പറയുന്നു: അദ്ദേഹം 'മൂസിൽ' എന്ന സ്ഥലത്തുനിന്ന് ഞങ്ങളുടെ അടുക്കൽ വന്നതായിരുന്നു. അദ്ദേഹം പറയുന്നു: 'ഞാൻ സുബയ്ർ ബിൻ അവ്വാമിനോടൊപ്പം കുറച്ച് യാത്രകൾ ചെയ്തിട്ടുണ്ട്. ഒരിക്കൽ അദ്ദേഹത്തത്തിന് മണലാരണ്യത്തി ൽ കുളിക്കേണ്ട ആവശ്യമുണ്ടായി. അദ്ദേഹം പറഞ്ഞു: എനിക്കുവേണ്ടി മറയുണ്ടാക്കുക. ഞാൻ അദ്ദേഹത്തിന് തുണികൊണ്ട് മറയുണ്ടാ ക്കി. അദ്ദേഹം കുളിക്കാൻ തുടങ്ങി. യാദൃച്ഛികമായി എന്റെ ദൃഷ്ടി അദ്ദേഹത്തിന്റെ ശരീരത്തിൽ പതിഞ്ഞു. അദ്ദേഹത്തിന്റെ ശിരസും മുഴുവൻ ശരീരവും വാൾകൊണ്ടുള്ള മുറിവുകളുടെ അടയാളങ്ങൾ കാരണം അരിപ്പപോലെ ആയിട്ടുണ്ടായിരുന്നു. ഞാൻ അദ്ദേഹത്തോട് പറഞ്ഞു: 'അല്ലാഹുവാണ! ഞാൻ താങ്കളുടെ ശരീരത്തിൽ കണ്ട അത്രയും മുറിവുകളുടെ പാടുകൾ ഇന്നേവരെ ആരുടെയും ശരീരത്തിൽ കണ്ടിട്ടില്ല.' അദ്ദേഹം മറുപടിയായി പറഞ്ഞു: 'നിങ്ങൾ എന്റെ ശരീരത്തിലെ മുറിവുകളുടെ പാടുകൾ കാണുകയുണ്ടായോ?' തുടർന്ന് പറഞ്ഞു: 'അല്ലാഹുവാണ! ഈ എല്ലാ മുറിവുകളും അല്ലാഹുവിന്റെ മാർഗത്തിൽ, നബി(സ)തിരുമേനിയോടൊപ്പം യുദ്ധം ചെയ്തപ്പോൾ ഉണ്ടായതാണ്.'(മുസ്തദർക് അലസ്സ്വഹീഹയ്ൻ ലിൽഹാകിം, വാല്യം 3, പേജ് 406, കിതാബു മഅ്രിഫത്തുസ്സഹാബ,

ഹദീഥ് 5550, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത് 2002)(ഫർഹങ്കെ സീറത്ത് സയ്യിദ് ഫള്ലുർറഹ്മാൻ, പേജ് 288)

ഹദ്റത്ത് ഉഥ്മാൻ(റ), ഹദ്റത്ത് മിഖ്ദാദ്(റ), ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ), ഹദ്റത്ത് അബ്ദുർ റഹ്മാൻ ബിൻ ഔഫ്(റ), എന്നിവർ ഹദ്റത്ത് സുബയ്റിനോട് ഒസിയ്യത്ത് ചെയ്തിട്ടുണ്ടായിരുന്നു. അതുകൊണ്ട് അദ്ദേഹം അവരുടെ സമ്പത്ത് സൂക്ഷിക്കുകയും തന്റെ സമ്പത്തുകൊണ്ട് അവരുടെ മക്കളുടെചെലവ് നടത്തുകയും ചെയ്തിരുന്നു. സമൃദ്ധി ഉണ്ടായിരുന്നു. അതുകൊണ്ട് അദ്ദേഹം അവരുടെ സമ്പത്ത് കൊണ്ടല്ല, അവരുടെ മക്കൾക്കുള്ള ചെലവ് നടത്തിയിരുന്നത്. അവരുടെ സമ്പത്ത് അവർക്കുതന്നെ ഉപകാരപെടുന്നതിന് തന്റെ ഭാഗത്തുനിന്ന് തന്നെയാണ് ചെലവ് നടത്തിയിരുന്നത്. ഒരുവിധ അത്യാഗ്രഹവും ഇല്ലായിരുന്നു.

ഹദ്റത്ത് സുബയ്റിനെ പറ്റി പറയുന്നു: 'അദ്ദേഹത്തിന് ആയിരം അടിമകളുണ്ടായിരുന്നു. അവർ ഭൂമിയിൽനിന്നു കിട്ടുന്ന ഉൽപ്പന്നങ്ങൾ കൊടുത്തിരുന്നു. അദ്ദേഹം അതിൽനിന്ന് ഒന്നുംതന്നെ വീട്ടിലേക്ക് കൊണ്ടു വന്നിരുന്നില്ല. എല്ലാം സ്വദഖ ചെയ്തിരുന്നു.

മുത്വീഅ് ബിൻ അസ്വദ്(റ) വിവരിക്കുന്നു:' ഞാൻ ഹദ്റത്ത് ഉമർ ഇങ്ങനെ പറയുന്നതായി കേട്ടു, 'ഹദ്റത്ത് സുബയ്ർ ദീനിന്റെ സ്തംഭങ്ങളിൽ ഒരു സ്തംഭമാകുന്നു.'(അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ വാല്യം 2, പേജ് 460, സുബയ്ർ ബിൻ അൽഅവ്വാം, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1995)

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സുബയ്ർ(റ) നിവേദനം. ഹദ്റത്ത് സുബയ്ർ, ജമൽ യുദ്ധ ദിവസം പുറപ്പെടുമ്പോൾ എന്നെ വിളിച്ചു. ഞാൻ അദ്ദേഹത്തിന്റെ അടുത്തു ചെന്നുനിന്നു. അദ്ദേഹം പറഞ്ഞു: 'പ്രിയമകനേ! ഇന്ന് മർദ്ദകനോ മർദ്ദിതനോ വധിക്കപ്പെടുന്നതാണ്. ഞാനിന്ന് മർദ്ദിതനെന്ന അവസ്ഥയിൽ വധിക്കപ്പെടുമെന്ന് കാണപ്പെടുന്നു. എനിക്ക് ഏറ്റവും ആശങ്കയുള്ളത് എന്റെ കടത്തെ സംബന്ധിച്ചാണ്. നിന്റെ അഭിപ്രായത്തിൽ നമ്മുടെ കടം കഴിഞ്ഞ് എന്തെങ്കിലും ബാക്കിയാകുമോ?' തുടർന്ന് പറഞ്ഞു: 'അല്ലയോ എന്റെ മകനേ! മുതൽ വിറ്റ് കടം വീട്ടുക. ഞാൻ മൂന്നിലൊന്ന് ഒസിയ്യത്ത് ചെയ്യുകയാണ്. മൂന്നാമത്തെ പങ്കിനെ പറ്റി ഒസിയ്യത്ത് ചെയ്യുകയാണ്. കടം വീട്ടിയതിനുശേഷം ബാക്കിയാകുന്നതിൽ മൂന്നിലൊന്ന് നിന്റെ മക്കൾക്കുള്ളതാണ്. ശേഷിക്കുന്നത് അതിന് പുറമേയുള്ളതാണ്.

ഹിശാം പറയുന്നു: 'അബ്ദുല്ലാഹ് ബിൻ സുബയ്റിന്റെ മക്കളുടെ പ്രായം, ഹദ്റത്ത് സുബയ്റിന്റെ മക്കളായ ഖുബയ്ബ്, അബ്ബാദ് എന്നിവർക്ക് സമമായിരുന്നു. അതായത് ഹദ്റത്ത് അബ്ദുല്ലായുടെ മക്കൾ, ഹദ്റത്ത് സുബയ്റിന്റെ മക്കളുടെ സമപ്രായക്കാരായിരുന്നു. മകന്റെ മക്കളും മകന്റെ സഹോദരന്മാരുടെ പ്രായക്കാരായിരുന്നു. അക്കാലത്ത് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സുബയ്റിന് 9 പെൺമക്കളുണ്ടായിരുന്നു.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സുബയ്ർ(റ) വിവരിക്കുന്നു: ഹദ്റത്ത് സുബയ്ർ(റ) എന്നോട് തന്റെ കടങ്ങളെ സംബന്ധിച്ച് വസിയ്യത്ത് ചെയ്തുകൊണ്ട് പറഞ്ഞു: 'എന്റെ മകനേ! ഈ കടം വീട്ടുന്നതിൽ നീ നിസ്സഹായനായാൽ എന്റെ യജമാനനോട്ചോദിക്കുക. അബ്ദുല്ലാഹ് ബിൻ സുബയ്ർ പറയുന്നു: 'യജമാനൻ എന്നതുകൊണ്ട് അദ്ദേഹം എന്താണ് ഉദ്ദേശിക്കുന്നതെന്ന് എനിക്ക് മനസിലായില്ല.' ഞാൻ ചോദിച്ചു: 'ആരാണ് താങ്കളുടെ യജമാനൻ!' ഹദ്റത്ത് സുബയ്ർ പറഞ്ഞു: 'അല്ലാഹു.' പിന്നെ ഞാൻ അദ്ദേഹത്തിന്റെ കടത്തിനുള്ള പ്രയാസത്തിൽ അകപ്പെടുമ്പോഴെല്ലാം ഞാൻ പറയുമായിരുന്നു: 'അല്ലയോ സുബയ്റിന്റെ യജമാനനേ! അദ്ദേഹത്തിന്റെ കടം വീട്ടിയാലും!' അത് അവൻ(യജമാനൻ) വീട്ടിയിരുന്നു. അതായത് അല്ലാഹു. എന്തെങ്കിലും സംവിധാനം ഉണ്ടാക്കിയിരുന്നു. ആ കടങ്ങൾ വീട്ടാനുള്ള സാഹചര്യം ഒരുക്കിയിരുന്നു. സ്വത്തുക്കളുമുണ്ടായിരുന്നു. അതിൽനിന്നും വീട്ടാറുണ്ടായിരുന്നു.'

ഹദ്റത്ത് സുബയ്ർ ശഹീദായ അവസരത്തിൽ അദ്ദേഹം എന്തെങ്കിലും ദീനാറോ, ദിർഹമോ ഉപേക്ഷിച്ച് പോയിരുന്നില്ല; ഏതാനും സ്ഥലമൊഴികെ. അതിൽ 'ഗാബ' എന്ന സ്ഥലവുമുണ്ടായിരുന്നു. മദീനയിൽ 11 വീടുകളാണുണ്ടായിരുന്നത്. രണ്ടെണ്ണം ബസ്വറയിലും ഒന്ന് കൂഫയിലും ഒന്ന് മിസ്റിലും ഉണ്ടായിരുന്നു. ഹദ്റത്ത് സുബയ്ർ(റ)കടക്കാരനായത് ഇങ്ങനെയാണ്, ജനങ്ങൾ അദ്ദേഹത്തിന്റെ അടുത്ത് സൂക്ഷിക്കാൻ സമ്പത്ത് കൊണ്ടുകൊടുത്തിരുന്നു. പക്ഷേ, സുബയ്ർ പറഞ്ഞിരുന്നു: 'അല്ല, ഇത് കടമാണ്. കാരണം ഇത് നഷ്ടപ്പെടുമോ എന്ന് ഞാൻ ഭയപ്പെടുന്നു. സൂക്ഷിപ്പ് മുതലായി വെയ്ക്കുകയില്ല. നിങ്ങളുടെ പൈസ കടമാണെന്ന നിലക്ക് സ്വീകരിക്കാം.' അതിൽനിന്ന് അദ്ദേഹം ചെലവഴിക്കുകയും ചെയ്തിരുന്നു. അഥവാ അതുപോലെ മറ്റെന്തെങ്കിലും അപായമുണ്ടെങ്കിലും അത് സംരക്ഷിക്കപ്പെടുകയുംവേണം. അതുകൊണ്ട് അദ്ദേഹം അവരോട് പറയുമായിരുന്നു, 'ഈ തുക ഞാൻ കടമായിട്ടാണ് വാങ്ങുന്നത്. അത് ഞാൻ അങ്ങനെതന്നെ തിരിച്ചു തരുന്നതാണ്.' ഏതായിരുന്നാലും സമ്പത്ത് പിരിക്കുന്നതിനോ, ചെലവഴിക്കുന്നതിനോ, അല്ലെങ്കിൽ മറ്റേതെങ്കിലും സാമ്പത്തികപരമായസേവനങ്ങൾക്കോ ഹദ്റത്ത് സുബയ്റിനെ ഒരിക്കലും അമീർ ആക്കിയിട്ടില്ല. പക്ഷേ, അദ്ദേഹം നബി(സ)തിരുമേനി, ഹദ്റത്ത് അബൂബക്കർ(റ), ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് ഉഥ്മാൻ(റ) എന്നിവരോടൊപ്പം യുദ്ധത്തിൽ ഭാഗഭാക്കായിട്ടുണ്ടെന്ന് മാത്രം. ജിഹാദിൽ അദ്ദേഹം തീർച്ചയായും പങ്കെടുത്തിരുന്നു. പക്ഷേ, ഒരുപാട് പൈസ രൊക്കമായി സ്വരുക്കൂട്ടി ഒരു ധനാഢ്യനെന്ന നിലക്കായിരുന്നില്ല.

ഹദ്റത്ത് അബ്ദുല്ലാ ബിൻ സുബയ്ർ(റ) വിവരിക്കുന്നു: ഞാൻ അദ്ദേഹത്തിന്റെ കടത്തിന്റെ കണക്കെടുത്തപ്പോൾ 22 ലക്ഷമുണ്ടെന്ന് കണ്ടു. ഹദ്റത്ത് ഹകീം ബിൻ ഹസം, ഹദ്റത്ത് അബ്ദുല്ലാ ബിൻ സുബയ്റിനെ കാണുകയുണ്ടായി. അദ്ദേഹം പറഞ്ഞു:'അല്ലയോ എന്റെ സഹോദരപുത്രാ! എന്റെ സഹോദരന് എത്ര കടമുണ്ട്?' ഹദ്ത്ത് അബ്ദുല്ലാ ബിൻ സുബയ്ർ മറച്ചുവെച്ചുകൊണ്ട് പറഞ്ഞു: 'ഒരുലക്ഷം.' ഹദ്റത്ത് ഹക്കീം ബിൻ ഹസം പറഞ്ഞു: 'അല്ലാഹുവാണ! നിന്റെ പക്കലുള്ള സമ്പത്ത് അതിനുമാത്രമുണ്ടെന്ന് ഞാൻ കാണുന്നില്ല.' അതായത് പുറമേ കാണപ്പെടുന്ന സമ്പത്ത്. തുടർന്ന് ഹദ്റത്ത് അബ്ദുല്ലാ ബിൻ സുബയ്ർ അദ്ദേഹത്തോട് പറഞ്ഞു: 'അത് വഹിക്കാൻ നിങ്ങൾക്ക് കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല. അത് വീട്ടാൻ നിങ്ങൾക്ക് പ്രയാസമായിരിക്കും. അത് വീട്ടാൻ കഴിയുന്നില്ലെങ്കിൽ എന്നോട് സഹായംതേടണം. അത് കൊടുത്തു വീട്ടാൻ കഴിയുന്നില്ലെങ്കിൽ ഞാൻ സന്നദ്ധനാണ്. എന്നോട് പറയുക, ഞാൻ നിങ്ങൾക്ക് വേണ്ടി ആ കടം വീട്ടാം.'

ഹദ്റത്ത് സുബയ്ർ, 'ഗാബ' എന്ന സ്ഥലം ഒരു ലക്ഷത്തി എഴുപതിനായിരത്തിനാണ് വാങ്ങിയത്. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സുബയ്ർ അത് 16 ലക്ഷത്തിന് വിറ്റു. പിന്നെ എഴുന്നേറ്റുനിന്ന് പറഞ്ഞു: 'ആർക്കെങ്കിലും സുബയ്റിന്റെ പക്കൽനിന്ന് വല്ലതും കിട്ടാനുണ്ടെങ്കിൽ അവർ ഗാബയിൽ എന്റെ അടുത്ത് വരേണ്ടതാണ്.' അതായത് അദ്ദേഹം ഗാബയിലുള്ള സ്ഥലം വിറ്റപ്പോൾ 16 ലക്ഷം അതിന് വില കിട്ടി. തുടർന്ന് അദ്ദേഹം, കടക്കാരുണ്ടെങ്കിൽ തങ്ങളുടെ കടം വന്ന് വാങ്ങണമെന്ന് വിളംബരപ്പെടുത്തുകയുണ്ടായി. ഹദ്റത്ത് അബ്ദുല്ലാ ബിൻ ജഅ്ഫറിന്, ഹദ്റത്ത് സുബയ്ർ നാലുലക്ഷം കടക്കാരനായിരുന്നു. അദ്ദേഹം അബ്ദുല്ലാഹ് ബിൻ സുബയ്റിനോട് പറഞ്ഞു: 'നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ കുറച്ചുകൂടി സമയം മാറ്റിവെക്കാമെന്ന നിബന്ധനയിൽ നിങ്ങൾ പിന്നീട് കൊടുക്കാൻ വെച്ച കടങ്ങളുടെ കൂട്ടത്തിൽ അതും മാറ്റിവെക്കാവുന്നതാണ്.' ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സുബയ്ർ പറഞ്ഞു: 'ഇല്ല.' അപ്പോൾ ഇബ്നു ജഅ്ഫർ(റ) പറഞ്ഞു: 'അങ്ങനെയാണെങ്കിൽ നിങ്ങൾ എനിക്ക് നിങ്ങളുടെ സ്ഥലത്തുനിന്ന് ഒരു ഭാഗം തന്നാൽമതി.' ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സുബയ്ർ പറഞ്ഞു: 'നിങ്ങൾക്ക് ഇവിടെ മുതൽ ഇവിടംവരെ തരാം.' അദ്ദേഹം കടം വീട്ടുന്നതിന് ആവശ്യമായത്ര സ്ഥലം അദ്ദേഹത്തിന് വിൽക്കുകയുണ്ടായി. അഥവാ അബ്ദുല്ലാഹ് ബിൻ ജഅ്ഫറിന് നൽകുകയുണ്ടായി. ഈ കടത്തിൽ നാലരഭാഗം ബാക്കി വന്നിരുന്നു. ഹദ്റത്ത് അബ്ദുല്ലാബ് ബിൻ സുബയ്ർ, ഹദ്റത്ത് മുആവിയയുടെ അടുക്കൽ വന്നു. അക്കാലത്തെ കാര്യമാണ്. അവിടെ അംറ് ബിൻ ഉഥ്മാൻ, മുൻദിർ ബിൻ സുബയ്ർ, ഇബ്നു സംഅ എന്നിവരുണ്ടായിരുന്നു. ഹദ്റത്ത് മുആവിയ ചോദിച്ചു:'ഗാബ്'ക്ക് എന്ത് വിലയാണ് നിശ്ചിച്ചിരിക്കുന്നത്. ഹദ്റത്ത് ഇബ്നു സുബയ്ർ പറഞ്ഞു:'ഓരോ ഭാഗത്തിനും ഓരോ ലക്ഷം വീതം.' ഹദ്റത്ത് മുആവിയചോദിച്ചു: 'എത്ര ഭാഗം ബാക്കിയുണ്ട്?' അദ്ദേഹം പറഞ്ഞു: 'നാലരഭാഗം ബാക്കിയുണ്ട്.' മുൻദിർ ബിൻ സുബയ്ർ പറഞ്ഞു: 'ഒരു ഭാഗം ഞാൻ ഒരു ലക്ഷത്തിന് വാങ്ങിയിരിക്കുന്നു.' അംറ് ബിൻ ഉഥ്മാൻ പറഞ്ഞു: 'ഒരു ഭാഗം, ഒരു ലക്ഷത്തിന് ഞാൻ വാങ്ങിയിട്ടുണ്ട്.' ഇബ്നു സംഅ പറഞ്ഞു: 'ഒരു ലക്ഷത്തിന് ഒരു ഭാഗം ഞാനും വാങ്ങിയിരിക്കുന്നു.' ഹദ്റത്ത് മുആവിയചോദിച്ചു: 'ഇനി എത്ര ബാക്കിയുണ്ട്?' ഹദ്റത്ത് അബ്ദുല്ലാ ബിൻ സുബയ്ർ പറഞ്ഞു: 'ഒന്നര ഭാഗം ബാക്കിയുണ്ട്.' അദ്ദേഹം പറഞ്ഞു: 'ആ ഒന്നര ഭാഗം ഞാൻ വാങ്ങുന്നു.' അതായത് ഗാബയിൽ അവശേഷിച്ച ഭൂമിയും വിൽക്കാൻ ഒരുങ്ങുകയായിരുന്നു. അബ്ദുല്ലാഹ് ബിൻ ജഅ്ഫർ തന്റെ ഭാഗം മുആവിയക്ക് 16 ലക്ഷത്തിന് വിറ്റു. ഏതായിരുന്നാലും അദ്ദേഹം, തന്റെ കടം അല്ലാഹു വീട്ടുമെന്ന് പറഞ്ഞിരുന്നു. ഇങ്ങനെ അല്ലാഹു സാഹചര്യങ്ങൾ ഒരുക്കി കൊടുത്തതുകൊണ്ട് സ്വത്തുക്കളിൽനിന്ന് കുറച്ച് വിൽപന നടത്തി കടം വീട്ടിക്കൊണ്ടിരുന്നു.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സുബയ്ർ, ഹദ്റത്ത് സുബയ്റിന്റെ കടം വീട്ടി കഴിഞ്ഞപ്പോൾ ഹദ്റത്ത് സുബയ്റിന്റെ മക്കൾ പറഞ്ഞു: 'ഇനി ഞങ്ങൾക്കുള്ള പിന്തുടർച്ചാവകാശം വീതംവെക്കുക. ഇപ്പോൾകടമെല്ലാം വീട്ടികഴിഞ്ഞില്ലേ? അതുകൊണ്ട് അവകാശികൾക്ക് വിതരണംചെയ്യുക.' ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സുബയ്ർ പറഞ്ഞു: 'ഇല്ല അല്ലാഹുവാണ! നാല് ഹജ്ജ് വേളകളിൽവിളംബരംചെയ്യുന്നതുവരെ ഞാൻ അത് വിതരണംചെയ്യുന്നതല്ല.' അതായത് നാലുവർഷം ഹജ്ജ്വേളയിൽ ഞാൻ, സുബയ്റിന്റെ കടക്കാർ ആരെങ്കിലുമുണ്ടെങ്കിൽ നമ്മുടെ അടുക്കൽ വന്നാൽ നാമത് കൊടുത്തുവീട്ടുമെന്ന് വിളംബരപ്പെടുത്തുന്നതാണ്. അങ്ങനെ നാലുവർഷം അദ്ദേഹം ഹജ്ജ്വേളയിൽ വിളംബരപ്പെടുത്തിക്കൊണ്ടിരുന്നു. നാലു വർഷം

കഴിഞ്ഞപ്പോൾ, പിന്തുടർച്ചാവകാശസ്വത്ത് ഹദ്റത്ത് സുബയ്റിന്റെ മക്കൾക്ക് വീതംവെച്ചു കൊടുത്തു.

ഹദ്റത്ത് സുബയ്റിന് നാല് ഭാര്യമാരുണ്ടായിരുന്നു. അദ്ദേഹം ഭാര്യമാർക്കുള്ള എട്ടിലൊന്ന്, നാലായി വീതിച്ചു. ഒരോ ഭാര്യക്കും 11 ലക്ഷം കിട്ടി. ബാക്കിയായത് സ്വത്തിൽനിന്ന് വിതരണം ചെയ്തപ്പോൾ ഓരോ ഭാര്യക്കും 11 ലക്ഷം വീതം കിട്ടി. അദ്ദേഹത്തിന്റെ മൊത്തം സ്വത്ത് മൂന്ന് കോടി 52 ലക്ഷം ഉണ്ടായിരുന്നു.

ഒരു നിവേദത്തിൽ ഇങ്ങനെയുണ്ട്. സുഫ്യാൻ ബിൻ ഉയയ്ന നിവേദനം. 'സുബയ്റിന്റെ സ്വത്ത് നാലുകോടി വിതരണംചെയ്യുകയുണ്ടായി.'

ഹിശാം ബിൻ ഉർവ, തന്റെ പിതാവിൽനിന്ന് നിവേദനം. ഹദ്റത്ത് സുബയ്ർ പിന്തുടർച്ചാവകാശമായി വിട്ടേച്ചുപോയ സ്വത്തിന്റെമൂല്യം 5 കോടി 20 ലക്ഷമോ, 5 കോടി 10 ലക്ഷമോ ആയിരുന്നു. ഉർവ നിവേദനം. ഹദ്റത്ത് സുബയ്റിന് മിസ്റിൽ(Egypt) കുറച്ച് സ്ഥലമുണ്ടായിരുന്നു. ഇസ്കന്തരിയ (Alexandria)യിൽ കുറച്ച് സ്ഥലമുണ്ടായിരുന്നു. കൂഫയിലും സ്ഥലമുണ്ടായിരുന്നു. ബസ്റയിൽ വീടുകൾ ഉണ്ടായിരുന്നു. മദീനയിലെ സ്വത്തിൽനിന്ന് അദ്ദേഹത്തിന് വരുമാനം വന്നിരുന്നു. ചുരുക്കത്തിൽ എല്ലാ കടങ്ങളും തീർത്തതിനുശേഷം ബാക്കിവന്ന സ്വത്തിൽനിന്ന് അദ്ദേഹത്തിന്റെ പിന്തുടർച്ചാവകാശികൾക്ക് വിതരണംചെയ്യുകയുണ്ടായി.

മുത്വർരിഫ് പറയുന്നു: ഒരിക്കൽ ഞങ്ങൾ ഹദ്റത്ത് സുബയ്റിനോട് പറഞ്ഞു: 'അല്ലയോ അബൂ അബ്ദുല്ലാഹ്! നിങ്ങൾ എന്ത് ഉദ്ദേശ്യത്തോടെയാണ് വന്നിരിക്കുന്നത്? നിങ്ങൾ ഒരു ഖലീഫയെ നഷ്ടപ്പെടുത്തി. എത്രത്തോളമെന്നാൽ അദ്ദേഹം ശഹീദാക്കപ്പെട്ടു. ഇനി നിങ്ങൾ അതിനുള്ള പ്രതിക്രിയ ചോദിക്കുകയാണോ?' ഹദ്റത്ത് സുബയ്ർ(റ) പറഞ്ഞു: നബി(സ)തിരുമേനി, ഹദ്റത്ത് അബൂബക്കർ(റ), ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് ഉഥ്മാൻ(റ) എന്നിവരുടെ കാലത്ത് ഞങ്ങൾ ഈ ആയത്ത് പാരായണംചെയ്തിരുന്നു, *വത്തഖൂ ഫിത്നത്തൻ ല്ലാ തുസ്വീബന്നല്ലദീന ളലമൂ മിൻകും ഖാസ്വത്തൻ*(8:26) നിങ്ങളിൽ നിന്ന് അധർമം പ്രവർത്തിച്ചവരെ മാത്രമല്ല, മറിച്ച് പൊതുവിൽ എല്ലാവരേയും ബാധിക്കുന്ന കുഴപ്പങ്ങളെ ഭയപ്പെടുവിൻ!പക്ഷേ, ഈ ആയത്ത് ഞങ്ങളിൽത്തന്നെ സാക്ഷാൽക്കരിക്കപ്പെടുമെന്ന് ഞങ്ങൾ കരുതിയിട്ടുണ്ടായിരുന്നില്ല. എത്രത്തോളമെന്നാൽഈ പരീക്ഷണം ഞങ്ങളിൽവന്നു.(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാള്യം 1, പേജ് 451, മുസ്നദ് സുബയ്ർ ബിൻ അൽഅവ്വാം, ഹദീഥ് 1414, ആലമുൽകുതുബ്, ബെയ്റുത്ത്1998)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ), ഹദ്റത്ത് അലി(റ)ന്റെ ഖിലാഫത്ത് തിരഞ്ഞെടുപ്പിന്റെ സംഭവങ്ങൾ വിവരിച്ചുകൊണ്ട് പറയുന്നു: 'ഹദ്റത്ത് ഉഥ്മാന്റെ ശഹാദത്ത് നടന്നപ്പോൾ, മുസ്ലിമീങ്ങൾക്കിടയിൽ കുഴപ്പം വർധിക്കുകയാണെന്ന് കണ്ട മദീനയിലുണ്ടായിരുന്ന സ്വഹാബത്ത് ഹദ്റത്ത് അലിയോട് ബയ്അത്ത് സ്വീകരിക്കാൻ സമ്മർദ്ദം ചെലുത്തി. മറുഭാഗത്ത് കുഴപ്പക്കാരും ഹദ്റത്ത് അലിയുടെ അടുത്ത് ഓടിയെത്തി പറഞ്ഞു: 'ഇസ്‌ലാമിക ഭരണകൂടം പൊളിയുമോ എന്ന ആശങ്കയുണ്ട്. അതുകൊണ്ട് ഭയം മാറി സമാധാനവും സുരക്ഷയും ഉണ്ടാകുന്നതിന് താങ്കൾ ജനങ്ങളിൽനിന്ന് ബയ്അത്ത് സ്വീകരിച്ചാലും. ചുരുക്കത്തിൽ, ബയ്അത്ത് സ്വീകരിക്കാൻ അദ്ദേഹം നിർബന്ധിക്കപ്പെട്ടപ്പോൾ നിരവധി തവണ, അത് നിരാകരിച്ചതിനുശേഷം അദ്ദേഹം ആ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് ബയ്അത്ത് സ്വീകരിക്കാൻ തുടങ്ങി. ചില ഉന്നത സ്വഹാബാക്കൾ മദീനക്ക് പുറത്തായിരുന്നു. ചിലരെ നിർബന്ധപൂർവം ബയ്അത്ത് ചെയ്യിക്കുകയുണ്ടായി. ഹദ്റത്ത് ത്വൽഹായേയും ഹദ്റത്ത് സുബയ്റിനേയും സംബന്ധിച്ചു വരുന്നു, അവരുടെ അടുത്തേക്ക് ഹകീം ബിൻ ജബ്‌ലയേയും മാലിക് ബിൻ അശ്തറിനേയും ഏതാനും ആളുകളോടൊപ്പം അയക്കുകയുണ്ടായി. അവർ വാളിന്റെ മുൾമുനയിൽനിറുത്തി ബയ്അത്ത് ചെയ്യാൻ അവരെ നിർബന്ധിക്കുകയുണ്ടായി. അതായത് വാളുയർത്തി അവർക്ക് മുന്നിൽ നിന്നുകൊണ്ട് പറഞ്ഞു: 'ഹദ്റത്ത് അലിക്ക് ബയ്അത്ത് ചെയ്യുന്നെങ്കിൽ ചെയ്യുക. ഇല്ലെങ്കിൽ ഇപ്പോൾ ഞങ്ങൾ നിങ്ങളെ കൊന്നുകളയുന്നതാണ്.' എത്രത്തോളമെന്നാൽ ചില നിവേദനങ്ങളിൽ, അവർ ഈ രണ്ട് മഹാത്മക്കളേയും മണ്ണിലൂടെ വലിച്ചിഴച്ചുകൊണ്ടു വന്നുവെന്നും പറയുന്നു. അത്തരം ബയ്അത്ത്, ബയ്അത്ത് എന്ന് പറയപ്പെടാൻ സാധ്യമല്ലെന്നത് വ്യക്തമാണ്. അങ്ങനെ അവർ ബയ്അത്ത് ചെയ്തപ്പോൾ പറഞ്ഞു: 'ഹദ്റത്ത് ഉഥ്മാന്റെ ഘാതകരോട് പ്രതികാരംചെയ്യണമെന്ന നിബന്ധനയിലാണ് ഞങ്ങൾ ബയ്അത്ത് ചെയ്യുന്നത്.' എന്നാൽ, പിന്നീട് ഹദ്റത്ത് അലിക്ക് ഘാതകരോട് പ്രതികാരം ചെയ്യുന്നതിൽ ധിറുതിയില്ലെന്ന് കണ്ടപ്പോൾ അവർ ബയ്അത്തിൽനിന്ന് വിട്ടുമാറുകയാണുണ്ടായത്. അങ്ങനെ അവർ മദീനയിലേക്ക് പോയി. ഹദ്റത്ത് ഉഥ്മാന്റെ വധത്തിൽ ഭാഗഭാക്കായ വിഭാഗത്തിലെ ചില ആളുകൾ, ഹദ്റത്ത് ആഇശ(റ)യുടെ അടുക്കലെത്തി, ഉഥ്മാന്റെചോരക്ക് പകരംചോദിക്കാൻ യുദ്ധ പ്രഖ്യാപനം നടത്തുന്നതിന് അവരെ പ്രേരിപ്പിക്കുകയുണ്ടായി. അങ്ങനെ അവർ വിളംബരം നടത്തുകയും സ്വഹാബാക്കളെ സഹായത്തിന് വിളിക്കുകയുംചെയ്തു. ഹദ്റത്ത് ത്വൽഹയും ഹദ്റത്ത് സുബയ്റും അവരോടൊപ്പം കൂടി. അതിന്റെ ഫലമായി ഹദ്റത്ത് അലിക്കും ഹദ്റത്ത് ആഇശ, ഹദ്റത്ത് ത്വൽഹ, ഹദ്റത്ത് സുബയ്ർ എന്നിവർക്കും ഇടയിൽ യുദ്ധമുണ്ടായി. ഇത് ജമൽ യുദ്ധം എന്നറിയപ്പെടുന്നു. ഈ യുദ്ധത്തിന്റെ ആരംഭത്തിൽത്തന്നെ ഹദ്റത്ത് സുബയ്ർ, ഹദ്റത്ത് അലിയിൽനിന്ന് നബി(സ)തിരുമേനി മൊഴിഞ്ഞ ഒരു ഹദീഥ് കേട്ടപ്പോൾ പിന്മാറി. ഹദ്റത്ത് സുബയ്ർ പ്രാരംഭത്തിൽത്തന്നെ പിന്മാറുകയും ഹദ്റത്ത് അലിയോട് യുദ്ധ ചെയ്യുകയില്ലെന്ന് അല്ലാഹുവിനെ ആണയിട്ടു പറയുകയും ചെയ്തു. മാത്രമല്ല തന്റെ നിലപാടിൽതെറ്റുപറ്റിയെന്നും താൻ മനസിലാക്കിയതിൽ അബദ്ധം സംഭവിച്ചുവെന്നും സമ്മതിക്കുകയുണ്ടായി. മറുഭാഗത്ത് ഹദ്റത്ത് ത്വൽഹയും തന്റെ വഫാത്തിനു മുമ്പേ ഹദ്റത്ത് അലിക്ക് ബയ്അത്ത് ചെയ്യുകയുണ്ടായി. നിവേദനത്തിൽ പറയുന്നു: 'അദ്ദേഹം പരിക്കിന്റെ കാഠിന്യംകാരണം പുളയുകയായിരുന്നു. ആ സമയത്ത് ഒരാൾ അദ്ദേഹത്തിന്റെ അടുത്തൂടെ പോവുകയുണ്ടായി. അദ്ദേഹം ചോദിച്ചു: 'നീ ഏത് കക്ഷിയിൽപെട്ട ആളാണ്?' അയാൾ പറഞ്ഞു: 'അലിയുടെ കക്ഷിയിൽപെട്ട ആളാണ്.' അദ്ദേഹം തന്റെ കൈ, അയാളുടെ കൈകളിൽവെച്ചുകൊണ്ട് പറഞ്ഞു, 'നിന്റെ കൈ അലിയുടെ കൈയാകുന്നു. ഞാൻ നിന്റെ കൈയിൽവീണ്ടും ഹദ്റത്ത് അലിക്ക് ബയ്അത്ത് ചെയ്യുകയാണ്.'(ഖിലാഫത്തെ റാശിദ പേജ് 44 –45, അൻവാറുൽ ഉലൂം, വാള്യം 15)

എന്തായിരുന്നാലും ഹദ്റത്ത് സുബയ്റിനെ സംബന്ധിച്ച് എഴുതുന്നു: 'ജമൽ യുദ്ധത്തിൽനിന്ന് തിരിച്ചു വരുമ്പോഴാണ് ഹദ്റത്ത് സുബയ്ർ ശഹീദായത്. അവിടെനിന്ന് അദ്ദേഹം മാറിയിരുന്നു. ഹദ്റത്ത് അലിയുമായുള്ള യുദ്ധത്തിനുള്ള തീരുമാനം മാറ്റി. അദ്ദേഹം പറഞ്ഞു: 'ഞാൻ അബദ്ധത്തിലായിരുന്നു. അവിടെനിന്ന് തികച്ചും വേർപെട്ടു.' പക്ഷേ, ജമൽയുദ്ധത്തിൽനിന്ന് തിരിച്ചു വരുമ്പോൾ അദ്ദേഹം ശഹീദാക്കപ്പെട്ടു.

ഹദ്റത്ത് അലി, അദ്ദേഹത്തെ സ്മരിച്ചുകൊണ്ട് പറഞ്ഞു: 'ഞാൻ അല്ലാഹുവിനെ മുൻനിറുത്തി താങ്കളോട് ചോദിക്കട്ടെ, 'താങ്കൾ അലിയോട് യുദ്ധം ചെയ്യുമെന്നും താങ്കളുടെ ഭാഗത്തുനിന്നാണ് അന്യായമുണ്ടാവുകയെന്നും നബി(സ) തിരുമേനി താങ്കളോട് പറഞ്ഞതും താങ്കൾ കേട്ടിട്ടില്ലേ?' അദ്ദേഹം പറഞ്ഞു: 'അതേ. എനിക്ക് അത് ഓർമ വരുന്നു. അങ്ങനെ അദ്ദേഹം അവിടെ നിന്നുപോയി. ഇതാണ് ഹദ്റത്ത് അലിയോടുള്ള യുദ്ധത്തിൽനിന്ന് ഒഴിയാൻ കാരണമായത്. ഇതിന്റെ വിശദീകരണം ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലാഹിനെ സംബന്ധിച്ച പരാമർശത്തിൽ വിവരിച്ചിരുന്നു. കുഴപ്പക്കാരും കപട വിശ്വാസികളും ആളിക്കത്തിച്ച (കുഴപ്പങ്ങളുടെ) തീയിൽ അധികം സ്വഹാബാക്കളും തെറ്റുധാരണ നിമിത്തം ഭാഗഭാക്കായി എന്നാണ് അതിൽനിന്ന് മനസിലാകുന്നത്. ഏതായാലും ആ സംഭവിച്ചതെല്ലാം തെറ്റായിരുന്നു.

ഹർബ് ബിൻ അബുൽ അസ്വദ് പറയുന്നു: ഞാൻ ഹദ്റത്ത് അലിയേയും ഹദ്റത്ത് സുബയ്റിനേയും കണ്ടിരുന്നു, ഹദ്റത്ത് സുബയ്ർ(റ) തന്റെ യാത്രാവാഹനത്തിൽ, യുദ്ധനിരകളെ ഭേദിച്ചുകൊണ്ട് തിരിച്ചുവന്നു. അപ്പോൾ അദ്ദേഹത്തിന്റെ മകൻ മുന്നിൽ വന്നു പറഞ്ഞു:'താങ്കൾക്ക് എന്തുപറ്റി?' ഹദ്റത്ത് സുബയ്ർ അദ്ദേഹത്തോട് പറഞ്ഞു: 'ഹദ്റത്ത് അലി എന്നെ ഒരു ഹദീഥ് ഓർമിപ്പിച്ചു. അത് ഞാൻ നേരിട്ട് നബി(സ) തിരുമേനിയുടെ അധരത്തിൽനിന്ന് കേട്ടതാണ്. നബി(സ)തിരുമേനി പറഞ്ഞു:'നീ അദ്ദേഹത്തോട് അതായത് ഹദ്റത്ത് അലിയോട് യുദ്ധം ചെയ്യും. ആ യുദ്ധത്തിൽ നീ അക്രമിയായിരിക്കും.' അതുകൊണ്ട് ഞാൻ അദ്ദേഹത്തോട് യുദ്ധം ചെയ്യുകയില്ല. അദ്ദേഹത്തിന്റെ മകൻ ചോദിച്ചു, 'താങ്കൾ, ജനങ്ങൾക്കിടയിൽ രഞ്ജിപ്പ് ഉണ്ടാക്കാനാണ് വന്നത്. അല്ലാഹു, താങ്കളുമായി ഈ കാര്യത്തിൽ രഞ്ജിപ്പ് ഉണ്ടാക്കുന്നതാണ്.' ഹദ്റത്ത് സുബയ്ർ പറഞ്ഞു: 'ഞാൻ ശപഥംചെയ്

## തിരുനബിയുടെ തിരുമൊഴികൾ:

**"അബൂ മസ്ഊദ് നിവേദനം. നബി(സ)പറഞ്ഞു: 'നിങ്ങൾ നിരയൊപ്പിച്ച് നില്ക്കുക. ചിതറി നില്ക്കരുത്. ചിതറി നിന്നാൽ നിങ്ങളുടെ ഹൃദയങ്ങൾ ഭിന്നിച്ചുപോകും."(മുസ്‌ലിം, ഹദീഥ് 267)**

ത്വാലിബെ ദുആ:
Rahman Shakeer & Family,
Ahmadiyya Jama-ath Karulai, Kerala

## തിരുനബിയുടെ തിരുമൊഴികൾ:

***"അബൂഖത്താദ നിവേദനം. നബി(സ)പറഞ്ഞു: 'നമസ്കാരത്തിന് ഇഖാമത്ത് വിളിച്ചാൽ, എന്നെ കാണുംവരെ നിങ്ങൾ എഴുന്നേല്ക്കരുത്."  (മുസ്‌ലിം, ഹദീഥ് 264)***

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

തു കഴിഞ്ഞിരിക്കുകയാണ്.' ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സുബയ്ർ പറഞ്ഞു: 'താങ്കൾ ഇത്തരത്തിലുള്ള പ്രായശ്ചിത്തം ചെയ്യുകയും താങ്കളുടെ അടിമയായ ജർജസിനെ മോചിപ്പിക്കുകയുംചെയ്യുക. അല്ലാഹു അവർക്കിടയിൽ രഞ്ജിപ്പ് ഉണ്ടാക്കുന്നതുവരെ ഇവിടെ തന്നെ കഴിയുക.' നിവേദകൻ പറയുന്നു: ഹദ്റത്ത് സുബയ്ർ, തന്റെഅടിമ ജർജസിനെ മോചിപ്പിച്ചു. അവിടെതന്നെ നിൽക്കുകയുംചെയ്തു. എന്നാൽ, ജനങ്ങൾക്കിടയിൽ ഭിന്നിപ്പ് വർധിച്ചുവരുകയായിരുന്നു. അപ്പോൾ അദ്ദേഹം തന്റെ കുതിരയിൽ കയറി തിരിച്ചുപോയി. ഹദ്റത്ത് സുബയ്ർ, മദീനയിലേക്ക് തിരിച്ച് പോകാൻ ഒരുങ്ങി. അങ്ങനെ സഫ്‌വാൻ എന്ന സ്ഥലത്ത് എത്തി. അത് ബസ്റക്ക് അടുത്തുള്ള ഒരു സ്ഥലമാണ്. അപ്പോൾ ബക്കർ എന്ന് പേരുള്ള ഒരാൾ–അയാൾ ബനു മുജാശിഅ്(ഗോത്രത്തി)ൽ പെട്ടയാളായിരുന്നു– ഹദ്റത്ത് സുബയ്റിനെ കണ്ടു. അയാൾ ചോദിച്ചു, റസൂലുല്ലാഹ്(സ)ന്റെ ശിഷ്യാ! താങ്കൾ എവിടേക്കാണ് പോകുന്നത്? താങ്കളുടെ അടുക്കലേക്ക് ആരും വരാതെ നോക്കുന്നത് എന്റെ ഉത്തരവാദിത്തമാണ്. അയാൾ ഹദ്റത്ത് സുബയ്റിനോടൊപ്പം നീങ്ങി. അഹ്നഫ് ബിൻ ഖയ്സ് എന്നൊരാളെ കണ്ടുമുട്ടി. അയാൾ(ബക്കർ) പറഞ്ഞു: 'ഇത് സുബയ്റാണ്. ഞാൻ ഇദ്ദേഹത്തെ സഫ്‌വാനിലാണ് കണ്ടത്.' അഹ്നഫ് പറഞ്ഞു: 'മുസ്‌ലിമീങ്ങളുടെ രണ്ട് കക്ഷികൾ പരസ്പരം പോരടിക്കുന്നു. പരസ്പരം തലയറുക്കുന്നു. ഇയാളാകട്ടെ തന്റെ കുടുംബക്കാരെ കാണാൻ പോകുകയാണോ?' ഉമയ്ർ ബിൻ ജുർമൂസും ഫളാല ബിൻ ഹാബിസും നുഫയ്ളും ഇത് കേട്ടപ്പോൾ യാത്രാവാഹനത്തിൽ ഹദ്റത്ത് സുബയ്റിനെ പിന്തുടർന്നു. അദ്ദേഹത്തെ ഒരു സംഘത്തോടൊപ്പം കാണുകയുണ്ടായി. ഉമയ്ർ ബിൻ ജുർമൂസ് കുതിരയിൽ സവാരിചെയ്തുകൊണ്ട് അദ്ദേഹത്തെ പിന്തുടരുകയും കുന്തം കൊണ്ട് ഹദ്റത്ത് സുബയ്റിനെ ആക്രമിക്കുകയും ചെറിയൊരു പരിക്ക് ഏൽപ്പിക്കുകയുംചെയ്തു. സുബയ്ർ അപ്പോൾ ദുൽഖിമാർ എന്ന് പേരുള്ള കുതിരയിൽ സഞ്ചരിക്കുകയായിരുന്നു. അതിന്മേൽ ആക്രമണം നടത്തി. ഇബ്നു ജുർമൂസ് താൻ കൊല്ലപ്പെടുമെന്ന് മനസിലാക്കിയപ്പോൾ തന്റെ രണ്ട് സുഹൃത്തുക്കളേയും വിളിച്ചു. അവർ ഒന്നിച്ചുചേർന്ന് ആക്രമിക്കുകയും ഹദ്റത്ത് സുബയ്റിനെ ശഹീദാക്കുകയുംചെയ്തു.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് സുബയ്ർ തന്റെ ഘാതകന്റെ മുന്നിലെത്തിയപ്പോൾ അയാളെ കീഴ്പ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ, ഞാൻ അല്ലാഹുവിന്റെ പേരിൽ നിന്നോടു യാചിക്കുന്നുവെന്ന് അദ്ദേഹത്തോടു ശത്രു പറഞ്ഞു. ഇതുകേട്ടപ്പൾ ഹദ്റത്ത് സുബയ്ർ തന്റെ കൈകൾ പിൻവലിച്ചു. ആ വ്യക്തി ഇത് പലപ്രാവശ്യം ആവർത്തിച്ചു. പിന്നെ ഹദ്റത്ത് സുബയ്റിനെതിരിൽ പ്രശ്നമുണ്ടാക്കുകയും അദ്ദേഹത്തെ മുറിവേൽപ്പിക്കുകയും ചെയ്തു. അപ്പോൾ ഹദ്റത്ത് സുബയ്ർ പറഞ്ഞു: 'അല്ലാഹു താങ്കളെ നിന്ദ്യനാക്കട്ടെ, നീ അല്ലാഹുവിനെ മുൻനിറുത്തി യാചിച്ചുകൊണ്ടിരുന്നു. സ്വയം നീ അത് മറക്കുകയുംചെയ്തു.' ഹദ്റത്ത് സുബയ്റിനെ ശഹീദാക്കിയശേഷം, ഇബ്നു മുർജൂസ് അദ്ദേഹത്തിന്റെ (ഹദ്റത്ത് സുബയ്റിന്റെ) ശിരസും വാളും ഹദ്റത്ത് അലിയുടെ സവിധത്തിൽകൊണ്ടു വന്നു. ഹദ്റത്ത് അലി, വാൾ വാങ്ങിക്കൊണ്ട് പറഞ്ഞു: 'അല്ലാഹുവാണ! ഈ വാൾകാരണം നബി(സ)തിരുമേനിയുടെ മുഖത്തുള്ള അസ്വസ്ഥത അകന്നിരുന്നു. എന്നാൽ, ഇപ്പോൾ ഇത് മരണത്തിന്റേയും കുഴപ്പങ്ങളുടേയും വധസ്ഥലിയിൽ നിന്നുള്ളതാകുന്നു. ഇബ്നു ജുർമൂസ് അകത്തേക്ക് കടക്കാൻ അനുവാദംചോദിച്ചു. കാവൽക്കാരൻ, സുബയ്റിന്റെ ഘാതകൻ ഇബ്നു ജുർമൂസ് വാതിൽക്കൽവന്ന് അനുവാദംചോദിക്കുന്നുവെന്ന് ഉണർത്തിച്ചപ്പോൾ ഹദ്റത്ത് അലി പറഞ്ഞു: 'സ്വഫിയയുടെ മകൻ ഹദ്റത്ത് സുബയ്റിനെ വധിച്ചവൻ നരകത്തിൽ പ്രവേശിക്കട്ടെ! ഞാൻ നബി(സ)തിരുമേനി ഇങ്ങനെ പറയുന്നതായി കേട്ടു:'എല്ലാ നബിക്കും ഒരു ഹവാരി ഉണ്ടായിരിക്കും. എന്റെ ഹവാരി സുബയ്ർ ആകുന്നു.'

ഹദ്റത്ത് സുബയ്റിനെ 'സിബാഅ്' താഴ്‌വരയിലാണ് ഖബറടക്കിയത്. ഹദ്റത്ത് അലിയും കൂട്ടുകാരും അദ്ദേഹത്തെ സംബന്ധിച്ച് കരഞ്ഞുകൊണ്ടിരുന്നു. ശഹാദത്ത് നടക്കുമ്പോൾ സുബയ്റിന് 64 വയസായിരുന്നു പ്രായം. ചിലരുടെ വീക്ഷണത്തിൽ അദ്ദേഹത്തിന്റെ പ്രായം 67 എന്നും 68 എന്നുമാണ്.(മുസ്തദർക് അലസ്സ്വഹീഹയ്ൻ ലിൽഹാക്കിം, വാള്യം 3, പേജ് 413, ബാബു മഅ്രിഫത്തുസ്സ്വഹാബ, ഹദീഥ് 5575, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത്)(മുസ്തദർക് അലസ്സ്വഹീഹയ്ൻ ലിൽഹാക്കിം, വാള്യം 3, പേജ് 412, ബാബു മഅ്രിഫത്തുസ്സ്വഹാബ, ഹദീഥ് 5571, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത്)(അത്ത്വബഖാത്തുൽ കുബ്റാ, ഭാഗം 3, പേജ് 78, സുബയ്ർ ബിൻ അൽഅവ്വാം, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്1990) (അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ വാള്യം 2, പേജ് 460, സുബയ്ർ ബിൻ അൽഅവ്വാം, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1995)

ഹദ്റത്ത് ആത്തിക്ക ബിൻത് സയ്ദ്, ഹദ്റത്ത് സുബയ്ർ ബിൻ അവ്വാമിന്റെ ഭാര്യയായിരുന്നു. ശഹാദത്ത് ആഗ്രഹിക്കുന്നവർ ഹദ്റത്ത് ആത്തിക്കയെ വിവാഹംകഴിക്കട്ടെ എന്ന് മദീനക്കാർ പറയുമായിരുന്നു. ആദ്യം അവരെ അബ്ദുല്ലാഹ് ബിൻ അബീബക്കർ ആണ് വിവാഹം കഴിച്ചത്. അദ്ദേഹം ശഹീദായപ്പോൾ അവർ അദ്ദേഹത്തിൽനിന്ന് വേർപ്പെട്ടു. പിന്നീട് ഹദ്റത്ത് ഉമർ ബിൻ ഖത്വാബ് വിവാഹംചെയ്തു. അദ്ദേഹം ശഹീദാക്കപ്പെട്ടപ്പോൾ അവർ അദ്ദേഹത്തിൽ നിന്നും വേർപ്പെട്ടു. പിന്നീട് ഹദ്റത്ത് സുബയ്ർ ബിൻ അവ്വാം വിവാഹംകഴിച്ചു. അദ്ദേഹം ശഹീദായപ്പോൾ അവർ അദ്ദേഹത്തിൽ നിന്നും വേർപെടുകയുണ്ടായി.

ഹദ്റത്ത് സുബയ്ർ(റ) ശഹീദായപ്പോൾ ഹദ്റത്ത് ആത്തിക്ക ഈ ഈരടികൾ ചൊല്ലുകയുണ്ടായി:

ഗദറബ്നു ജുർമൂസിൻ ബി ഫാരിസി ബുഹ്മത്തിൻ യൗമല്ലിഖാഇ വ കാന ഗയ്റ മുഅർരിദി

യാ അംറൂ ലൗ നബ്ബഹ്ത്തഹൂ ലവജദ്ത്തഹൂ ത്വാഇശൻ രയിശൽജനാനി വലൽയദി

ശല്ലത്ത് യമീനുക്ക ഇൻ ഖത്തൽത്ത ലമുസ്‌ലിമൻ ഹല്ലത്ത് അലയ്ക്ക ഉഖൂബത്തുൽമുത്തഅമ്മിദി

ഥകിലത്ത്ക്ക ഉമ്മുക്ക ഹൽ ല്വഫിർത്ത ബിമിഥ്‌ലഹീ ഫീമൻ മളാ ഖീമാ തറൂഹു വ തഗ്ത്തദി

കം ഗംറത്തിൻ ഖദ് ഖാളഹാ ലം യഥ്നിഹീ അൻഹാ ത്വിറാദുക്ക യബ്ന ഫഖ്‌യിൽ ഖർദദി

ഇബ്നു ജുർമൂസ്, യുദ്ധദിവസം ആ യോദ്ധാവിനോട് വഞ്ചന കാണിച്ചു. വാസ്തവത്തിൽ അവൻ ഒളിച്ചോടുന്നവനായിരുന്നു. അംറ് ബിൻ ജുർമൂസേ! നീ അദ്ദേഹത്തെ അറിയിച്ചിരുന്നുവെങ്കിൽ, ഹൃദയവും കൈകളുംവിറക്കുന്ന പൗരുഷമില്ലാത്തവനായി അദ്ദേഹത്തെ കാണുമായിരുന്നില്ല. നിന്റെ കൈ മരവിച്ചുപോകട്ടെ, നീ നശിപ്പിക്കപ്പെട്ടിരിക്കുന്നു. നീ ഒരിക്കൽ അദ്ദേഹത്തെപ്പോലുള്ള വ്യക്തിയുടെ മേൽ വിജയിച്ചിരിക്കുന്നു. അല്പം പ്രയാസംപോലും സഹിക്കാൻ കഴിയാത്തവനേ, സുബയ്ർ എത്ര കഠിനമായ സാഹചര്യത്തിലും രണാങ്കണത്തിൽ സജീവ സാന്നിദ്ധ്യമായിരുന്നു. വെളുത്ത മുഖമുള്ള മനുഷ്യാ! നിന്റെ കുന്തപ്പയറ്റ് അദ്ദേഹത്തിന് ഒരു ഊനവും വരുത്തുകയില്ല.(അത്ത്വബഖാത്തുൽ കുബ്റാ, ഭാഗം 3, പേജ് 83, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 1990)

ത്വബഖാത്തുൽ കുബ്റയിലുള്ള ഒരു നിവേദനത്തിൽ പറയുന്നു: 'ഇബ്നു ജുർമൂസ്, ഹദ്റത്ത് അലിയോട് അനുവാദം ചോദിച്ചപ്പോൾ, ഹദ്റത്ത് അലി അയാളിൽനിന്ന് വിദൂരസ്ഥനാകാനാണ് ആഗ്രഹിച്ചത്. അപ്പോൾ അയാൾ ചോദിച്ചു: 'സുബയ്ർ പ്രശ്നമുണ്ടാക്കുന്നവരിൽ ഉൾപ്പെടുന്നില്ലേ?' ഹദ്റത്ത് അലി പറഞ്ഞു: ത്വൽഹയേയും സുബയറിനേയും കുറിച്ച് അല്ലാഹു പറയുന്നു: *വ നസഅ്നാ മാ ഫീ സ്വുദൂരിഹിം മ്മിൻ ഗില്ലിൻ ഇഖ്‌വാനൻ അലാ സുറുറിൻ മ്മുതഖാബിലീൻ*(15:48)

നാം അവരുടെ ഹൃദയങ്ങളിലെ പൊടിപടലങ്ങളെ ഇല്ലാതാക്കുന്നതാണ്. അങ്ങനെ അവർ കട്ടിലുകളിൽ സഹോദരങ്ങളായി മുഖാമുഖം ഇരിക്കുന്നതാണ് എന്ന് പറഞ്ഞവരുടെകൂട്ടത്തിൽ ആയിരിക്കുമെന്ന് പ്രത്യാശിക്കുന്നു.(അത്ത്വബഖാത്തുൽ കുബ്റാ, ഭാഗം 3, പേജ് 83, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 1990)

ഹദ്റത്ത് സുബയ്ർ പല സമയങ്ങളിലായി പല വിവാഹങ്ങളും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന് ധാരാളം സന്താനങ്ങളുമുണ്ടായിരുന്നു. അതിന്റെ വിശദീകരണം ഇപ്രകാരമാണ്,

ഹദ്റത്ത് അസ്മ ബിൻത് അബൂബക്കർ, ഇവരിൽ നിന്ന് അബ്ദുല്ലാഹ്, ഉർവ, മുൻദിർ, ആസിം, ഖദീജത്തുൽ കുബ്റാ, ഉമ്മുൽ ഹസൻ, ആഇശ എന്നിവർ ജനിച്ചു. ഹദ്റത്ത് ഉമ്മു ഖാലിദിൽനിന്ന് ഖാലിദ്, അംറ്, ഹബീബ, സൗദ, ഹിന്ദ് എന്നിവരും ഹദ്റത്ത് റുബാബ് ബിൻത് ഉനയ്ഫിൽ നിന്ന് മിസ്അബ്, ഹംസ, റംല, എന്നിവരും ഹദ്റത്ത് സയ്നബ് ഉമ്മു ജഅ്ഫർ ബിൻത് മർസ്വദിൽ നിന്ന് ഉബയ്ദ, ജഅ്ഫർ എന്നിവരും ഹദ്റത്ത് ഉമ്മുകുൽഥും ബിൻത് ഉഖ്ബയിൽ നിന്ന് സയ്നബും ഹദ്റത്ത് ഹിലാൽ ബിൻത് ഖയ്സിൽനിന്ന് ഖദീജത്തു സ്സുഗ്റായും ജനിച്ചു.(അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് , ഭാഗം 3, പേജ് 74, സുബയ്ർ ബിൻ അൽഅവ്വാം, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്1990)

(മറ്റൊരു ഭാര്യയാണ്) ഹദ്റത്ത് ആത്തിക്ക ബിൻത് സയ്ദ്.(അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, സുബയ്ർ ബിൻ അൽഅവ്വാം, ഭാഗം 3, പേജ് 83, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്1990)

ഹദ്റത്ത് സുബയ്റിനെ സംബന്ധിച്ച എല്ലാ സംഭവങ്ങളും ഇവിടെ സമാപിച്ചിരിക്കുന്നു.

ഇനി ചില പരേതാത്മക്കളെ ഞാൻ അനുസ്മരിക്കുകയാണ്. ജുമുഅക്കുശേഷം ഞാൻ ജനാസയും നമസ്കരിപ്പിക്കുന്നതാണ്. ആദ്യത്തേത് ഗാംബിയയിലെ(മുന്നാമത്തെ) നാഇബ് അമീർ അൽഹാജ് ഇബ്റാഹീം മുബാഇ സാഹിബ് ആകുന്നു. അദ്ദേഹം ആഗസ്റ്റ് 10 ന് നിര്യാതനായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* അദ്ദേഹം 1944 ജൂൺ 4 ന് ബാൻജൽ എന്ന സ്ഥലത്താണ് ജനിച്ചത്. മുൻ അമീർ മർഹൂം ജനാബ് ചൗദരീശരീഫ് സാഹിബിന്റെ കാലത്ത് 61–ലോ 62–ലോ ആണ് അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിച്ചത്. ജമാഅത്തിലെ ആദ്യകാല അംഗങ്ങളിൽപെട്ട ആളായിരുന്നു. അഞ്ചുനേരേ നമസ്കാരത്തിലും തഹജ്ജുദിലും ശുഷ്കാന്തിയുള്ള ആളായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസ്വിയായിരുന്നു. സാമ്പത്തിക ത്യാഗത്തിൽ എപ്പോഴും

മുൻപന്തിയിൽ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ മകൻ പറയുന്നു: 'അദ്ദേഹം വഫാത്തിന് തൊട്ടുമുമ്പേയും തഹജ്ജുദ് നമസ്കരിച്ചിരുന്നു. കുടിക്കാൻ വെള്ളം ചോദിച്ചു. തുടർന്ന് അല്ലാഹുവിന്റെ സവിധത്തിൽ ഹാജരായി. പരേതൻ, വിശുദ്ധ ഖുർആനിന്റെ പ്രേമി ആയിരുന്നു. പതിവായി വിശുദ്ധ ഖുർആൻ പാരായണം ചെയ്യുമായിരുന്നു. അദ്ദേഹം നീണ്ടകാലമായി നാഇബ് അമീർ എന്ന നിലയിൽ സേവനം ചെയ്തുവരുകയായിരുന്നു. അതോടൊപ്പം ജൽസാ സാലാന ഓഫീസർ, നാഷണൽ സെക്രട്ടറി ഉമൂർ ഖാരിജ, സദ്ർ മജ്ലിസ് അൻസാറുല്ലാഹ് ഗാംബിയ എന്നീ സേവനങ്ങൾക്കും തൗഫീഖ് ലഭിച്ചിരുന്നു. മസ്റൂർ സെക്കന്ററിസ്കൂൾ ബോർഡ് മെമ്പറായിരുന്നു.

ക്വാളിഫൈഡ് ടീച്ചർ ആയിരുന്നു. രാജ്യത്തിന്റെ വിവിധ സ്ഥലങ്ങളിൽ അധ്യാപകനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. തന്റെ കർമരംഗത്ത് ഉന്നതവിദ്യാഭ്യാസത്തിനും മാസ്റ്റർ ഡിഗ്രി എടുക്കുന്നതിനും അമേരിക്കയിൽ പോയിരുന്നു. പിന്നെ തിരിച്ചുവന്ന് രാജ്യത്തേയും സമുദായത്തേയും സേവിക്കുകയുണ്ടായി. അദ്ദേഹം ഗാംബിയായിലെ സുപ്രസിദ്ധ സ്ഥാപനമായ മാനേജ്മെന്റ് ഡവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപക അംഗങ്ങളിൽപെടുന്നു. ഈ സ്ഥാപനം ഗാംബിയായിൽ സിവിൽസർവൻസി(civil servants)നും മറ്റു ആളുകൾക്കും ഉന്നത വിദ്യാഭ്യാസം നൽകുന്നു. ഗാംബിയായിലെ നിരവധി ഉന്നത സർക്കാർ ഒഫീസർമാർ ഈ സ്ഥാപനത്തിൽ നിന്ന് പഠിച്ചവരാണ്. ഇദ്ദേഹം, ത്വാഹിർ അഹ്മദിയ്യാ മുസ്ലിം സീനിയർ സ്കൂളിന്റെ പ്രിൻസിപ്പലായും നുസ്റത്ത് സീനിയർ സെക്കന്ററി സ്ക്കൂളിന്റെ ഹെഡ്മാസ്റ്ററായും പ്രവർത്തിച്ചിട്ടുണ്ട്. രാജ്യത്തേയും വിദേശത്തേയും നിരവധിപേർക്ക് അദ്ദേഹം വിജ്ഞാനം പകർന്നു നല്കിയട്ടുണ്ട്. വൈജ്ഞാനിക സദസ്സുകളിലെല്ലാം അദ്ദേഹത്തിന്റെ മഹത്ത്വം അറിയപ്പെടുന്നതാണ്. ജനങ്ങൾ അദ്ദേഹത്തെ My Teacher എന്നാണ് വിളിച്ചിരുന്നത്. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബത്തിൽ രണ്ട് ഭാര്യയും, ഏഴ് ആൺമക്കളും രണ്ട് പെൺമക്കളുമുണ്ട്. അദ്ദേഹത്തിന്റെ ഒരു ഭാര്യ, മിസ്. അഖീബ സാഹിബ ഗാംബിയ ലജ്ന ഇമാഇല്ലാഹ് സദ്ർ ആകുന്നു. അദ്ദേഹത്തിന്റെ ഒരു മകൻ വാഖിഫെ സിന്ദഗിയാണ്. ജാമിഅത്തുൽ മുബശ്ശിരീൻ പാസായിരിക്കുന്നു. അദ്ദേഹത്തിന്റെ മറ്റൊരു മകൻ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സദ്റായിരുന്നു. രണ്ട് ആൺമക്കൾ അമേരിക്കയിലാണ്. ഒരു മകൾ ഇവിടെ യു.കെയിലാണ് താമസിക്കുന്നത്. അല്ലാഹു അദ്ദേഹത്തോട് കാരുണ്യത്തോടും പൊറുമയോടും വർത്തിക്കുമാറാകട്ടെ. അദ്ദേഹത്തിന്റെ ആഗ്രഹമനുസരിച്ച് അദ്ദേഹത്തിന്റെ മക്കളെ എപ്പോഴും ദീനുമായി അല്ലാഹു ബന്ധമുള്ളവരാക്കി നിറുത്തുമാറാകട്ടെ.

ഗാംബിയ അമീർ സാഹിബ് എഴുതുന്നു: ഞാനും Crab Island Middle School(കർബ് ഐലന്റ് മിഡിൽസ്കൂളി)ൽ അദ്ദേഹത്തിന്റെ ശിഷ്യനായിരുന്നു. ഇവിടെ അഹ്മദി വിദ്യാർഥികൾ, മറ്റുമുസ്ലിംവിദ്യാർഥികളുമായി ചേർന്ന് വ്യാഴാഴ്ച ദിവസം ഇസ്ലാമിയ്യാത്ത് എന്ന വിഷയത്തിൽ ക്ലാസ് ആരംഭിച്ചിട്ടുണ്ടായിരുന്നു. അദ്ദേഹമാണ് ക്ലാസ് എടുത്തിരുന്നത്. അദ്ദേഹം ജമാഅത്ത് ഭാരവാഹികളേയും ജമാഅത്ത് വ്യവസ്ഥിതിയേയും ഏറെ ആദരിച്ചിരുന്നു. (അമീർ സാഹിബ്) പറയുന്നു: എന്റെ ഗുരുനാഥനായിരുന്നിട്ട് കൂടി, അമീർ എന്ന നിലക്ക് എപ്പോഴും എന്നേയും മറ്റു ഭാരവാഹികളേയും അനുസരിച്ചിരുന്നു. വളരെ അധ്വാനശീലനും ആത്മാർഥതയുള്ള ആളും വിശാല ഹൃദയനുമായിരുന്നു. ഖിലാഫത്തിനോട് കൂറും അനുസരണവുമുള്ള ആളായിരുന്നു. കാലത്തിന്റെ ഖലീഫയുമായി അനുരക്തിയുടേയും സ്നേഹത്തിന്റേയും ബന്ധമായിരുന്നു. എപ്പോഴും ജമാഅത്തിന്റേയും ഖിലാഫത്തിന്റേയും പ്രതിരോധത്തിൽ മുന്നിലുണ്ടായിരുന്നു. നല്ലപോലെ ദീനീജ്ഞാനം ഉണ്ടായിരുന്നു. തെളിവുകളോടുകൂടിയാണ് സംസാരിച്ചിരുന്നത്. യുക്തിഭദ്രമായി സംവദിക്കുമായിരുന്നു. നവീന ടെക്നോളജിയും വ്യത്യസ്ത മാർഗങ്ങളും മുഖേന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശം പ്രചരിപ്പിക്കുന്നതിന് ശ്രമിച്ചിരുന്നു. തബ്ലീഗിൽ മുഴുകിയിരുന്നു.

രണ്ടാമത്തെ ജനാസ അബ്ദുൽ ജലീൽ സാഹിബിന്റെ മകൻ കറാച്ചി നാഇബ് അമീർ ജനാബ് നഈം അഹ്മദ് ഖാൻ സാഹിബിന്റേതാണ്. അദ്ദേഹം വഫാത്തായിട്ട് രണ്ട് മൂന്ന് മാസം കഴിഞ്ഞിരിക്കുന്നു. ഏപ്രിൽ അവസാനമാണ് അദ്ദേഹം മരണപ്പെട്ടത്. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ*

ഇദ്ദേഹത്തിന്റെ കുടുംബത്തിൽ ഏറ്റവുമാദ്യം അഖ്തർ അലി സാഹിബ് മുഖേനയാണ് അഹ്മദിയ്യത്ത് എത്തിയത്. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ഹദ്റത്ത് മൗലവി ഹസൻ അലി സാഹിബ് ഭാഗൽപൂരി മുഖേനയാണ് ബയ്അത്ത് ചെയ്തത്. മൗലവി അഖ്തർ അലി സാഹിബ്, ഇദ്ദേഹത്തിന്റെ മാതാവിന്റെ മാതൃസഹോദരനും പിതാവിന്റെ സഹോദരീ ഭർത്താവുമായിരുന്നു. നഈം ഖാൻ സാഹിബ് ഇന്ത്യയിലെ ബിഹാറിലുള്ള പറ്റ്നയിൽ നിന്നാണ് മെട്രിക് പാസായത്. പാക്കിസ്താൻ നിലവിൽവന്നതിൽപ്പിന്നെ 1948ൽ ലാഹോറിലെത്തി. ദയാൽ സിംഗ് കോളേജിൽനിന്ന് ഇന്റർമീഡിയറ്റും ലാഹോർ ടി.ഐ കോളേജിൽനിന്ന് എം.എസ്.സിയും പാസായി. തുടർന്ന് ലണ്ടനിൽ പോയി. 1959 ൽ തിരിച്ച് കറാച്ചിയിലെത്തി. ഗ്യാസ് കമ്പനിയിൽ ജോലിചെയ്തു. 1993–ൽ സീനിയർ ജനറൽ മാനേജർ തസ്തികയിലാണ് റിട്ടയേർഡ് ചെയ്തത്. കറാച്ചി മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ സൻഅത്ത്–വ–തിജാറത്ത് നാളിം ആയാണ് സേവനം ആരംഭിച്ചത്. ശേഷം മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ കറാച്ചി തദ്ദേശ നാഇബ് ഖാഇദായി നിയമിക്കപ്പെട്ടു. പിന്നെ 68–ൽ കറാച്ചി മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഖാഇദായി തിരഞ്ഞെടുക്കപ്പെട്ടു. 4 വർഷം സേവനം ചെയ്തു. പിന്നെ അൻസ്വാറുല്ലാഹ് മാർട്ടിൻ റോഡ് കറാച്ചിയിൽ സഈം അഅ്ലാ ആയിരുന്നു. പിന്നീട് അൻസ്വാറുല്ലാഹ് കറാച്ചി മേഖലാ നാളിം ആയി നിയമിക്കപ്പെട്ടു. 1997–ൽ കറാച്ചി ജമാഅത്തിൽ വഖ്ഫെ ജദീദ് സെക്രട്ടറിയായി നിയോഗിതനായി. 2019 വരെ ഈ സ്ഥാനം വഹിച്ചു. നീണ്ടകാലം കറാച്ചി ജമാഅത്തിൽ നാഇബ് അമീറായി സേവനം ചെയ്യാൻ തൗഫീഖ് ലഭിച്ചിരുന്നു. ഫള്ലെ ഉമർ ഫൗണ്ടേഷന്റെ ഡയറക്ടറുമായിരുന്നു. ഇന്റർ നാഷണൽ അസോസിയേൻ ഓഫ് അഹ്മദിയ്യാ ആർകിടെക്റ്റ്സ് എഞ്ചിനീയേർസ്ന്റെ ആദ്യത്തെ പ്രവർത്തക സമിതിയിൽ ഓഡിറ്ററായി സേവനം ചെയ്തിട്ടുണ്ട്. കുറേ വർഷങ്ങളായി കറാച്ചി ചാപ്റ്ററിന്റെ സദ്ർ ആയിരുന്നു. 1970–ൽ റബ്വ ദാറുള്ളിയാഫത്തി (അതിഥി മന്ദിരം)നു വേണ്ടി, എന്നല്ല ജൽസാ സാലാനക്ക് വേണ്ടി റൊട്ടി(ചപ്പാത്തി) തയ്യാറാക്കുന്ന മെഷീനുകൾ സ്ഥാപിക്കുന്ന പദ്ധതി ഉണ്ടാക്കിയിരുന്നു. മെഷീനുകൾ വാങ്ങാനും തുടങ്ങി. അപ്പോൾ ഇദ്ദേഹത്തിന് എഞ്ചിനീയർ എന്ന നിലക്ക് ഈ ജോലിയിലും ഭാഗഭാക്കാകാനുള്ള തൗഫീഖ് ലഭിച്ചിരുന്നു.

അദ്ദേഹത്തിന്റെ മകൾ അമ്മാറ സാഹിബ എഴുതുന്നു: ഞങ്ങളുടെ പിതാവ് ഉമ്മയുടെ മരണശേഷം–അദ്ദേഹത്തിന്റെ ഭാര്യ നേരത്തെ മരിച്ചിരുന്നു–ഒരു വാത്സല്യനിധിയായ പിതാവ് എന്ന നിലക്കുമാത്രമല്ല മറിച്ച് ശ്രദ്ധയുള്ള മാതാവിന്റേയും സഹാനുഭൂതിയുള്ള സുഹൃത്തിന്റേയുംറോൾ വളരെ നല്ലനിലയിൽ നിർവഹിച്ചിരുന്നു. എപ്പോഴും ദീനിനോടും ഖിലാഫത്തിനോടും കൂറുകാണിക്കാനും നമസ്കാരത്തിൽ കൃത്യനിഷ്ഠ പാലിക്കാനും ജമാഅത്തുമായുള്ള ബന്ധത്തിനുമാണ് ഉപദേശിച്ചിരുന്നത്.

അദ്ദേഹത്തിന്റെ മകളുടെ ഭർത്താവ് ഡോക്ടർ ഗഫ്ഫാർ സാഹിബ് എഴുതുന്നു: അദ്ദേഹവുമായി എന്റെ ബന്ധം 30 വർഷം മുമ്പേ ആരംഭിച്ചതാണ്. ഈ മുപ്പത് വർഷത്തിൽ അദ്ദേഹത്തെ അടുത്തുനിന്ന് കാണാൻ കഴിഞ്ഞിട്ടുണ്ട്. അദ്ദേഹവുമായുള്ള അടുപ്പവും ബന്ധവും എന്റെ ജീവിതത്തിൽ വളരെ പോസിറ്റീവായ സ്വാധീനമാണ് ഉണ്ടാക്കിയിട്ടുള്ളത്. അദ്ദേഹത്തിന്റെ ശീലങ്ങൾ ഏറെ പരിശുദ്ധവും ലാളിത്യത്താൽ പരിലിപ്തവുമായിരുന്നു. ഇബാദത്തുകളിലുള്ള താൽപര്യം അസൂയാർഹമായിരുന്നു. തഹജ്ജുദ് അദ്ദേഹത്തിന്റെ പതിവുശീലമായിരുന്നു. അവസാന നാളുകളിൽ പക്ഷാഘാതം കാരണം സ്വയം നടക്കാൻ കഴിഞ്ഞിരുന്നില്ല. അപ്പോഴും പതിവുശീലങ്ങളിൽ അല്പംപോലും മാറ്റം വരുത്തിയില്ല. തന്റെ മെയിൽനേഴ്സി (male nurse)നോട്, തന്നെ ഇന്ന സമയത്ത് എഴുന്നേൽപ്പിച്ച് ഇരുത്തണമെന്ന് പറഞ്ഞിരുന്നു. പിന്നെ കസേരയിലിരുന്ന് കൃത്യമായ തഹജ്ജുദോടെയാണ് ആരംഭിച്ചിട്ടുണ്ടായിരുന്നത്. നമസ്കാരങ്ങൾ അനുഷ്ഠിച്ചിരുന്നു. ഒരുപാട് പ്രയാസങ്ങൾ ഉണ്ടായിട്ടും ലാപ്ടോപ്പിൽ ദീനീജോലികൾ നിർവഹിച്ചിട്ടുണ്ടായിരുന്നു.

മുറബ്ബി സിൽസില, നസീം തബസ്സും സാഹിബ് എഴുതുന്നു: എപ്പോഴും അദ്ദേഹത്തിന്റെ ചുണ്ടുകളിൽ പുഞ്ചിരി ഉണ്ടായിരുന്നു. രോഗിയായിരുന്നിട്ടുകൂടി ഓഫീസിൽ വന്നിരുന്നു. ജീവിതം വഖ്ഫ് ചെയ്തവരോട് വളരെ സ്നേഹത്തോടേയും ആദരവോടേയുമാണ് പെരുമാറിയിരുന്നത്. അല്ലാഹു അദ്ദേഹത്തോട് മഗ്ഫിറത്തോടും കാരുണയോടും പെരുമാറട്ടെ. അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്ക് അദ്ദേഹത്തിന്റെ നന്മകൾ തുടർന്ന് കൊണ്ടുപോകാൻ തൗഫീഖ് നൽകുമാറാകട്ടെ.

അദ്ദേഹത്തെപറ്റി മറ്റൊരു കാര്യംകൂടിയുണ്ട്. നോർവയിലെ സർത്തശ്ത് മുനീർ സാഹിബ് എഴുതുന്നു: അദ്ദേഹം ദീനീ സേവനത്തിന് എപ്പോഴും തയ്യാറായിരുന്നു. ഖിലാഫത്തിനോട് സ്നേഹവും ആത്മാർഥതയും കൂറുമുള്ള ബന്ധം എപ്പോഴും നിലനിറുത്തിയിരുന്നു. പറയുന്നു: ഞാൻ ഖാഇദ് എന്ന നിലക്ക് സേവനംചെയ്തിരുന്നപ്പോൾ വളരെ ഉന്നതമായ നിലയിൽ എനിക്ക് മാർഗദർശനം നൽകിയിട്ടുണ്ട്. എല്ലാ അമീർമാരോടും അനുസരണത്തിന്റേയും സഹകരണത്തിന്റേയും ഉന്നത നിലവാരം ഞാൻ എപ്പോഴും അദ്ദേഹത്തിൽ കണ്ടിട്ടുണ്ട്.

അടുത്ത ജനാസ മർഹൂം ടേക്കേദാർ വലി മുഹമ്മദ് സാഹിബിന്റെ ഭാര്യ ബുശ്റാ ബേഗം സാഹിബ (ജർമനി)യുടേതാണ്. അവർ ജൂലായ് 19 ന് 74–ാമത്തെ വയസിൽ ഹൃദയസ്തംഭനംമൂലം ജർമനിയിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* അവരുടെ മാതാമഹൻ ഹദ്റത്ത് മിയാൻ നിളാമുദ്ദീൻ സാഹിബ് ഓഫ് നാഭാ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായിരുന്നു. തഹജ്ജുദ് നമസ്കാരത്തിൽ കൃത്യനിഷ്ഠയുണ്ടായിരുന്നു. മറ്റു നമസ

(ശേഷം പേജ് 12ൽ)

(പേജ് 2ൽനിന്ന്)

തുകൊണ്ടും വേർപ്പെടുത്തുന്നതുകൊണ്ടും ഉണ്ടാകുകയില്ല. ഉദാഹരണത്തിന് ആത്മാക്കളിൽ ഒരു ജാഗ്രദർശന ശക്തിയുണ്ട്. ഇതുമുഖേന അതിന് മറഞ്ഞിരിക്കുന്ന കാര്യങ്ങളെ കഠിനാധ്വാനത്തിനു (മുജാഹദാത്ത്)ശേഷം അന്വേഷിക്കാൻ കഴിയും. പിന്നെ മനസ്സിലാക്കാൻ കഴിയുന്ന ഒരു ശക്തിയാണ് അതിലുള്ളത്. ഇതുമുഖേന അതിന് ബുദ്ധിപരമായ കാര്യങ്ങളെ അറിയാൻ കഴിയുന്നതായിരിക്കും. അതുപോലെതന്നെ ഒരു ശക്തിയാണ് അവനിലുണ്ടാകുന്ന സ്നേഹവും. അതുമുഖേന അത് അല്ലാഹുവിലേക്ക് ചായുന്നു. ഈ സകലശക്തികളേയും ഒരു ഗവേഷകൻ കണ്ടുപിടിക്കാതെ സ്വയമേവ ഉണ്ടായതാണെന്ന് വിശ്വസിക്കുകയാണെങ്കിൽ പരമേശ്വരന് അതിൽ വലിയ നിന്ദ്യതയാണുണ്ടാകുന്നത്. അപ്പോൾ ഉത്തമവും ഉന്നതവുമായ ജോലി സ്വയംഭൂവാണെന്നും ചെറുതും നിസാരവുമായ ജോലി പരമേശ്വരന്റെ കൈയാൽ ഉണ്ടായതാണെന്നും പറയേണ്ടിവരും. (Ibid പേജ് 140)

**എല്ലാ ഓരോ ആത്മാവിനും പരമേശ്വരനോടു ചോദിക്കാൻ കഴിയും**

എന്നെ നീ ഒരു അവസ്ഥയിലും സൃഷ്ടിച്ചിട്ടില്ലെന്നും എന്റെ ശക്തികളും കഴിവുകളും യോഗ്യതകളും നീ നോക്കിയിട്ടില്ലെന്നും അപ്പോൾ പിന്നെ എന്ത് അർഹതകൊണ്ടാണ് നീ എന്നിൽനിന്ന് ആരാധന ആഗ്രഹിക്കുന്നതെന്നും എല്ലാ ഓരോ ആത്മാവിനും പരമേശ്വരന് മറുപടി നല്കാൻകഴിയും.(Ibid പേജ് 140)

**പരമേശ്വരന് ആത്മാക്കളുടെ സത്തയെ കുറിച്ചും അവസ്ഥയെ കുറിച്ചും പൂർണ ജ്ഞാനമില്ല.**

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ആത്മാക്കളെ സൃഷ്ടിക്കാൻ കഴിയാത്തയാളാണ് ഹിന്ദുക്കളുടെ പരമേശ്വരൻ. ഈ കഴിവില്ലായ്മയുടേയും അപ്രാപ്തിയുടേയും യഥാർഥ കാരണം ആത്മാവിന്റെ അവസ്ഥയുടെ അറിവും അതിന്റെ യാഥാർഥ്യവും അറിയാത്തതാണ്. ഒരു വസ്തു ഉണ്ടാക്കുക എന്നതും ആ വസ്തുവിന്റെ യാഥാർഥ്യം പൂർണമായ നിലയിൽ അറിയുക എന്നതും യഥാർഥത്തിൽ പരസ്പരപൂരിതങ്ങളായി കിടക്കുകയാണ്. എന്നല്ല കൂടുതൽ ചിന്തിക്കുകയാണെങ്കിൽ പരമമായ സ്ഥാനത്തുള്ള സമ്പൂർണ ജ്ഞാനവും സൃഷ്ടിക്കുക എന്നതും യഥാർഥത്തിൽ ഒരേയൊരു കാര്യമാണെന്ന് നിങ്ങൾക്ക് മനസ്സിലാകുന്നതായിരിക്കും.(Ibid പേജ് 230-231)

**അജ്ഞനായ കാരണത്താൽ ആത്മാക്കളേയും ശരീരങ്ങളേയും കൂട്ടിയോജിപ്പിക്കാനും പരമേശ്വരൻ അർഹനല്ല.**

ആത്മാക്കളേയും ശരീരങ്ങളേയും തമ്മിൽ കൂട്ടിയോജിപ്പിക്കുന്നതുതന്നെ പരമേശ്വരന് മതിയായതാണെന്ന് ആര്യമതക്കാർ പറയുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:അത്തരം അയോഗ്യനായ പരമേശ്വരൻ ഒരിക്കലും കൂട്ടിയോജിപ്പിക്കുന്നതിനും കഴിവുള്ളവനല്ലെന്ന് ഞാൻ പറയുന്നു. ആത്മാക്കളുടെ യാഥാർഥ്യം പൂർണമായും പരമേശ്വരന് അറിയാമായിരുന്നെങ്കിൽ അവന് അതിനെ സൃഷ്ടിക്കാനും കഴിയും. കാരണം ഒരു വസ്തുവിനെ കുറിച്ച് പൂർണമായജ്ഞാനം ഉണ്ടാകുക എന്നത് അതിനെ സൃഷ്ടിക്കാനും പ്രാപ്തനാക്കുന്നു. അവൻ ആത്മാക്കളെ സൃഷ്ടിക്കാൻ കഴിവില്ലാത്തവനാകുമ്പോൾ അതിൽനിന്ന് വ്യക്തമായും സ്ഥാപിതമാകുന്നത് അവന് ആത്മാക്കളുടെ പ്രത്യേകതകളേയും ആന്തരികമായ ശക്തികളേയും അവസ്ഥകളേയും കുറിച്ച് പൂർണമായ ജ്ഞാനം ഇല്ലെന്നാണ്. അങ്ങനെ പൂർണമായ ജ്ഞാനം ഇല്ലെന്നുവരുമ്പോൾ അത്തരം അപൂർണവും ന്യൂനവുമായ അറിവുകൊണ്ട് കൂട്ടിയോജിപ്പിക്കാൻ കഴിവുള്ളവനാകുന്നതെങ്ങനെ? എന്തെങ്കിലും തെളിവുണ്ടെങ്കിൽ സമർപിക്കേണ്ടതാണ്.'(Ibid പേജ് 263)

**പരിമിതമായ മോക്ഷം നല്കുന്ന അപൂർണനാണ് പരമേശ്വരൻ. പൂർണമായ മോക്ഷം നല്കാൻ അവന് കഴിവില്ല.**

ആത്മാക്കളും ശരീരങ്ങളും പ്രഞ്ചത്തിലെ ഓരോ അണുവും സ്വയംഭൂവാണെന്നാണ് ആര്യമതക്കാരുടെ വിശ്വാസം. പരമേശ്വരൻ ഒന്നും സൃഷ്ടിച്ചിട്ടില്ല. സൃഷ്ടിക്കാൻ കഴിവുമില്ല. അതുകൊണ്ട് പരമേശ്വരൻ അനശ്വരമായ മോക്ഷം നല്കുകയാണെങ്കിൽ ആത്മാക്കൾ സർവവും മോക്ഷം പ്രാപിച്ച് പരമേശ്വരന്റെ കൈയിൽനിന്ന് ചാടിപ്പോകുന്ന ഒരു ദിവസം വരും. കാരണം പുതിയ ആത്മാവിനെ സൃഷ്ടിക്കാൻ പരമേശ്വരന് കഴിവില്ല. അതുകൊണ്ട് ആർക്കും ശാശ്വതമായ മോക്ഷം നല്കാതിരിക്കാൻ പരമേശ്വരൻ നിർബന്ധിതനാണ്. അവിടന്ന് പറയുന്നു, ദൈവം സ്രഷ്ടാവല്ലാത്തതുകൊണ്ട് കഴിവില്ലാത്തവനായിരുന്നു. പരിമിതമായ മോക്ഷം നല്കിയാലല്ലാതെ അവന്റെ ദൈവത്വം നിലനില്ക്കുകയില്ല. അതുകൊണ്ട് നിർബന്ധിതനായി അവൻ മോക്ഷത്തെ പരിമിതമാക്കിവെച്ചു. ജനങ്ങൾക്ക് തങ്ങളുടെ ദൗർഭാഗ്യംകൊണ്ട് അപൂർണനായ ദൈവത്തെയാണ് കിട്ടിയത്. അവൻ അനശ്വരമായ മോക്ഷം നല്കാൻ ശക്തനല്ല. അതുകൊണ്ട് അവന്റെ ദൗർഭാഗ്യരായ ദാസർ ശാശ്വതമായ മോക്ഷം പ്രാപിക്കുന്നതിൽനിന്ന് തടയപ്പെട്ടു. (Ibid പേജ് 148)

**ആത്മാക്കളേയും ശരീരങ്ങളേയും സൃഷ്ടിക്കില്ലെന്ന് വിശ്വസിക്കുമ്പോൾ ദൈവത്തിന്റെ പൂർണമായ സവിശേഷതകൾക്ക് കഠിനമായ ആഘാതമേല്ക്കുന്നു.**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹു സമ്പൂർണ സത്തയാണ്. അവൻ സകല കൃപാവരങ്ങളുടേയും ആരംഭവും സർവ പ്രകാശങ്ങളുടേയും ഉത്ഭവസ്ഥാനവും എല്ലാ വസ്തുക്കളേയും നിലനിറുത്തുന്നവനും എല്ലാ ഉൽകൃഷ്ട ഗുണങ്ങളും അടങ്ങിയവനും എല്ലാ ശ്രേഷ്ഠതകളും ഉൾക്കൊള്ളുന്നവനും ന്യൂനതകളിൽനിന്നും പോരായ്മകളിൽനിന്നും അന്യരെ ആശ്രയിക്കുന്നതിൽനിന്നും പരിശുദ്ധനുമാണ്. പക്ഷേ, ഇതു ശരിയല്ലേ എന്ന് നിങ്ങൾ ചിന്തിച്ചു നോക്കുക. ആത്മാക്കളും ശരീരങ്ങളും സൃഷ്ടിയല്ലെന്നും സ്വയംഭൂവാണെന്നും വിശ്വസിക്കുമ്പോൾ പൂർണമായ ദൈവസവിശേഷതകളിൽ ഒന്നും നിലനിൽക്കുകയില്ല. ശക്തമായൊരു പ്രഹരമാണ് അവന്റെ ദൈവത്വത്തിന് ഏല്ക്കുന്നത്. പിന്നെ അവനിൽ ഒന്നും അവശേഷിക്കുകയില്ല.(Ibid പേജ് 144)

**ഇതെന്തൊരു പരമേശ്വരനാണ്; പരിപാലകനുമല്ല, സ്രഷ്ടാവുമല്ല, ഉടമസ്ഥനുമല്ല!**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: എല്ലാ ആത്മാക്കളും ശരീരങ്ങളും സ്വയംഭൂവും പരമേശ്വരനെപ്പോലെ ആദിയും അനാദിയുമാണെങ്കിൽ, അതാതിന് അതാതുതന്നെ ദൈവമാണെങ്കിൽ ആ വസ്തുക്കളുടെ പരിപാലകനും സ്രഷ്ടാവും താനാണെന്ന് വാദിക്കാൻ പരമേശ്വരന് ഒരിക്കലും അനുവാദമില്ല. ഉദാഹരണത്തിന് ഉണ്ടാക്കപ്പെട്ട ഒരു കുട്ടി ആകാശത്തുനിന്ന് വീഴുകയോ അല്ലെങ്കിൽ ഭൂമിയിലെ പ്രകൃതികൊണ്ട് സ്വയമുണ്ടാകുകയോ ചെയ്താൽ അത് തന്റെ കുട്ടിയാണെന്ന് പറയാൻ ഒരു സ്ത്രീക്കും അവകാശമില്ല. മറിച്ച് ആരുടെ വയറ്റിൽനിന്നാണോ കുട്ടി പുറത്തുവന്നത് അവളായിരിക്കും അതിന്റെ മാതാവ്. അല്ലാഹുവിന്റെ കൈയിൽനിന്ന് പുറത്തുവന്നവനാണ് അല്ലാഹുവിന്റേത്, അവന്റെ കൈയിൽനിന്ന് പുറത്തുവരാത്തവൻ ഒരുരീതിയിലും അവന്റേതാകുകയില്ല.'(Ibid പേജ് 146)

**പാപങ്ങളുടെ ആധിക്യം മഴക്കാലത്ത്**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: വേദങ്ങളുടെ പ്രമേയം നിമിത്തം ആരാണോ അങ്ങേയറ്റം നിന്ദ്യമായ പാപങ്ങൾ ചെയ്യുന്നത് അവർ കൃമികീടങ്ങളും ഭൂമിയിലെ ചെറുപ്രാണികളും ആയി ജനിക്കുന്നു. മൃദുവായ പാപം ചെയ്യുന്നവനാണ് മനുഷ്യജന്മം ലഭിക്കുന്നത്. വാസ്തവത്തിൽ ഇക്കാര്യം അടിമുടി നിരർഥമാണെന്ന് വ്യക്തമായും മനസ്സിലാകുന്നു. കാരണം ദൈവത്തിന്റെ പ്രകൃതിനിയമം വ്യക്തമായും കാണപ്പെടുന്നത് മിക്ക കൃമികീടങ്ങളും തവളകളും ചെറിയ ചെറിയ പ്രാണികളും മറ്റു മൃഗങ്ങളും മഴക്കാലത്ത് ജനിക്കുന്നതായിട്ടാണ്. അപ്പോൾ ദൈവസൃഷ്ടികൾ മഴക്കാല ദിനങ്ങളിലാണ് കൂടുതൽ പാപം ചെയ്യുന്നതെന്നും മറ്റു ദിനങ്ങളിൽ ചെയ്യാറില്ലെന്നും വിചാരിക്കാമോ?(Ibid പേജ് 184)

**മനുഷ്യന് ചെവിയിലൂടേയും വായിലൂടേയും ജനക്കാൻ കഴിയുമോ?**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ദയാനന്ദ് സാഹിബ് (പണ്ഡിറ്റ് ദയാനന്ദ സരസ്വതി) പറയുന്നു, വേദങ്ങളുടെ അടിസ്ഥാനത്തിൽ സ്ത്രീകളുടെ ബീജം മാത്രം ഗർഭത്തിന് കാരണമാകും. ആ ത്മാവ് മഞ്ഞുപോലെ ഏതെങ്കിലും ചെടിയിൽ പതിയുന്നു. അത് ഏതെങ്കിലും സ്ത്രീ തിന്ന് ഗർഭിണിയാകുന്നു. നോക്കൂ ഇത് എത്ര മാത്രം വൈദ്യശാസ്ത്രത്തിനെതിരാണ്. അപ്രകാരം വേദങ്ങളിൽ ഇങ്ങനേയും എഴുതിയിരിക്കുന്നു. ഇന്ദ്രൻ ഒരു ഋഷിയുടെ മകളെ ഗർഭിണിയാക്കി. എന്നല്ല സ്വയംതന്നെ അവളുടെ വയറ്റിൽനിന്ന് ജനിച്ചു. ചില ഋഷി ചെവിയിലൂടേയും ചിലർ വായിലൂടേയും ചിലർ മറ്റു മൃഗങ്ങളുടെ വയറ്റിൽനിന്നും പിറവികൊണ്ടുവെന്ന് നിങ്ങളുടെ പുണ്യാത്മാക്കൾ എഴുതി പോയിട്ടുണ്ട്.(Ibid പേജ് 184)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) ആര്യമതക്കാരുടെ വിശ്വാസങ്ങളെ ഖണ്ഡിച്ച് അവതരിപ്പിച്ച തെളിവുകൾ വളരെ ഹൃദയസ്പൃക്കും മറുപടിയില്ലാത്തതുമാണ്. അവിടന്ന് എല്ലാ തെളിവുകളും വിശദീകരണത്തോടുകൂടി വിവിധ രീതിയിലും വിവിധ ശൈലിയിലും അവതരിപ്പിച്ചിരിക്കുന്നു. അതെല്ലാം ആ മഹാത്മാവിന്റെ വചനങ്ങളിൽത്തന്നെ കേൾപിക്കണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. പക്ഷേ, സ്ഥലപരിമിതി നിമിത്തം ചുരുക്കി വിവരിച്ചിരിക്കുകയാണ്.

**(മൻസൂർ അഹ്മദ് മസ്റൂർ)**

## തിരുനബിയുടെ തിരുമൊഴികൾ:

**"അബൂ ഹുറയ്റ നിവേദനം. നബി(സ)പറഞ്ഞു:'ബാങ്കിന്റേയും ഒന്നാം സ്വഫ്ഫിന്റേയും മഹത്ത്വം ജനങ്ങൾ അറിയാൻ ഇടയാവുകയും അത് നറുക്കെടുപ്പിലൂടെയല്ലാതെ ലഭിക്കുകയില്ലെന്ന് വരികയും ചെയ്താൽ അവർ നറുക്കെടുത്തും അതിനെത്തുമായിരുന്നു."**

**(മുസ്ലിം, ഹദീഥ് 268)**

ത്വാലിബെ ദുആ
P.P.Raheem & Family, Ahmadiyya Jama-ath Payangadi, Kerala

## നൂറുൽ ഇസ്ലാംവകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ യൂറോപ്യൻ പര്യടനം

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

## 2015 ഒക്ടോബർ 16 വെള്ളിയാഴ്ച:

രാവിലെ 06.40-ന് ഹുദൂറിന്റെ നേതൃത്വത്തിൽ സുബ്ഹി നമസ്കാരം നടന്നു. ശേഷം താമസ സ്ഥലത്തേക്ക് മടങ്ങി. രാവിലെ വിവിധ ഓഫീസ് സംബന്ധമായ ജോലികളിൽ ഹുദൂർ മുഴുകി.

ഇന്നത്തെ ജുമുഅ നമസ്കാരത്തിന്റെ സംവിധാനം ബയ്ത്തുസ്സുബൂഹിനോടു ചേർന്ന് അഭിമുഖമായി നിൽക്കുന്ന ജമാഅത്തീ സെന്റർ ബയ്ത്തുൽ ആഫിയത്തിലാണ് ചെയ്തിരുന്നത്. ബയ്ത്തുൽ ആഫിയത്തിന്റെ പ്രവിശാലമായ കെട്ടിടം മജ്‌ലിസ് അൻസാറുല്ലാഹ് ജർമനിയും ലജ്നാ ഇമായില്ലാഹ് ജർമനിയും ചേർന്ന് ഈ വർഷം വാങ്ങിയതായിരുന്നു. ഇതിൽ ഇവരുടെ കേന്ദ്ര ഓഫീസുകൾ സ്ഥിതി ചെയ്യുന്നു.

2015 മെയ് 25 ന് കഴിഞ്ഞ വർഷം ഹുദൂറിന്റെ ജർമൻ സന്ദർശന വേളയിൽ ഈ കെട്ടിടത്തിന്റെ ഉൽഘാടനം നിർവഹിച്ചിരുന്നു. ഈ പ്രവിശാലമായ കെട്ടിടം 5 നിലകളുള്ളതാണ്. ഇതിന്റെ വിസ്തീർണം 3811 ചതുരശ്രമീറ്ററാണ്. ഇതിനുള്ളിൽ വിവിധ വലിയ ഹാളുകളുണ്ട്. ഒരുപാട് ഓഫീസുകളും സ്ഥിതി ചെയ്യുന്നു. ബേസ്മെന്റ് ഉൾപ്പെടെ ഈ 5 നില കെട്ടിടത്തിന്റെ വിസ്തീർണം 11520 ചതുരശ്രമീറ്ററാണ്.ഈ കെട്ടിടത്തിൽ 5 അപ്പാർട്ടുമെന്റുകളുമുണ്ട്. ഗ്രൗണ്ട് ഫ്ളോറിൽ 10 മുറികളുണ്ട്. ഗസ്റ്റ് ഹൗസുണ്ട്. ഒരു കിച്ചണും 4 വാഷ്റൂമുകളുമുണ്ട്. ഇതിൽ 1318 ചതുരശ്ര അടി വിസ്താരമുള്ള ഒരു ഹാളുമുണ്ട്.

ഒന്നാമത്തെ നിലയിൽ 13 മുറികളുണ്ട്. ഇതിൽ ഒരു കിച്ചണും 8 വാഷ്റൂമുകളുമുണ്ട്. 917 ചതുരശ്ര മീറ്റർ വിസ്താരമുള്ള രണ്ടാം നിലയിൽ 5 സ്റ്റോർ റൂമുകളുണ്ട്.. മൂന്നാമത്തെ ഫ്ളോറിൽ 8 മുറികളും ഒരു കിച്ചണും 3 വാഷ്റൂമുകളുമുണ്ട്. കൂടാതെ 902 ചതുരശ്ര മീറ്റർ വിസ്താരമുള്ള ഒരു ഹാളുമുണ്ട്.

ബേസ്മെന്റിൽ 55 വാഹനങ്ങൾ പാർക്ക് ചെയ്യാനുള്ള സൗകര്യവുമുണ്ട്. ഈ കെട്ടിടത്തിലെ എല്ലാ ഹാളുകളിലും പുരുഷന്മാർക്ക് ജുമുഅ നമസ്കരിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. ബയ്ത്തുസ്സുബൂഹിലെ 4 ഹാളുകളിൽ 3 ഹാളുകൾ സ്ത്രീകൾക്കും ഒരു ഹാളിൽ പുരുഷന്മാർക്കും സൗകര്യം ഒരുക്കിയിരുന്നു.

രാവിലെ മുതൽതന്നെ തങ്ങളുടെ പ്രിയപ്പെട്ട ഇമാമിന്റെ പിന്നിൽ നിന്ന് ജുമുഅ നമസ്കരിക്കാൻ അഹ്മദി സ്ത്രീ പുരുഷന്മാർ ഇവിടേക്കെത്തികൊണ്ടിരുന്നു. ചില കുടുംബങ്ങളും മിത്രങ്ങളും നീണ്ട ദൂരം യാത്ര ചെയ്താണ് എത്തിയത്. ഹൈഡൽബെർഗിൽ നിന്നുള്ളവർ 100 കിലോ മീറ്ററും ഫുൽഡായിൽ നിന്നുള്ളവർ 125 ഉം കോബ്ളൻസിൽ നിന്നുള്ളവർ 135 കിലോമീറ്ററും കോളനിൽ നിന്നുള്ളവർ 175 ഉം കാസലിൽ നിന്നുള്ളവർ 200 കിലോമീറ്ററും ഹാനോവറി(hanover)ൽ നിന്നുള്ളവർ 350ഉം മ്യൂണിച്ചിൽ നിന്നുള്ളവർ 500 ഉം ഹംബർഗിൽ നിന്നുള്ളവർ 550 ഉം ബർലിനിൽ നിന്നുള്ളവർ 600ഉം കിലോമീറ്ററുകൾ താണ്ടിയുമാണ് എത്തിയത്.

5000 പേർ ഈ ജുമുഅ നമസ്കാരത്തിൽ പങ്കെടുത്തു. എം ടി എ ഇന്റർനാഷണൽ മുഖേന ഈ ഖുത്ബ ജുമുഅ തൽസമയ സംപ്രേഷണം ചെയ്യാനുള്ള സൗകര്യവും ഒരുങ്ങിയിരുന്നു. 2.00 മണിക്ക് ഹുദൂർ അൻവർ ബയ്ത്തുസ്സുബൂഹിൽ ഖുത്ബ ജുമുഅ നിർവഹിച്ചു.ഈ ഖുത്ബ ജുമുഅയുടെ പൂർണ്ണ രൂപം ഉർദു ബദ്ർ പത്രത്തിന്റെ 45-ാം ലക്കത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഹുദൂറിന്റെ ഖുത്ബ ജുമുഅ 3.00 മണി വരെ നീണ്ടു നിന്നു. ജുമുഅ നമസ്കാരത്തെ തുടർന്ന് അസ്ർ നമസ്കാരം ഹുദൂർ ജംആക്കി നിർവഹിച്ചു.

### കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ച

വൈകുന്നേരം 06.30-ന് ഹുദൂർ ഓഫീസിലെത്തി. കുടുംബങ്ങളുമായുള്ള ഇന്നത്തെ കൂടിക്കാഴ്ച ആരംഭിച്ചു. ഈ സെഷനിൽ 32 കുടുംബങ്ങളിൽ നിന്നുള്ള 93 അംഗങ്ങളും 28 പേർ വ്യക്തിഗതമായും ആകെ 121 പേരാണ് പങ്കെടുത്തത്. എല്ലാവർക്കും തങ്ങളുടെ ഇമാമുമായി ഫോട്ടോ എടുക്കാനും അവസരം ലഭിച്ചു.വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനയും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും ഹുദൂർ നല്കി.

43 വിവിധ ജർമൻ ജമാഅത്തുകളിൽനിന്നുള്ളവരാണ് ഈ കുടുംബങ്ങൾ. വളരെ ദൂരം യാത്ര ചെയ്താണ് ചിലർ ഇവിടെ എത്തിയത്. കോബൽസിൽ നിന്നു വന്നവർ 135ഉം കാസലിൽ നിന്നു വന്നവർ 190ഉം ഹംബർഗിൽനിന്നു വന്നവർ 550 ഉം ബർലിനിൽ നിന്നു വന്നവർ 600 കിലോമീറ്ററുകളും യാത്ര ചെയ്താണ് വന്നത്. ഇവരിൽ നല്ലൊരു ഭാഗം കുടുംബങ്ങളും ഈ വർഷം പാക്കിസ്താനിൽ നിന്നു വന്നവരായിരുന്നു. ഇവർ ജീവിതത്തിൽ ആദ്യമായാണ് ഹുദൂറുമായി നേരിട്ട് കണ്ടുമുട്ടുന്നത്. സ്വന്തം രാജ്യത്ത് സ്വന്തം ജനതയുടെ കൈകളാൽ വിവിധ മർദ്ദനങ്ങൾക്ക് വിധേയമായവരാണ് ഇവർ. അവരുടെ ഹൃദയങ്ങൾ ഖലീഫയെ കണ്ട് സമാധാനം പ്രാപിക്കുകയും അവരുടെ ദുഖങ്ങൾക്ക് ചികിത്സയുമായി. നന്ദിപ്രകടനത്തിന്റെ അശ്രുക്കളുടെ കണ്ണുകളുമായാണ് അവർ മടങ്ങിയത്.

### ആമീൻ പരിപാടി.

രാത്രി 8.30 വരെ കൂടിക്കാഴ്ചാ പരിപാട് നീണ്ടു. ശേഷം മസ്ജിദ് ഹാളിൽ ആമീൻ പരിപാടിക്ക് തുടക്കമിട്ടു. ആൺകുട്ടികളും പെൺകുട്ടികളുമായ 23 പേരിൽനിന്ന് ഓരോ ആയത്ത് ഹുദൂർ കേൾക്കുകയും ദുആ ചെയ്യുകയും ചെയ്തു.

അസീസം ഇഹ്സാൻ അഹ്മദ് ത്വാഹിർ, അബ്ദുല്ലാഹ് വഡായിച്ച്, മുഹമ്മദ് അർസലാൻ ഖാൻ, ദബ്ബീർ അഹ്മദ്, ശായാനെ നാസിർ ലങ്കാഹ്, അർസർ ഖോഖർ, സുഹൈൽ ദാനിയാല് അഹ്മദ്, ലുഖ്മാന് ബാജ്വ, സ്വഫ് വാന് അഹ്മദ് ത്വാഹിർ, യാസിർ അഹ്മദ് മഹ്മൂദ്,റേഫേല് അഹ്മദ്, ദക്കീ അഫ്സാല് അഹ്മദ്, ഖാസിദ് ഇഖ്ബാല്, സാഖിബ് ഇഖ്ബാല്, ഹസന് അക്ബർ ബേഗ്, സമറുല്ലാഹ് അസാന് ഇഖ്ബാൽ, സാഫിർ അഹ്മദ് ആബിദ്, അർമാൻ അഹ്മദ് മുദ്ഥിർ.

അസീസ ഫരീഹ അഹ്മദ്, അറൂസ സഈദ്, ഫരീഹ മീർ, അഫ്ശാന അഹ്മദ്, സബീക അർശദ്. ആമീൻ പരിപാടിക്ക് ശേഷം മഗ്രിബ് ഇശാഅ് നമസ്കാരം ജംആക്കി നമസ്കരിച്ചു.നമസ്കാരത്തിനു ശേഷം താമസസ്ഥലത്തേക്ക് മടങ്ങി.

## 2015 ഒക്ടോബർ 17 ശനിയാഴ്ച

### ശാഹിദ് ക്ലാസ് ജാമിയ ജർമനി സനദ് ദാന പരിപാടി

രാവിലെ ഓഫീസ് സംബന്ധമായ കത്തുകൾ, മറ്റു കത്തുകൾ, റിപ്പോർട്ടുകൾ ഹുദൂർ വായിക്കുകയും ആവശ്യമായ നിർദേശങ്ങൾ നല്കുകയും ചെയ്തു

ഇന്നത്തെ പ്രോഗ്രാമനുസരിച്ച് ജാമിയ അഹ്മദിയ്യ ജർമനിയിൽ നിന്നു പഠനം പൂർത്തിയാക്കിയ മുബല്ലിഗുമാരുടെ ആദ്യ ബാച്ചിന് ശാഹിദ് ഡിഗ്രി വിതരണമായിരുന്നു.

ജാമിയ അഹ്മദിയ്യ ജർമനിയുടെ തുടക്കം അഹ്മദിയ്യാ ജമാഅത്ത് ജർമനിയുടെ സിരാകേന്ദ്രമായ ബയ്ത്തുസ്സുബൂഹിന്റെ ഒരു ഭാഗത്തായി 2008 ആഗസ്റ്റിലായിരുന്നു. ജർമൻ സന്ദർശന വേളയിൽ 2008 ആഗസ്റ്റ് 20 നാണ് ഈ ജാമിയ അഹ്മദിയ്യ ഉൽഘാടനം ചെയ്തത്. ഹുദൂർ തന്റെ ഉൽഘാടന പ്രസംഗത്തിൽ അന്ന് ജാമിയയെ പരാമർശിച്ചു ഇപ്രകാരം പറഞ്ഞു:

ജാമിയ അഹ്മദിയ്യ ജർമനി അല്പം കാലത്തിനുള്ളിൽ ആരംഭിക്കാനാണ്ഞാൻ ആലോചിച്ചത്. അത്ര പെട്ടെന്ന് തുടങ്ങാൻ കഴിയില്ല. എന്നാൽ, അമീർ സാഹിബ് ഇക്കാര്യത്തിൽ ശക്തമായ നിലപാടെടുത്തു. അദ്ദേഹത്തിന്റെ ഈ ഉറച്ച നിലപാടാണ് ഈ ജൂബിലി വർഷത്തിൽ ഇവിടുത്തെ ജാമിയ ആരംഭിക്കാൻ കാരണമായത്. ആദ്യം അദ്ദേഹം ഒരു സ്ഥലം അന്വേഷിച്ചു. വളരെയധികം തടസ്സങ്ങൾ വന്നു. എന്നാൽ, ഈ വർഷംതന്നെ തുടങ്ങണമെന്നതിൽ ഉറച്ചു നിന്നതിനാൽ ഇവർ എന്നിൽനിന്ന് അനുവാദം വാങ്ങി. തല്ക്കാലം ഖുദ്ദാമുൽ അഹ്മദിയ്യ ഓഫീസിനു വേണ്ടി ബയ്ത്തുസ്സുബൂഹിനടുത്ത് വാങ്ങിയ സ്ഥലത്ത് ജാമിയ ആരംഭിക്കാനും ഈ കാലയാളവിൽ കൂടുതൽ സ്ഥലം കണ്ടെത്താനുമായിരുന്നു അനുവാദം. അവിടെ ഭാവിയിൽ ആവശ്യത്തിനനുസരിച്ച് ക്ലാസ് റൂമുകളും ഹോസ്റ്റലും മറ്റു ബാക്കി അത്യാവശ്യ സൗകര്യങ്ങളും ഉണ്ടാക്കുക. എന്തായാലും അല്ലാഹു ഇവരുടെ ഈ തീരുമാനത്തെ സ്വീകരിച്ചു. അതാണ് ഇവിടെ ജാമിയയുടെ ആരംഭമെന്ന നിലയിൽ നിങ്ങൾ കാണുന്നത്.

ജാമിയ ജർമനി ജർമൻ ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഓഫീസിനോട് ചേർന്ന രണ്ടു വലിയ ഹാളും ഗ്യാലറിയും ഒഴിപ്പിച്ചാണ് തുടക്കമിട്ടത്. ഈ രണ്ടു ഹാളിലുമായി ജാമിയ ഓഫീസ്, പ്രിൻസിപ്പാൾ ഓഫീസ്, സ്റ്റാഫ് റൂം, ക്ലാസ് റൂമുകൾ എന്നിവ തയ്യാറാക്കി. വിദ്യാർഥികളുടെ അസംബ്ലിക്കും സ്ഥലം ഏർപ്പെടുത്തി. വിദ്യാർഥികളുടെ ഹോസ്റ്റലിനുവേണ്ടി ബയ്ത്തുസ്സുബൂഹിൽ സ്ഥിതി ചെയ്യുന്ന മൂന്ന് നില കെട്ടിടത്തിൽ സൗകര്യമൊരുക്കി. വിദ്യാർഥികളുടെ ആവശ്യങ്ങൾക്കുവേണ്ടി ഒരു വിശാലമായ ലൈബ്രറി മുമ്പേതന്നെ ബയ്ത്തുസ്സുബൂഹിൽ ഉണ്ടായിരുന്നു. ഇതേപോലെ തന്നെ മസ്ജിദ്, പ്രോഗ്രാമുകൾക്കു വേണ്ടി ഹാൾ, കിച്ചൺ, ഡൈനിംഗ് ഹാൾ, സ്പോട്സ് ഹാൾ, പാർക്കിഗിനു വേണ്ടി വിശാലമായ സ്ഥലം ഇതെല്ലാം മുമ്പേതന്നെ ബയ്ത്തുസ്സുബൂഹിൽ ഉണ്ടായിരുന്നു.

2008 ആഗസ്റ്റിൽ ബയ്ത്തുസ്സുബൂഹിൽ ജാമിയാ അഹ്മദിയ്യാക്ക് തുടക്കം കുറിച്ചു. ഈ കാലയളവിൽ ഫ്രാങ്ക്ഫർട്ടിൽ നിന്ന് 57 കിലോമീറ്റർദൂരെ സ്ഥിതി ചെയ്യുന്ന Riedstadt ലെ അഹ്മദിയ്യ മസ്ജിദ് അസീസിനോട് ചേർന്നുള്ള 5700 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള ഭൂമി ജാമിയക്കുവേണ്ടി വാങ്ങി.

2009 ഡിസംബർ 15-ന് ഹുദൂർ അൻവർ ജർമൻ പര്യടന വേളയിൽ ഇതിന്റെ ശിലാ കർമം നിർവഹിച്ചു. മൂന്ന് വർഷത്തിനുള്ളിൽ ഇതിന്റെ നിർമാണം പൂർത്തിയായി. 2012 ഡിസംബർ17-ന്

ഹുദൂറിന്റെ പര്യടനത്തോടനുബന്ധിച്ച് പുതിയ കെട്ടിടം ഉൽഘാടനം ചെയ്തു.

ഈ ഭൂഭാഗത്തിന്റെ പടിഞ്ഞാറേ ഭാഗം ജാമിയാ അഹ്മദിയ്യായുടെ വിദ്യഭ്യാസപരവും, വ്യവസ്ഥാപരവുമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ഓഫീസുകളും ലൈബ്രറിയും ഉൾക്കൊള്ളുന്ന രണ്ടു നില ബിൽഡിംഗാണ്. ഈ പുതിയ ബിൽഡിംഗിൽ 7 ക്ലാസ് റൂമുകളും 2 വലിയ ഹാളുകളും ലൈബ്രറിയും കംപ്യൂട്ടർ റൂമും പ്രിൻസിപ്പലിന്റെ ഓഫീസും സ്റ്റാഫ് റൂമും മറ്റു ഓഫീസുകളും ഉൾക്കൊള്ളുന്നതാണ്. ഒരു വലിയ കിച്ചണും ഡൈനിംഗ് ഹാളും ഉണ്ട്. വിവിധ ഗ്യാലറികളും ലോബികളും (lobbies) ഉണ്ട്.

ഇതിന്റെ കിഴക്ക് ഭാഗത്ത് രണ്ടു നിലകളുള്ള മസ്റൂർ ഹോസ്റ്റലും സ്ഥിതി ചെയ്യുന്നു. ഈ ഹോസ്റ്റൽ ബിൽഡിംഗിൽ വലിയ സൈസിലുള്ള 31 റൂമുകളുണ്ട്. ഒരു വലിയ പൊതു ഹാളുമുണ്ട്. ഇവിടെ indoor കളിയ്ക്കാൻ സംവിധാനവുമുണ്ട്. ഒരു ഭാഗത്ത് ലോൺഡ്രി റൂമുമുണ്ട്. വിദ്യാർഥികൾക്ക് കളിക്കുന്നതിനു വേണ്ടി ഫുട്ബാൾ, ബാസ്ക്കറ്റ് ബാൾ കോർട്ടും തയ്യാറാക്കിയിട്ടുണ്ട്.

ഈ സ്ഥലത്തോടു ചേർന്ന് 2500 ചതുരശ്ര മീറ്റർ വിസ്താരമുള്ള സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഒരു കെട്ടിടവും ജമാഅത്ത് വാങ്ങിയിട്ടുണ്ട്. മൂന്ന് ലക്ഷത്തി അറുപതിനായിരം യൂറോക്കാണ് ഈ സ്ഥലം വാങ്ങിയത്. കെട്ടിടത്തിന്റെ വിസ്താരം 1045 ചതുരശ്ര മീറ്ററാണ്. ഈ രണ്ടു നില കെട്ടിടത്തിൽ ഒരു വലിയ ഹാളും 14 മുറികളുമുണ്ട്. ഹാളിന്റെ പകുതി ഭാഗം വ്യായാമത്തിനുവേണ്ടി വിവിധ മെഷീനുകൾ ജിമ്മിനു വേണ്ടി തയ്യാറാക്കിയിരിക്കുന്നു. ബാക്കിയുള്ള പകുതിഭാഗം ചില ഇൻഡോർ കളികൾക്കു വേണ്ടി ഉപയോഗിക്കുന്നതാണ്. ബാക്കിയുള്ള വിവിധ റൂമുകൾ ചെറിയ മാറ്റത്തോടെ അധ്യാപകർക്കു വേണ്ടി 3 ഫാമിലി ക്വാർട്ടേഴ്സുകളും 2 ബാച്ചുലർ താമസസ്ഥലവും തയ്യാറാക്കിയിരിക്കുന്നു.

ഹുദൂർ അൻവർ രാവിലെ 11 മണിക്ക് താമസസ്ഥലത്തുനിന്ന് റെയിഡ് സ്റ്റാഡ്റ്റ് (Riedstadt)നഗരത്തിലേക്ക് പുറപ്പെട്ടു. 40 മിനിറ്റു യാത്രയ്ക്കുശേഷം 11.40–ന് ജാമിയ അഹ്മദിയ്യായിലെത്തി. ജാമിയ അഹ്മദിയ്യ ജർമനിയുടെ പ്രിൻസിപ്പാൾ ശംശാദ് അഹ്മദ് ഖമർ സാഹിബ്, തഅ്ലീമി കമ്മിറ്റിയുടെ തലവൻ മുബാറക് അഹ്മദ് തൻവീർ സാഹിബ്, ഉസ്താദുമാർ, ഓഫീസ് സ്റ്റാഫുമാർ തുടങ്ങിയവർ ചേർന്ന് ഹുദൂറിനെ സ്വീകരിക്കുകയും കൈകൊടുക്കുകയും ചെയ്തു.

ശേഷം ഹുദൂർ അൻവർ ജാമിഅ കെട്ടിടത്തിനുൾഭാഗം സന്ദർശിക്കുകയും പ്രിൻസിപ്പാൾ ഓഫീസ്, ജാമിയ ഓഫീസ്, ക്ലാസ് റൂമുകൾ തുടങ്ങിയവ നോക്കി കണ്ടു. ഇന്നത്തെ പരിപാടിക്ക് ജാമിയ അഹ്മദിയ്യായുടെ കോമ്പൗണ്ടിൽ ഒരു പന്തലിട്ടിരുന്നു. ഹുദൂർ അവിടെ സ്റ്റേജിലെത്തി. ഈ പരിപാടിയിൽ ജാമിഅ ജർമനിയിലെ എല്ലാ വിദ്യാർഥികളും അധ്യാപകരും മറ്റു സ്റ്റാഫംഗങ്ങളും കൂടാതെ നാഷണൽ ആമിലാ അംഗങ്ങളും ജർമനിയിൽ സേവനനിരതരായ എല്ലാ മുബല്ലിഗുമാരും സനദുകൾ ഏറ്റു വാങ്ങുന്ന മുറബ്ബികളുടെ മാതാപിതാക്കളും മറ്റു ചില അതിഥികളും പങ്കെടുത്തിരുന്നു.

പരിപാടിയുടെ തുടക്കം ദർജ റാബിഅ വിദ്യാർഥി അസീസം അനീസ് അഹ്മദ് ജാവേദിന്റെ തിലാവത്തോടെയായിരുന്നു. തുടർന്ന് ഉർദു തർജമ അവതരിപ്പിച്ചു. ദർജ റാബിയയിലെ അസീസം മുർതളാ മന്നാൻ ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ *'ഹെ ശുക്റെ റബ്ബെ അസ്സ വ ജൽ ഖാരിജ് അസ് ബയാൻ'* എന്നു തുടങ്ങുന്ന പദ്യം ആലപിച്ചു.

തുടർന്ന് തഅലീമി കമ്മിറ്റിയുടെ സ്വദർ ആദരണീയനായ മുബാറക് അഹ്മദ് തൻവീർ സാഹിബ് റിപ്പോർട്ട് അവതരിപ്പിച്ചു.

സയ്യിദുനാ വ ഇമാമുനാ. അല്ലാഹു അങ്ങയുടെ അനുഗൃഹീത ഖിലാഫത്ത് കാലഘട്ടത്തിൽ ഖിലാഫത്തെ അഹ്മദിയ്യായുടെ നൂറുവർഷ നിറവിൽ തന്റെ എണ്ണമറ്റ അനുഗ്രഹത്തിന് ഒരു പുതിയ മാനംകൂടി നല്കിയിരിക്കുകയാണ്. ഇസ്ലാമിന്റെ സന്ദേശം എല്ലാ ഭാഗത്തും പുതിയ ശരിമയോടും പുതിയ മാനങ്ങളോടും കൂടി വ്യാപിച്ചുതുടങ്ങി. അവയിലൊന്ന് ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ വിദ്യാഭ്യാസ സംവിധാനത്തിന്റെ ശാഖകളുടെ സ്ഥാപനവുമാണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ 2008 ആഗസ്റ്റ് 20–ലെ സൂര്യൻ അഹ്മദിയ്യാ ജമാഅത്ത് ജർമനിയുടെ ചരിത്രത്തിൽ ഒരു പുതിയ കാലഘട്ടത്തിന്റെ ആരംഭത്തെ കുറിച്ചുള്ള സുവാർത്തയോടെയാണ് ഉദിച്ചത്. ആ ദിവസം ഹുദൂർ അയ്യദക്കുമുല്ലാഹു ബി നസ്രിഹിൽ അസീസ് തന്റെ തിരുകരങ്ങളാൽ ജാമിഅ അഹ്മദിയ്യ ജർമനിയുടെ ശിലാസ്ഥാപനം നിർവഹിച്ചു. പ്രിയപ്പെട്ട ആഖാ! ഇത് അങ്ങയുടെതന്നെ ദുആയുടെ ഫലമാണ്. ഇന്നേക്ക് 7 വർഷം മുമ്പേ പലതരത്തിലുള്ള തടസ്സങ്ങളുണ്ടായിട്ടും ഫ്രാങ്ക്ഫർട്ടിലെ ബയ്ത്തുസ്സുബൂഹിൽ ജർമൻ ജാമിഅ അഹ്മദിയ്യായുടെ ആദ്യക്ലാസ് ആരംഭിച്ചു. ഇതിന്നുശേഷം ഹുദൂർ അൻവറിന്റെ സ്നേഹത്തിന്റേയും ദുആയുടേയും ഫലമായി അല്ലാഹുവിന്റെ അനുഗ്രഹവുമുണ്ടായി. Riedstadt ൽ ഹുദൂർ അൻവറിന്റെ തിരുകരങ്ങളാൽ ഈ ബിൽഡിംഗിന്റെ ശിലാസ്ഥാപനം നടന്നു. പിന്നീട് 2012 ഡിസംബർ 17–ന് ഈ പട്ടണത്തിന്റെ ഭാഗ്യ നക്ഷത്രം വീണ്ടും പ്രകാശിച്ചു. പ്രിയപ്പെട്ട ആഖാ ഈ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിക്കാൻ ഇവിടം സന്ദർശിച്ചു. അൽഹംദു ലില്ലാഹ്. ഥുമ്മ അൽഹംദു ലില്ലാഹ്.

പ്രിയപ്പെട്ട ആഖാ! ജാമിഅ അഹ്മദിയ്യാ ജർമനിക്കും അഹ്മദിയ്യാ ജമാഅത്ത് ജർമനിക്കും ഇന്ന് വീണ്ടും അനുഗ്രഹങ്ങൾകൊണ്ട് സമ്പന്നമായ ദിവസം ഉദിച്ചുയർന്നിരിക്കുകയാണ്. അതിനെ കുറിച്ച് ആലോചിക്കുമ്പോൾ ഹൃദയവും ആത്മാവും അല്ലാഹുവിനോടുള്ള സ്തുതിയാൽ നിറയുന്നു. പ്രിയ്യപ്പെട്ട ആഖായുടെ കൈകളാൽ നട്ട ഈ പരിശുദ്ധ വൃക്ഷത്തിന്റെ ആദ്യത്തെ ഫലം പ്രിയ ഹുദൂറിന്റെ തിരു മുമ്പിൽ സമർപ്പിക്കുന്ന ദിവസമാണിന്ന്.

ഇന്ന് ഈ സ്ഥാപനത്തിൽനിന്ന് വിദ്യാഭ്യാസം പൂർത്തിയാക്കി പുറത്തിറങ്ങുന്ന ആദ്യ ബാച്ച് പ്രിയ ഹുദൂറിന്റെ തിരു കരങ്ങളിൽനിന്ന് സനദുകൾ ഏറ്റുവാങ്ങി അനുഗൃഹീതരാകുന്നതാണ്. ഈ പരിപാടിക്കുവേണ്ടി ഹുദൂർ സമയം നീക്കി വെച്ചു എന്നുള്ളതും യാത്രയുടെ ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടും തന്റെ ദാസരുടെ അടുക്കലെത്തി തന്റെ സാമീപ്യംകൊണ്ട് കനിഞ്ഞതും ഒരു മഹനീയമായ ഔദാര്യമാണ്. ഈ ഉപകാരത്തിനുമുമ്പിൽ നമ്മുടെ ഓരോരുത്തരുടേയും ശരീരത്തിന്റേയും ആത്മാവിന്റേയും ഓരോ അണുവും ബലിയായാലും ഒന്നുമല്ല. നമ്മുടെ പ്രിയപ്പെട്ട ഇമാമിന് നമ്മോടുള്ള സ്നേഹവായ്പിന്റെ മുമ്പിൽ നമ്മുടെ സ്നേഹത്തിന് എന്ത് സ്ഥാനമാണുള്ളത്?

സയ്യിദുനാ വ മൗലാനാ! 2008–ൽ 25 വിദ്യാർഥികളുമായാണ് വിദ്യാഭ്യാസപരമായ യാത്ര ആരംഭിച്ചത്. അവരിലൊരാൾ ഫ്രാൻസിൽനിന്നും ബാക്കിയുള്ളവർ ജർമനിയിൽ നിന്നുള്ളവരുമാണ്. ഇവരിൽ16 കുട്ടികൾ ദൈവകൃപയാൽ തങ്ങളുടെ വിദ്യാഭ്യാസം പൂർത്തിയാക്കി. ഈ 7 വർഷങ്ങളിൽ അല്ലാഹു നല്കിയിട്ടുള്ള കഴിവ് പ്രയോജനപ്പെടുത്തി ഈ വിദ്യാർഥികൾ വിശുദ്ധ ഖുർആൻ നോക്കി ഓതാനും തർജമത്തുൽ ഖുർആനും തഫ്സീറുൽ ഖുർആനും ഹദീഥും കലാമും ചരിത്രവും മതങ്ങളുടെ താരതമ്യപഠനവും കർമ ശാസ്ത്രപരമായ വിഷയങ്ങളും കൂടാതെ അറബി, ഉർദു, ഇംഗ്ളീഷ്, ജർമൻ, ഫാർസി ഭാഷകളും പഠിച്ചു. ഈ കാലയളവിൽ വിജ്ഞാനപരവും വ്യായാമപരവുമായ മത്സരങ്ങൾ വിവിധ വ്യക്തികളുടെ വിജ്ഞാനപരവും വിജ്ഞാനദായകവുമായ ലക്ച്ചറുകൾ മുഖേന വിദ്യാർഥികളുടെ വിജ്ഞാനപരമായ ശേഷി വർധിപ്പിക്കാനുള്ള ശ്രമവും നടന്നു.

പ്രിയപ്പെട്ട ആഖാ! ജാമിആയിലെ എല്ലാ അധ്യാപകരുടേയും ഇതര സംവിധാനത്തിന്റേയും ഓരോ ശ്രമങ്ങളും അതിന്റെ ഇടങ്ങളിലുണ്ട്. എന്നാൽ യഥാർഥത്തിൽ ഹുദൂർ അയ്യദക്കുമുല്ലായുടെ സ്നേഹനിർഭരമായ ലോകത്ത് മറ്റൊരു ശക്തിക്കും ചെയ്യാൻ സാധിക്കാത്ത ദീനീപരവും ഭൗതികവുമായ സൗന്ദര്യം നല്കുന്ന ഒരു ദൃഷ്ടി ഈ കുട്ടികളുടെ മേലുണ്ടായിരുന്നു. അതുകൊണ്ട് ഈ 7 വർഷങ്ങളിൽ ഇവർക്കും അത് ലഭ്യമാക്കാൻ ശ്രമം ഉണ്ടായി. ഹുദൂർഅൻ വറിന്റെതന്നെ സ്നേഹനിർഭരമായ ധാരാളം ക്ലാസുകളിൽ പങ്കെടുക്കാൻ ഇവർക്കും ഭാഗ്യം ലഭിച്ചു. ഇപ്രകാരം എല്ലാ രൂപത്തിലും ജാമിഅ അധികൃതർ കുട്ടികളെ കൂടുതൽക്കൂടുതലായി ഹുദൂറുമായി മുലാഖാത്ത് നടത്താനും അനുഗ്രഹം കരഗതമാക്കാനും പ്രേരിപ്പിച്ചു കൊണ്ടിരുന്നു.

ഏഴാമത്തെ വർഷം ഈ അധ്യായനയാത്രയിൽ എല്ലാ വിദ്യാർഥിയും ഹുദൂർ അൻവറിന്റെ അംഗീകാരത്തോടുകൂടി ലേഖനങ്ങൾ തയ്യാറാക്കി. ശേഷം ഹുദൂറിന്റെ അംഗീകാരത്തോടെ വിവിധ പരിശോധകരെ കൊണ്ട് അവ പരിശോ

## തിരുനബിയുടെ തിരുമൊഴികൾ:

***"അബൂഹുറയ്റ നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'നമസ്കാരത്തിന് ഇഖാമത്ത് വിളിച്ചുകഴിഞ്ഞാൽ പിന്നെ ആ നിർബന്ധ നമസ്കാരമല്ലാത്ത നമസ്കാരം പാടില്ല." (മുസ്ലിം, ഹദീഥ് 263)***

ത്വാലിബെ ദുആ:
K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

## തിരുനബിയുടെ തിരുമൊഴികൾ:

**"അബൂഹുറയ്റ നിവേദനം. നബി(സ)പറഞ്ഞു: 'വിശ്വാസികളെ വിഷമിപ്പിക്കലാകുമായിരുന്നില്ലെങ്കിൽ ഓരോ നമസ്കാരവേളയിലും ദന്തശുദ്ധി വരുത്താൻ ഞാൻ അവരോടു കല്പിക്കുമായിരുന്നു."(മുസ്ലിം, ഹദീഥ് 270)**

ത്വാലിബെ ദുആ:
K.Muhammad Safwan & Family
Ahmadiyya Jama-ath Kakkanad, Kerala

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി
ഖാദിയാൻ
Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 08 October 2020 Issue-41

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)


ധനക്ക് വിധേയമാക്കി. 2015–ൽ ദർജ ശാഹിദി ന്റെ പരീക്ഷ നടന്നു. ഈ പരീക്ഷക്കുവേണ്ടി ഹുദൂറിന്റെ നിർദ്ദേശമനുസരിച്ച് യൂ.കെ യും ജർമനിയുമായി ബന്ധമുള്ള വിവിധ പ ണ്ഡിതന്മാരെക്കൊണ്ട് ചോദ്യപേപ്പറുകൾ തയ്യാ റാക്കപ്പെട്ടു.അവർ തന്നെ എല്ലാ പേപ്പറുകളും പരിശോധിക്കുകയും ചെയ്തു. പരീക്ഷയും പ രിശോധനയും പൂർത്തിയായതിന്നു ശേഷം ലേഖനങ്ങളെ കുറിച്ചുള്ള ഇന്റർവ്യൂവിൽ ഫ്രാ ൻസ്, കനഡ, യൂ.കെ, സ്വിറ്റ്സർലാന്റ് എന്നി വിടങ്ങളിൽ നിന്നുള്ള വ്യക്തികളെ ഉൾപ്പെടുത്തി. 2015 മെയ് മാസത്തിൽ ഹുദൂർ അയ്യദഹുമുല്ലാ യുടെ ഭാഗത്തു നിന്നു നിശ്ചയിക്കപ്പെട്ട 5 അംഗ ങ്ങളുള്ള ഒരു ബോർഡ് വിദ്യാർഥികളുടെ വി ജ്ഞാനപരവും തർബിയ്യത്തുപരവും സ്വഭാ വപരവുമായ കഴിവുകൾ പരിശോധിക്കുന്നതി ന്നുവേണ്ടി വിശദമായ ഇന്റർവ്യൂ നടത്തി. ഇതിൽ വിശുദ്ധ ഖുർആൻ, ഹദീഥ്, ഫിഖ്ഹ്, ജനറൽനോളഡ്ജ് സംബന്ധമായ ചോദ്യങ്ങൾ അംഗങ്ങൾ ചോദിച്ചു. ഈ പരീക്ഷകളുടെയെ ല്ലാം ഫലങ്ങൾ ഒപ്പത്തിനൊപ്പം പരിശോധന ക്കും അംഗീകാരത്തിനുംവേണ്ടി ഹുദൂർ അയ്യ ദഹുമുല്ലായുടെ മുമ്പിൽ സമർപ്പിച്ചു കൊണ്ടി രുന്നു.

ഹുദൂർ അൻവറിന്റെ ദുആകളും അല്ലാഹുവിന്റെ അനുഗ്രഹം ഒന്നു കൊണ്ടു മാത്രം ഈ എല്ലാ വിദ്യാർഥികളും പരീക്ഷകളിലും ലേഖന രചന യിലും ഇന്റർവ്യൂവിലും വിജയം കരസ്ഥമാക്കി. അൽഹംദു ലില്ലാഹി അലാ ദാലിക്.

പ്രിയപ്പെട്ട ആഖാ! ഇന്നേക്ക് 7 വർഷം മുമ്പേ ഈ വിദ്യാർഥികൾ തങ്ങളുടെ ജീവിതം ദീനീ സേവനത്തിനുവേണ്ടി അല്ലാഹുവിനു സമർപി ച്ചു. ഹുദൂർ അൻവർ ഇവരുടെ തഅ്ലീം തർ ബിയ്യത്തിനു വേണ്ടി ഇവരെ ജാമിയ അഹ്മ ദിയ്യായിലേക്കയച്ചു. തുടക്കത്തിൽത്തന്നെ ഞങ്ങ ൾക്ക് മാർഗനിർദേശം നല്കിക്കൊണ്ട് അനുഗൃ ഹീത കരത്താൽ ഇപ്രകാരം എഴുതി:

'എന്നും ഓർമയിൽ വെക്കുക. ഈ സ്ഥാപനം വാ ഗ്ദത്ത മസീഹ് നമ്മളിൽനിന്നു പ്രതീക്ഷിക്കുന്ന വഴിയിൽ ചലിക്കേണ്ടതാണ്. അല്ലാഹുവിനോ ടുള്ള ഭയം ഹൃദയത്തിൽ ഉണ്ടായിരുന്നവരും അറിവും ആത്മീയ ജ്ഞാനവും നേടിയവരും, വിനയത്തോടെ ദീനിന്നുവേണ്ടി തങ്ങളുടെ ജീ വിതം സമർപ്പിച്ചവരുമായ ഹദ്റത്ത് അബ്ദുൽ കരീം സാഹിബിനേയും(റ) ഹദ്റത്ത് മൗലാന ബുർഹാനുദ്ദീൻ ജഹ്ലമി(റ) സാഹിബിനേയും പോലുള്ള സ്ഥാനം അലങ്കരിക്കുന്ന പണ്ഡി തന്മാരെ തയ്യാറാക്കുക എന്നതായിരുന്നു ആ പ്രതീക്ഷ.' (അവലംബം ജാമിഅ അഹ്മദിയ്യ ജർമനി മജല്ല, പേജ്–23, 2012)

ഇന്ന് ഒരു ഭാഗത്തു നാം അല്ലാഹുവിന് ന ന്ദി രേഖപ്പെടുത്തുന്നു. ഈ വിദ്യാർഥികൾ 7 വർഷം പഠനസംബന്ധമായ യാത്രയുടെ ഒരു ഭാഗം ഭംഗിയായി പൂർത്തിയാക്കി പ്രവർത്തന മൈതാനത്തിലേക്ക് പോകാൻ വേണ്ടി ഹുദൂർ അൻവറിന്റെ തിരുമുമ്പിൽ സമർപ്പിതരാകുകയാ ണ്. മറുഭാഗത്ത് ഞങ്ങളുടെ എല്ലാ ശ്രമങ്ങളും ഉണ്ടായിട്ടും ഞങ്ങൾ ഞങ്ങളുടെ എല്ലാ ന്യൂന തകളും കുറവുകളും അംഗീകരിക്കുകയും ചെ യ്യുന്നു.

*ഹഖ് തൊ യെ ഹെ കെ ഹഖ് അദാ ന ഹുവാ.*

പക്ഷേ, യഥാർഥ കടമ നിറവേറ്റപ്പെട്ടിട്ടില്ല എ ന്നതാണ് സത്യം.

ഞങ്ങൾ ജാമിയാ ജർമനിയിലെ എല്ലാ അധ്യാ പകരും വിദ്യാർഥികളും ഞങ്ങളുടെ പ്രിയ പ്പെട്ട ഇമാമിന്റെ സന്നിധയിൽ വിനീതമായി ദുആക്കപേക്ഷിക്കുകയാണ്. അല്ലാഹു ഞങ്ങ ളുടെ ന്യൂനതകൾ മറച്ചുവെക്കുവാനും അല്ലാ ഹുവിന്റെ പ്രിയപ്പെട്ട ഇമാം ഞങ്ങളിൾനിന്ന് എന്ത് പ്രതീക്ഷിക്കുന്നുവോ ഏതൊരു സ്ഥാ നത്താണോ ഞങ്ങളെ കാണാൻ ആഗ്രഹി ക്കു ന്നത് ആ സർവശക്തനായ അല്ലാഹു അവന്റെ പ്രത്യേക ഔദാര്യത്താൽ ഞങ്ങളെ അങ്ങനെ ത്തന്നെ ആക്കിത്തീർക്കുകയും ചെയ്യുമാറാകട്ടെ. ആമീൻ അല്ലാഹുമ്മ ആമീൻ.

ഒടുവിൽ ജാമിയാ ജർമനിയിൽനിന്നു പഠനം പൂർത്തിയാക്കി പുറത്തുവന്ന ആദ്യ ബാച്ചിലെ മുറബ്ബിമാർക്ക് തഫ്സീറെ സ്വഗീറും ദർജ ശാഹി ദ് ഡിഗ്രിയും നല്കാനും കൂടാതെ മറ്റു 6 ക്ലാസ്സി ലേയും കുട്ടികളിൽനിന്ന് ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയ വിദ്യാർഥികൾക്ക് സമ്മാനങ്ങൾ നല്കുവാനും ഹുദൂറിനോടു വിന യത്തോടെ അപേക്ഷിക്കപ്പെട്ടു.

ശേഷം ഹുദൂർ അൻവർ ജാമിയായിലെ 6 ക്ലാ സ്സുകളിലേയും വിജയികൾക്ക് സമ്മാനങ്ങൾ നല്കി. ഇതിനു ശേഷം ചുവടെ ചേർക്കുന്ന മുറബ്ബിമാർക്ക് തഫ്സീറെ സ്വഗീറും ശാഹിദ് ഡിഗ്രി സർട്ടിഫിക്കറ്റും വിതരണം ചെയ്തു.

1. കമാൽ അഹ്മദ് സാഹിബ് മുറബ്ബി സിൽസില
2. ഇഫ്തിഖാർ അഹ്മദ് സാഹിബ് മുറബ്ബി സി ൽസില
3. സുഹൈൽ റിയാസ് അഹ്മദ് സാഹിബ് മുറ ബ്ബി സിൽസില
4. മഹ്മൂദ് അഹ്മദ് മുലബി സാഹിബ് മുറബ്ബി സിൽസില
5. ഫായിസ് അഹ്മദ് സാഹിബ് മുറബ്ബി സി ൽസില
6. ജനാഹുദ്ദീൻ സയ്ഫ് സാഹിബ് മുറബ്ബി സി ൽസില
7. നുഅ്മാൻ ഖാലിദ് സാഹിബ് മുറബ്ബി സിൽ സില
8. ഉസാമ അഹ്മദ് സാഹിബ് മുറബ്ബി സിൽസില
9. തഹ്സീൻ റശീദ് സാഹിബ് മുറബ്ബി സിൽസില
10. ശുഅയ്ബ് ഉമർസാഹിബ് മുറബ്ബി സിൽസില
11. ചൗദ്‌രി ബിലാൽ അക്ബർ സാഹിബ് മുറബ്ബി സിൽസില
12. ആഫാഖ് അഹ്മദ് സാഹിബ് മുറബ്ബി സിൽ സില
13. ബാസിൽ അഹ്മദ് ഭട്ടി സാഹിബ് മുറബ്ബി സിൽസില
14. മുനീബ് അഹ്മദ് സാഹിബ് മുറബ്ബി സിൽ സില
15. അർസലാൻ അഹ്മദ് സാഹിബ് മുറബ്ബി സി ൽസില
16. മുഹമ്മദ് ബിലാൽ അഹ്മദ് സാഹിബ് മുറ ബ്ബി സിൽസില

(തുടരും)




**(പേജ് 1ൽനിന്ന്)**

യൂന മിർറബ്ബിഹിം എന്നു പറഞ്ഞുകൊണ്ട് ആ നബിമാരെ കുറിച്ച് പറയുമായിരുന്നില്ല. അവരുടെ പേരുകൾപോലും നമുക്കറിയില്ല. അവരുടെ അവസ്ഥയെ കുറിച്ചും വിശുദ്ധ ഖുർആനിൽ എടുത്തു പറഞ്ഞിട്ടില്ല. പക്ഷേ, എന്നിട്ടും പരിമിതമായ നിലയിൽ അവരിൽ വിശ്വസിക്കേണ്ടത് നി ർബന്ധമാക്കിയിരിക്കുന്നു.

ഞാൻ ഈ അവസരത്തിൽ മുസ്‌ലിമീങ്ങളോടും പറയാ നാഗ്രഹിക്കുകയാണ്. എല്ലാ നബിമാരേയും വിശ്വസിക്കു ന്നവനാണ് മുസ്‌ലിമെന്ന് അല്ലാഹുപറയുന്നു. നബി(സ) തിരുമേനി ആഗതരാകുന്ന മസീഹും നബിയുല്ലാഹ് ആ യിരിക്കുമെന്ന് പറഞ്ഞിരിക്കുന്നു. വാഗ്ദത്ത മസീഹിന്റെ വാഗ്ദാനം ഇക്കാലഘട്ടത്തിൽ അഹ്മദിയ്യാ ജമാഅത്തി ന്റെ സ്ഥാപകരിൽ പൂർത്തിയായി കഴിഞ്ഞിരിക്കുന്നു. അതിനാൽ ജാഗരൂകരാകുകയും അശ്രദ്ധയോടെ അ ദ്ദേഹത്തിന്റെ വാദത്തെ തള്ളിക്കളയാതിരിക്കുയും ചെ യ്യേണ്ടത് ഇസ്‌ലാമുമായി തങ്ങളെ ബന്ധിപ്പിക്കുന്ന ഓരോ രുത്തരുടേയും നിർബന്ധ കടമയാണ്. കാരണം അശ്ര ദ്ധകൊണ്ട് ഇസ്‌ലിമനെപ്പോലുള്ള വിലപിടിച്ച വസ്തു കൈയിൽനിന്ന് പൊയ്പ്പോകുമോ എന്ന ആശങ്കയുണ്ട്. അല്ലാഹുവിന്റെ എല്ലാ നബിമാരിലും വിശ്വസിക്കുന്ന വനാണ് മുസ്‌ലിം. മസീഹ് മൗഊദിന്റെ നുബുവ്വത്തിൽ വിശ്വസിക്കുക എന്നതും അതിൽനിന്ന് ഭിന്നമല്ല. അതിനാ ൽ മുസ്‌ലിമീങ്ങൾ ജാഗരൂകരാകേണ്ട ആവശ്യമുണ്ട്.(ത ഫ്സീറെ കബീർ വാള്യം 2, പേജ് 210 - 211, ഖാദിയാൻ 2010)

**(പേജ് 8ൽനിന്ന്)**

കാരങ്ങളിലും കൃത്യനിഷ്ഠ പാലിച്ചിരുന്നു. അ ഥിതിസൽകാരം ചെയ്തിരുന്നു. ആവശ്യക്കാരെ ശ്രദ്ധിക്കുകയും ചെയ്തിരുന്നു. ധനത്യാഗത്തിൽ മുൻപന്തിയിലുള്ള നല്ല ആത്മാർഥതയുള്ള സ്ത്രീയായിരുന്നു. ഖിലാഫത്തിനോട് അനിത രസാധാരണമായ സ്നേഹവും വിശ്വാസവും ഉ ണ്ടായിരുന്നു. ചെറുപ്പത്തിൽത്തന്നെ കാഴ്ച കു റവായതിനാൽ കൃത്യമായി വിശുദ്ധ ഖുർആൻ പഠിക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ, വിവാഹ ശേഷം മക്കളുടെ സഹായത്താൽ ഏതാനും ജു സൂകൾ മനഃപാഠമാക്കിയിരുന്നു. എം.ടി.എയിൽ വിശുദ്ധ ഖുർആൻ തിലാവത്ത് കേൾക്കുന്നതോ ടൊപ്പം എന്റെ ഖുത്ബകളും കൃത്യമായി ശ്രവി ച്ചിരുന്നു. യസ്സർനൽ ഖുർആൻ പ്രോഗ്രാമും കേൾക്കുമായിരുന്നു. അല്ലാഹുവിന്റെ അനുഗ്ര ഹത്താൽ മൂസിയ ആയിരുന്നു. സന്തപ്ത കു ടുംബാംഗങ്ങളിൽ 4 ആൺമക്കളും 2 പെൺ മക്കളുമുണ്ട്. ഒരു മകൻ ശഫീഖുർറഹ്മാൻ സാഹിബ് ന്യൂസിലാന്റിൽ മുബല്ലിഗ് ഇൻചാർ ജാകുന്നു. മറ്റൊരു മകൻ അതീഖുർറഹ്മാൻ ഇപ്പോൾ ഇവിടെ പി.എസ് ഒഫീസിൽ റിക്കാർ ഡിംഗ് സെക്ഷനിൽ ജോലിചെയ്യുന്നു. മിഷണറി ഇൻചാർജ് ആയ ശഫീഖുർറഹ്മാൻ സാഹി ബിന് മാതാവിന്റെ ജനാസയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. അവരെ ഇവിടെയാണ് ഖബറടക്കി യത്. അല്ലാഹു അദ്ദേഹത്തിനും സമാധാനവും സഹനവും നൽകുമാറാകട്ടെ. അല്ലാഹു പരേത യോട് കരുണയോടും മഗ്ഫിറത്തോടും കൂടി പെരുമാറാകട്ടെ. മക്കളെ അവരുടെ ദുആകളുടെ അവകാശികളാക്കട്ടെ.

നമസ്കാരത്തിനുശേഷം ഇവരുടെ ജനാസ നമസ്കരിക്കുന്നതാണ്. ഇൻശാഅല്ലാഹ്.

*വിവർത്തനം: എച്ച്.ശംസുദ്ദീൻ കാവശ്ശേരി.*
*ടൈപ്പ് സെറ്റിംഗ്: ഹാശിം അശ്റഫ് ആലപ്പുഴ*


Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin